# യൂണിറ്റി

സോഷ്യലിസ്റ്റ് യൂണിറ്റി സെന്റർ ഓഫ് ഇന്ത്യ (കമ്മ്യൂണിസ്റ്റ്)
SUCI [C]
സംസ്ഥാന കമ്മിറ്റി മുഖപത്രം
ചീഫ് എഡിറ്റർ: ജയ്സൺ ജോസഫ്

ജൂലൈ 2025 | വാല്യം 52 ലക്കം 3 — പേജ് 12 | വില ₹10.00

UNITY Monthly | July 2025 | Volume 52 Issue 3 | Chief Editor: JAISON JOSEPH | Page 12 | Price ₹10.00




ദേശീയ പൊതുപണിമുടക്ക് വിജയിപ്പിക്കുവാൻ ആഹ്വാനം ചെയ്തുകൊണ്ട് എഐയുറ്റിയുസിയുടെ നേതൃത്വത്തിൽ നടന്ന മദ്ധ്യമേഖല പ്രചാരണ ജാഥ, ക്യാപ്റ്റൻ വി.പി.കൊച്ചുമോന് പതാക കൈമാറിക്കൊണ്ട് എഐയുറ്റിയുസി അഖിലേന്ത്യ വർക്കിംഗ് കമ്മിറ്റിയംഗം എസ്.സീതിലാൽ ഉദ്ഘാടനം ചെയ്യുന്നു.

**കേന്ദ്ര ബിജെപി സർക്കാരിന്റെ തൊഴിലാളിവിരുദ്ധ ലേബർ കോഡുകൾക്കും, സ്ഥിരംതൊഴിൽ ഇല്ലാതാക്കുന്ന സർക്കാർ/പൊതുമേഖലയുടെ സ്വകാര്യവൽക്കരണത്തിനുമെതിരെ കേന്ദ്ര ട്രേഡ് യൂണിയനുകളുടെ സംയുക്ത വേദി ആഹ്വാനം ചെയ്ത**

## 2025 ജൂലായ് 9

# അഖിലേന്ത്യ പൊതുപണിമുടക്ക് വിജയിപ്പിക്കുക

**പ**ണിയെടുത്ത് ഉപജീവനം നടത്തുന്ന തൊഴിലാളിവർഗ്ഗത്തെ ബഹുരാഷ്ട്ര കുത്തകമുതലാളിമാരുടെ താല്പര്യാർത്ഥം അടിമത്തത്തിനു സമാനമായ തൊഴിൽ സാഹചര്യത്തിലേക്ക് കൂടുതൽ കൂടുതൽ തള്ളിവിടുകയാണ് കേന്ദ്ര ബിജെപി സർക്കാർ. രാജ്യത്തെ ട്രേഡ് യൂണിയനുകൾ ഒന്നടങ്കം എതിർത്തിട്ടും തൊഴിലാളിവിരുദ്ധമായ നാലു ലേബർ കോഡുകൾ സർക്കാർ നടപ്പിലാക്കുകയാണ്. അതുപോലെ വർഷംപ്രതി ആയിരക്കണക്കിന് സ്ഥിരം തൊഴിൽ പ്രദാനം ചെയ്തിരുന്ന റെയിൽവേ ഉൾപ്പെടെയുള്ള സർക്കാർ മേഖലകളും പൊതുമേഖലാ സ്ഥാപനങ്ങളും കുത്തകകൾക്ക് കൈമാറുന്നതിന്റെ ഭാഗമായി തൊഴിലവകാശങ്ങൾ ഇല്ലാത്ത ഹ്രസ്വകാല കരാർ തൊഴിൽ വ്യാപകമാക്കിയിരിക്കുന്നു. തൊഴിൽ സമയം വർദ്ധിപ്പിക്കുക, മിനിമം കൂലി ഇല്ലാതാക്കുക, പെൻഷൻ ഉൾപ്പെടെയുള്ള വിരമിക്കൽ ആനുകൂല്യങ്ങൾ നിഷേധിക്കുക, തൊഴിൽ അവ്യവസ്ഥാപിതമാക്കുക, സ്ത്രീ തൊഴിലാളികളെ കടുത്ത തൊഴിൽചൂഷണത്തിന് വിധേയമാക്കുക തുടങ്ങിയ നടപടികൾ സംഘടിത-അസംഘടിതമേഖല വ്യത്യാസമില്ലാതെ വ്യാപകമായി നടപ്പിലാക്കുകയാണ്.

(ശേഷം 2–ാം പേജിൽ)

# ഉറച്ച ചുവടുകളോടെ ആശാസമരം മുന്നോട്ട്

**ആ**ശാപ്രവർത്തകരുടെസമരം ആരംഭിച്ചിട്ട് അഞ്ച് മാസം പിന്നിടുകയാണ്. ഏറ്റവും ദൈർഘ്യമേറിയ തൊഴിലാളി സമരമായും സ്ത്രീകളുടെ സമരമായും കേരളത്തിന്റെ സമര ചരിത്രത്തിൽ ആശാ സമരം എഴുതി ചേർക്കപ്പെട്ടു കഴിഞ്ഞു. എണ്ണമറ്റ, വിവരിക്കാനാവാത്ത സഹനത്തിലൂടെയും ത്യാഗത്തിലൂടെയുമാണ് ഇത്രയും നാൾ സമരം മുന്നോട്ടു പോയത്. ഈ സഹനങ്ങളെല്ലാം ആശമാരെ കൂടുതൽ കരുത്തരാക്കി ഏത് പ്രതിസന്ധിയെയും അതിജീവിക്കാൻ പ്രാപ്തിയുള്ളവരാക്കി മാറ്റി.

തികച്ചും ന്യായമായ ഡിമാന്റുകൾ ഉന്നയിച്ചുകൊണ്ട് ആരംഭിച്ച ഈ സമരം അധികാരികളുടെയും ഭരണകക്ഷി നേതാക്കളുടെയും അവഗണനയെയും ആക്ഷേപങ്ങളെയും നേരിട്ടുകൊണ്ടാണ് മുന്നേറുന്നത്. തൊഴിലാളികളെന്നോ സ്ത്രീകളെന്നോ ഉള്ള യാതൊരു പരിഗണനയും ഇല്ലാതെ സമരക്കാരെ തെരുവിലിരുത്തി കൈകാര്യം ചെയ്യാമെന്ന സർക്കാരിന്റെ വ്യാമോഹം ഓരോ ദിവസവും പരാജയപ്പെടുകയാണ്. ആശാസമരം അഞ്ചുമാസം പിന്നിടുമ്പോൾ സാമൂഹ്യ-രാഷ്ട്രീയ-സാംസ്കാരിക രംഗത്തെ ധാരാളം വസ്തുതകൾ മനസ്സിലാക്കാൻ ആശമാർക്കും പൊതുസമൂഹത്തിനും സാധിച്ചിരിക്കുന്നു എന്നുള്ളതാണ് യാഥാർത്ഥ്യം. തീവ്രവലതു പക്ഷത്തേക്ക് ചാഞ്ഞിരിക്കുന്ന ഒരു ഗവൺമെന്റിന്റെ അങ്ങേയറ്റം പിന്തിരിപ്പനായ തൊഴിലാളി വിരുദ്ധ നടപടികൾ പൊതുസമൂഹം ഒന്നാകെ ചർച്ച ചെയ്യുവാൻ ഈ സമരം ഇടയാക്കിയിരിക്കുന്നു.



സെക്രട്ടേറിയറ്റ് നടയിലെ ആശാസമരപന്തലിൽ ആരംഭിച്ച ലൈബ്രറിയിലേയ്ക്ക് സ്റ്റാച്യുവിൽ ബുക്ക് സ്റ്റാൾ നടത്തുന്ന രമേശ്കുമാർ പുസ്തകം സംഭാവന ചെയ്യുന്നു.

ദരിദ്ര ജനവിഭാഗത്തിൽപ്പെടുന്ന ആശമാർക്ക് ഇതുവരെയും തങ്ങളുടെ ജീവിതാവസ്ഥ എന്താണെന്ന് തിരിഞ്ഞുനോക്കാൻ സാധിച്ചിരുന്നില്ല. എന്നാൽ ഇന്നി

(ശേഷം 2–ാം പേജിൽ)

## കോട്ടയം മെഡിക്കൽ കോളജിൽ കെട്ടിടം തകർന്നുവീണ് സ്ത്രീ മരിച്ച സംഭവം:

# ആരോഗ്യ വകുപ്പുമന്ത്രി വീണാ ജോർജ്ജ് രാജിവയ്ക്കുക

**കോ**ട്ടയം മെഡിക്കൽ കോളജിലെ പതിനാലാം വാർഡിനോടു ചേർന്നുള്ള ശുചിമുറി കെട്ടിടം ഇടിഞ്ഞുവീണ് വീട്ടമ്മ മരിക്കാനിടയായ സംഭവത്തിന്റെ ഉത്തരവാദിത്തമേറ്റെടുത്ത് ആരോഗ്യമന്ത്രി വീണാ ജോർജ്ജ് രാജിവയ്ക്കണമെന്ന് എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) സംസ്ഥാന സെക്രട്ടറി ജയ്സൺ ജോസഫ് ആവശ്യപ്പെട്ടു.

വസ്തുനിഷ്ഠമായി സ്ഥിതിഗതികൾ പരിശോധിക്കുകയും വിലയിരുത്തുകയും ചെയ്യാതെ, സ്വയം ന്യായീകരിക്കാനുള്ള വ്യഗ്രതയിൽ ആരോഗ്യ മന്ത്രി വീണാ ജോർജ്ജ് നടത്തിയ തെറ്റായ പ്രസ്താവനയാണ് രക്ഷാപ്രവർത്തനത്തിന് കാലതാമസം വരുത്തിയത്. അപകടസ്ഥലത്ത് എത്തിയമന്ത്രി തകർന്ന കെട്ടിടത്തിനടിയിൽ ആരെങ്കിലും പെട്ടുപോയിട്ടുണ്ടോ എന്ന് അന്വേഷിക്കുവാൻ ഉത്തരവിടുകയാണ് ആദ്യം ചെയ്യേണ്ടിയിരുന്നത്. അതിനു പകരം അവശിഷ്ടങ്ങൾക്കിടയിൽ ആരുമുണ്ടാകില്ലെന്ന സൂചന നൽകത്തക്ക വിധം കെട്ടിടം ഉപയോഗിക്കാതെ കിടക്കുന്നതാണെന്ന അവാസ്തവം മാധ്യമങ്ങളോട് പറഞ്ഞു. മാത്രമല്ല, പുതിയ കെട്ടിടം പണി പൂർത്തിയായി എന്നു പറഞ്ഞ് മുഖം രക്ഷിക്കാനും സ്വയം ന്യായീകരിക്കാനുമാണ് വ്യഗ്രത കാട്ടിയത്. മരിച്ച സ്ത്രീയുടെ ബന്ധുക്കൾ ആവർത്തിച്ച് പറഞ്ഞതിനു ശേഷമാണ് രക്ഷാപ്രവർത്തനം തുടങ്ങിയത്. അപ്പോഴേക്കും വിലപ്പെട്ട രണ്ടുമണിക്കൂറോളം പാഴായികഴിഞ്ഞിരുന്നു. മന്ത്രി വീണാ ജോർജ്ജിന്റെ നിരുത്തരവാദപരമായ സമീപനമാണ് ഒരു ജീവൻ നഷ്ടപ്പെടാനിടയാക്കിയത്.

പതിനാലാം വാർഡ് ഓർത്തോ, സർജറി വിഭാഗങ്ങൾ പ്രവർത്തിച്ചു പോരുന്ന വാർഡാണ്. നിരവധി രോഗികൾ നിലവിൽ ഇവിടെ അഡ്മിറ്റാണ്, പ്രവേശന വിലക്കുണ്ടായിരുന്നു എന്നു പറയുന്നത് വസ്തുതാവിരുദ്ധമാണ്. ആരോഗ്യ വകുപ്പ് മന്ത്രിയും മന്ത്രി വി.എൻ.വാസവനും നടത്തിയ പ്രസ്താവനകൾ സംഭവം ലഘൂകരിക്കാൻ നടത്തിയ ശ്രമത്തിന്റെ ഭാഗമാണ്. എട്ടു മാസത്തിലേറെയായി പണി തീർന്നു കിടന്നിട്ടും പുതിയ കെട്ടിടം തുറന്നു കൊടുക്കാത്തതും ദുരൂഹമാണ്.

നാലുദിവസം മുമ്പുമാത്രമാണ് തിരുവനന്തപുരം മെഡിക്കൽ കോളേജിലെ യൂറോളജി വകുപ്പ് മേധാവി ഡോ.ഹാരിസ് ചിറക്കൽ ഉപകരണക്ഷാമംമൂലം തുടർച്ചയായി സർജറി മാറ്റിവയ്ക്കേണ്ടിവരുന്ന ദുഃസ്ഥിതി കേരളത്തോട് വിളിച്ചുപറഞ്ഞത്. അതിപരിതാപകരമായ ഈ സാഹചര്യം തിരുവനന്തപുരത്തു മാത്രമല്ല, കേരളത്തിലെ എല്ലാ മെഡിക്കൽ കോളേജുകളും നേരിടുന്നുണ്ടെന്നത് ആർക്കും നിഷേധിക്കാനാവാത്ത വസ്തുതയാണ്. യാഥാർത്ഥ്യം വിളിച്ചുപറഞ്ഞ ഡോക്ടറെ ശിക്ഷിക്കുന്നതിനായി ആരോഗ്യവകുപ്പ് കോപ്പുകൂട്ടുമ്പോഴാണ് ആരോഗ്യ മേഖലയുടെ ദയനീയസ്ഥിതി വെളിവാക്കുന്ന അടുത്ത സംഭവം ഉണ്ടായിരിക്കുന്നത്.

ഈ മേഖലയിൽ തുടർച്ചയായി സംഭവിച്ചുകൊണ്ടിരിക്കുന്ന പ്രശ്നങ്ങളുടെ മുഖ്യകാരണം സർക്കാരിന്റെ നയങ്ങൾ തന്നെയാണ്. അതോടൊപ്പം മന്ത്രിയുടെ പിടിപ്പുകേടും പക്വതയില്ലായ്മയും പ്രശ്നങ്ങൾ സങ്കീർണ്ണമാക്കുകയാണെന്നും തൽസ്ഥാനത്ത് തുടരാൻ ആരോഗ്യമന്ത്രിക്ക് ധാർമ്മികമായി അവകാശമില്ലെന്നും ജയ്സൺ ജോസഫ് അഭിപ്രായപ്പെട്ടു. ■



ആരോഗ്യമന്ത്രിയുടെ രാജി ആവശ്യപ്പെട്ടുകൊണ്ട് എസ്‌യുസിഐ (കമ്മ്യൂണിസ്റ്റ്) ജില്ലാകമ്മിറ്റിയുടെ നേതൃത്വത്തിൽ കോട്ടയം മെഡിക്കൽ കോളജിലേയ്ക്ക് നടന്ന പ്രതിഷേധ പ്രകടനം.

## അഖിലേന്ത്യ പൊതുപണിമുടക്ക് വിജയിപ്പിക്കുക

(1-ാം പേജിൽ നിന്ന്)

കേരളം ഉൾപ്പെടെയുള്ള സംസ്ഥാന സർക്കാരുകളും കേന്ദ്രത്തിന്റെ ഈ നവലിബറൽ സാമ്പത്തിക-വ്യവസായ-തൊഴിൽ നയങ്ങളാണ് പിന്തുടരുന്നത്.

ഈ സാഹചര്യം, രാജ്യവ്യാപകമായി പണിയെടുത്തു ജീവിക്കുന്ന തൊഴിലാളികളുടെ ജീവിതം അങ്ങേയറ്റം ദുരിതത്തിലാക്കിയിരിക്കുകയാണ്. രാജ്യത്തെ ഒരു ചെറുന്യൂനപക്ഷം വരുന്ന കുത്തകകൾക്ക് ആഗോള തലത്തിൽ മത്സരശേഷി വർദ്ധിപ്പിക്കുവാൻവേണ്ടി മഹാ ഭൂരിപക്ഷംവരുന്ന അദ്ധ്വാനിച്ചു ജീവിക്കുന്ന തൊഴിലാളികളെ മുച്ചൂടും തകർക്കുന്ന കേന്ദ്ര സർക്കാർ നയ-നടപടികൾ പിൻവലിക്കണമെന്ന് ആവശ്യപ്പെട്ടാണ് കേന്ദ്ര ട്രേഡ് യൂണിയനുകളുടെയും സ്വതന്ത്ര സെക്ടറൽ ഫെഡറേഷൻ/അസോസിയേഷനുകളുടേയും സംയുക്തവേദിയുടെ ആഭിമുഖ്യത്തിൽ 2025 മാർച്ച് 18ന് ഡൽഹിയിൽ ചേർന്ന തൊഴിലാളികളുടെ ദേശീയ കൺവൻഷൻ 2025 മേയ് 20 ന് അഖിലേന്ത്യ പൊതു പണിമുടക്കിന് ആഹ്വാനം ചെയ്തിരുന്നത്. പണിമുടക്ക് വിജയിപ്പിക്കുവാൻ രാജ്യവ്യാപകമായ തയ്യാറെടുപ്പുകൾ യൂണിയനുകൾ നടത്തിക്കൊണ്ടിരുന്നതിനിടയിലാണ് പഹൽഗാമിൽ രാജ്യത്തെ നടുക്കിയ ഭീകരാക്രമണം നടന്നതും തുടർന്ന് ഇന്ത്യയും പാകിസ്ഥാനും തമ്മിൽ സൈനിക സംഘർഷങ്ങളുണ്ടായതും. ഈ സാഹചര്യത്തിലാണ് മേയ് 20 ന് നടത്തുവാനിരുന്ന അഖിലേന്ത്യ പൊതു പണിമുടക്ക് ജൂലൈ 9 ലേക്ക് മാറ്റിയത്.

പൊതുമേഖലകളുടേയും സർക്കാർ മേഖലകളുടേയും ആസ്തികൾ വിറ്റഴിച്ച് ധനസമാഹരണം നടത്തുന്ന പദ്ധതി (എൻഎംപി) ഉപേക്ഷിക്കുക, സാധാരണക്കാർക്ക് വൈദ്യുതി അന്യമാക്കുന്ന വൈദ്യുതി(ഭേദഗതി) ബിൽ 2023 പിൻവലിക്കുക, സ്മാർട്ട് മീറ്റർ പദ്ധതി ഉപേക്ഷിക്കുക, സർക്കാർ ജീവനക്കാർ ഒന്നടങ്കം എതിർക്കുന്ന പുതിയ പെൻഷൻ പദ്ധതിയും ഏകീകൃത പെൻഷൻ പദ്ധതിയും പിൻവലിച്ച് വിലസൂചികയുമായി ബന്ധപ്പെടുത്തിയ പഴയ പെൻഷൻ പദ്ധതി പുനഃസ്ഥാപിക്കുക, ആശ, അംഗനവാടി, ഉച്ച ഭക്ഷണം തുടങ്ങിയ സ്കീം തൊഴിലാളികളെ സർക്കാർ ജീവനക്കാരായി അംഗീകരിക്കുക; അതുവരെ മിനിമം കൂലി അവർക്ക് ഉറപ്പാക്കുക, നിർമ്മാണം, മത്സ്യ ബന്ധനം, മത്സ്യ സംസ്കരണം, ഗാർഹിക തൊഴിൽ, തയ്യൽ തുടങ്ങിയ അസംഘടിത മേഖലാ തൊഴിലാളികൾക്ക് തൊഴിൽ സുരക്ഷിതത്വവും പര്യാപ്തമായ സാമൂഹ്യക്ഷേമ പദ്ധതികളും നടപ്പിലാക്കുക, ഓൺലൈൻ പ്ലാറ്റ്ഫോം, ഗിഗ് തൊഴിലാളികൾക്ക് തൊഴിൽ നിയമങ്ങൾ ബാധകമാക്കുക തുടങ്ങിയ രാജ്യത്ത് പണിയെടുക്കുന്നവരുടെ ജീവൽപ്രധാനങ്ങളായ ആവശ്യങ്ങൾ ഉയർത്തിക്കൊണ്ടാണ് ദേശീയ കൺവൻഷൻ പണിമുടക്കിന് ആഹ്വാനം ചെയ്തിട്ടുള്ളത്.

അടിസ്ഥാന തൊഴിലവകാശങ്ങൾ നിയമപരമായി ഉറപ്പാക്കിയിരുന്ന 29 കേന്ദ്ര തൊഴിൽ നിയമങ്ങൾ റദ്ദാക്കിയാണ് നാലു ലേബർ കോഡുകൾ കേന്ദ്രം പാസ്സാക്കിയത്. 8 മണിക്കൂർ തൊഴിൽ സമയം, മിനിമം വേതനം, സാമൂഹിക സുരക്ഷ, തുല്യ ജോലിക്ക് തുല്യ വേതനം, ട്രേഡ് യൂണിയനിൽ സംഘടിക്കാനും പണിമുടക്ക് ഉൾപ്പെടെയുള്ള കൂട്ടായ വിലപേശൽ നടത്താനുമുള്ള അവകാശം തുടങ്ങിയവയെല്ലാം നിഷേധിക്കുന്നതാണ് ലേബർ കോഡുകൾ. തൊഴിൽ കരാർവൽക്കരണവും, പുറം തൊഴിൽ സമ്പ്രദായവും അതിവേഗതയിൽ വ്യാപകമാക്കുകയാണ്. ഹ്രസ്വകാല അല്ലെങ്കിൽ ഫിക്സഡ് ടേം എംപ്ലോയ്മെന്റ് എന്ന പുതിയ തൊഴിൽ സമ്പ്രദായം സ്ഥിരം തൊഴിലും തൊഴിലവകാശങ്ങളും ഇല്ലാതാക്കുകയാണ്. കോർപ്പറേറ്റുകൾക്കുവേണ്ടി മാത്രമുള്ള "ഈസ് ഓഫ് ഡൂയിങ് ബിസിനസ്സ്" എന്ന ലോകബാങ്ക് തത്വം നടപ്പാക്കിക്കൊണ്ടാണ് കേന്ദ്ര-സംസ്ഥാന സർക്കാരുകൾ ഇപ്പോൾ തൊഴിലാളികളുടെ മേൽ കടുത്ത ചൂഷണം നടത്തുന്നത്. ബിസിനസ്സ് പാർട്ണർമാർ എന്ന ഓമനപ്പേരിൽ കൊടിയ ചൂഷണത്തിന് വിധേയരാകുന്ന ലക്ഷക്കണക്കിന് വരുന്ന ഗിഗ്, പ്ലാറ്റ്ഫോം തൊഴിലാളികൾക്ക് അടിസ്ഥാന തൊഴിലാവകാശങ്ങൾ ഉറപ്പുവരുത്താൻ തൊഴിൽ നിയമങ്ങൾ ബാധകമാക്കണമെന്നതും ഈ പണിമുടക്കിന്റെ ഡിമാന്റാണ്.

ഇടതുപക്ഷ ജനാധിപത്യ മുന്നണി അധികാരത്തിലുള്ള നമ്മുടെ സംസ്ഥാനത്ത് വിവിധ തൊഴിൽ രംഗങ്ങളിൽ പണിയെടുക്കുന്ന തൊഴിലാളികളുടെ തൊഴിൽ സാഹചര്യങ്ങൾ ഇന്ത്യയിലെ പൊതു സാഹചര്യത്തിൽനിന്ന് ഒട്ടും വിഭിന്നമല്ല. കേന്ദ്ര ലേബർ കോഡുകൾക്ക് എതിരാണെന്ന് പെരുമ്പറ മുഴക്കുകയും അതേസമയം ലേബർ കോഡുകൾക്ക് സംസ്ഥാന ചട്ടങ്ങൾ രൂപീകരിക്കുകയും ചെയ്തിരിക്കുകയാണ് എൽഡിഎഫ് സർക്കാർ. 8 മണിക്കൂർ തൊഴിൽ സമയം എന്ന അവകാശത്തെപ്പോലും ഒരു പൊതുമേഖലയായ കെഎസ്ആർടിസിയിൽ അട്ടിമറിച്ചിരിക്കുകയാണ്. സിംഗിൾ ഡ്യൂട്ടി 8 മണിക്കൂറിൽനിന്നും 12 മണിക്കൂറാക്കി വർദ്ധിപ്പിച്ചിരിക്കുകയാണ്. കെഎസ്ആർടിസിക്കുള്ളിൽ സ്വകാര്യ കമ്പനി നടത്തുന്നതുപോലെയാണ് സ്വിഫ്റ്റ് പ്രവർത്തിപ്പിക്കുന്നത്. 715 രൂപ ദിവസ വേതനമല്ലാതെ മറ്റൊരു ആനുകൂല്യവും ഇല്ലാത്ത ഹ്രസ്വകാല കരാർ തൊഴിലാളികളെവച്ചാണ് അത് പ്രവർത്തിപ്പിക്കുന്നത്. ഈ സമ്പ്രദായം കെഎസ്ഇബിയിലും, കേരള വാട്ടർ അതോറിറ്റിയിലേക്കും വ്യാപിക്കുമെന്നാണ് പ്രഖ്യാപിച്ചിട്ടുള്ളത്.

തൊഴിലാളികൾക്കൂടി വിഹിതമടച്ചു പ്രവർത്തിക്കുന്ന വിവിധ ക്ഷേമനിധി ബോർഡുകളുടെ പ്രവർത്തനവും സർക്കാർ തകിടം മറിക്കുകയാണ്. പെൻഷനും മറ്റ് ആനുകൂല്യങ്ങളും വിതരണം ചെയ്യുന്നത് വർഷങ്ങളായി കടിശ്ശികയാണ്. ലേബർ കോഡിൽ നിർദ്ദേശിച്ച ക്ഷേമനിധി ബോർഡുകളുടെ ഏകീകരണം എന്നത് നടപ്പിലാക്കുന്ന തിരക്കിലാണ് സർക്കാർ.

ഓണറേറിയം വർധിപ്പിക്കുക, വിരമിക്കൽ ആനുകൂല്യം പ്രഖ്യാപിക്കുക, പെൻഷൻ അനുവദിക്കുക തുടങ്ങിയ ന്യായമായ ആവശ്യങ്ങൾ ഉയർത്തി ആശ വർക്കർമാർ കഴിഞ്ഞ അഞ്ചുമാസമായി തെരുവിൽ രാപകൽ സമരത്തിലാണ്. ലോക ശ്രദ്ധ പിടിച്ചു പറ്റിയ ഈ ഐതിഹാസിക സ്ത്രീതൊഴിലാളി സമരത്തെ എവ്വിധവും തകർക്കുവാനാണ് ഇടതുപക്ഷമെന്ന് മേനി നടിക്കുന്ന സംസ്ഥാന സർക്കാർ ശ്രമിക്കുന്നത്.

സോവിയറ്റ് യൂണിയനിൽ ഉണ്ടായിരുന്ന സോഷ്യലിസ്റ്റ് വ്യവസ്ഥയുടേയും സോവിയറ്റ് യൂണിയന്റെ നേതൃത്വത്തിൽ ഉണ്ടായിരുന്ന സോഷ്യലിസ്റ്റ് ചേരിയുടേയും തകർച്ചയെ തുടർന്നുണ്ടായ ലോകസാഹചര്യം മുതലെടുത്താണ് കൊടിയ ചൂഷണത്തിന്റെ പദ്ധതിയായ നവലിബറൽ സാമ്പത്തിക നയങ്ങൾ ഇന്ത്യ ഉൾപ്പെടെയുള്ള രാജ്യങ്ങളിൽ ആവിഷ്കരിച്ച് നടപ്പിലാക്കാൻ തുടങ്ങിയത്. പണിയെടുത്ത് ജീവിക്കുന്ന ജനങ്ങളുടെ ജീവിതത്തിൽ ഇതിനകം സർവ്വനാശം വിതച്ച ഈ നയങ്ങളെ ബിജെപിയുടെ മോദി സർക്കാർ ആക്രമണോത്സുകതയോടെയാണ് നടപ്പിലാക്കുന്നത്. ജീവിതോപാധിയായ തൊഴിലും, തൊഴിൽ - ട്രേഡ് യൂണിയൻ അവകാശങ്ങളുമെല്ലാം കവർന്നെടുത്ത് കുത്തകകൾക്ക് കാഴ്ചവെച്ചിരിക്കുന്നു. ലോകത്തെ അതിസമ്പന്നരുടെ പട്ടികയിലുള്ള കുത്തകകളുടെ സ്ഥാനം വീണ്ടും ഉയർത്തുന്നതിനുവേണ്ടി തൊഴിലാളി വർഗ്ഗത്തെ അടിമത്തത്തിനു സമാനമായ സാഹചര്യത്തിലേക്ക് തള്ളിവിടുന്ന ഈ നയനടപടികൾക്കെതിരെ വിശാലമായ സമരൈക്യം സ്ഥാപിച്ചുകൊണ്ട് നീണ്ടുനില്ക്കുന്ന ഒരു പോരാട്ടത്തിന്റെ ഭാഗമാണ് ജൂലൈ 9ന്റെ പൊതുപണിമുടക്ക്. പൊതുപണിമുടക്ക് വൻ വിജയമാക്കുവാൻ മുഴുവൻ തൊഴിലാളികളും രംഗത്തിറങ്ങണമെന്ന് അഭ്യർത്ഥിക്കുന്നു. ■

## ആശാ സമരം

(1-ാം പേജിൽ നിന്ന്)

പ്പോൾ ഈ സമരമുഖത്തിരുന്നുകൊണ്ട് തങ്ങളുടെ ഭൂതകാലം എത്ര ദയനീയമായിരുന്നു എന്ന് നോക്കിക്കാണുവാൻ അവർക്ക് സാധിക്കുന്നു. ഈ രംഗത്ത് എത്രമാത്രം അടിമയായിരുന്നു തങ്ങളെന്ന് തിരിച്ചറിയുന്നു. ഈ തിരിച്ചറിവാണ് അഞ്ചാം മാസത്തിലേക്ക് കടക്കുന്ന സമരമുഖത്തേക്ക് വീണ്ടും വീണ്ടും ആവേശത്തോടെ കടന്നുവരാൻ അവരെ പ്രേരിപ്പിക്കുന്നത്.

സെക്രട്ടേറിയറ്റിനുമുന്നിലെ സമരപന്തൽ ഇന്ന് കേവലമൊരു സമര കേന്ദ്രമല്ല. അതൊരു സമഗ്ര വളർച്ചയുടെയും വികാസത്തിന്റെയും കേന്ദ്രം കൂടിയായി മാറിക്കൊണ്ടിരിക്കുന്നു. അവരവരുടെ ജീവിത പ്രയാസങ്ങളെ മുൻനിർത്തി സമരമുഖത്തേക്കുവന്നവർ ഇന്ന് മറ്റുള്ളവരുടെ ജീവിതദുരിതങ്ങൾ മനസ്സിലാക്കാനും രാഷ്ട്രീയ നിലപാടുകളെ വിശകലനം ചെയ്യാനും ശേഷിയുള്ളവരായി മാറിക്കഴിഞ്ഞു. ചവിട്ടിയരയ്ക്കപ്പെടുന്നവർ തങ്ങൾ മാത്രമല്ലെന്ന യാഥാർത്ഥ്യവും കഷ്ടതയനുഭവിക്കുന്നവരുടെ യോജിച്ച പ്രക്ഷോഭങ്ങൾ അനിവാര്യമാണെന്നും തിരിച്ചറിഞ്ഞിരിക്കുന്നു. അതുകൊണ്ടുതന്നെ എത്തരം ബുദ്ധിമുട്ടുകളെ നേരിട്ടുകൊണ്ടും ഡിമാന്റുകൾ നേടിയെടുത്ത് വിജയം വരിക്കുന്നതുവരെ സമരം ചെയ്യാൻ ഇന്ന് ആശാ വർക്കർമാർ പ്രാപ്തരായിക്കഴിഞ്ഞു.

### സമരപന്തലിൽ ലൈബ്രറി സ്ഥാപിച്ചു

സമര പന്തലാകട്ടെ ഓരോ ദിവസവും വ്യത്യസ്തതയാർന്ന പ്രവർത്തനങ്ങളും പരിപാടികളുംകൊണ്ട് കൂടുതൽ സജീവമാകുന്നു. സമരത്തിന്റെ ആദ്യദിവസം മുതൽ തന്നെ കലാപ്രകടനങ്ങളുടെ വേദി കൂടിയായി സമര പന്തൽ മാറി. കലാരംഗത്ത് തങ്ങൾക്കുണ്ടായിരുന്ന ശേഷി പൊടി തട്ടിയെടുക്കാനും അവതരിപ്പിക്കാനും ആസ്വദിക്കുവാനും സമരകേന്ദ്രം വേദിയാകുന്നു.

സാമൂഹിക-സാംസ്കാരിക സാഹിത്യ മേഖലകളിലുള്ളവരുടെ സന്ദർശനം സമരവേദിക്ക് കൂടുതൽ കരുത്തും ആവേശവും പകർന്നുനൽകുന്നു. അതിന്റെ ഫലമായി ഒരു ലൈബ്രറി പന്തലിനുള്ളിൽതന്നെ സ്ഥാപിക്കുവാൻ സമരസമിതിക്ക് കഴിഞ്ഞു. ലൈബ്രറി എന്ന ആശയം രൂപപ്പെട്ട ഉടനെതന്നെ നിരവധി ആളുകൾ പുസ്തകങ്ങളുമായി സമരപ്പന്തിലേക്ക് വന്നുചേരുകയുണ്ടായി.അവർനൽകിയ പുസ്തകങ്ങൾകൊണ്ട് ആരംഭിച്ച സംരംഭം ഓരോ ദിവസവും കൂടുതൽ ആളുകൾ പുസ്തകങ്ങളുമായി എത്തിച്ചേരുന്ന ഇടമായി മാറി. രാവിലെതന്നെ സമരപ്പന്തലിൽ എത്തിച്ചേരുന്ന ആശമാർ മടങ്ങി പോകുന്നതിനുള്ളിൽ ഒരു പുസ്തകമെങ്കിലും വായിച്ചു തീർക്കാനുള്ള വ്യഗ്രതയും കാണിക്കുന്നുണ്ട്. ഇത് സമരമുഖത്തെ പുതിയൊരു കാഴ്ചയാണ്. ലൈബ്രറി നടത്തിക്കൊണ്ടുപോകാനുള്ള ഒരു സംവിധാനവും ഇതിനോടകം രൂപപ്പെടുത്തി കഴിഞ്ഞു. വൈകുന്നേരങ്ങളിൽ പുസ്തകചർച്ചയും സംഗീത നാടകപരിശീലനങ്ങളും വരും ദിവസങ്ങളിൽ സംഘടിപ്പിക്കും.

### സർക്കാരിന്റെ പഠന കമ്മിറ്റി

സമരത്തിന്റെ 53-ാം ദിവസം ആരോഗ്യമന്ത്രി വിളിച്ചുചേർത്ത ചർച്ചയിലാണ് ഒരു കമ്മിറ്റിയെവച്ച് 3 മാസംകൊണ്ട് പഠിച്ച് വേതന വർദ്ധനവ് ആലോചിക്കാമെന്ന അഭിപ്രായം ഗവൺമെന്റ് മുന്നോട്ടുവച്ചത്. സമരസമിതി ഒഴിച്ച് മറ്റെല്ലാ യൂണിയനുകളും ഈ നിർദ്ദേശത്തെ പിന്താങ്ങി. പണിയെടുക്കുന്നവർ ന്യായമായ കൂലി ആവശ്യപ്പെട്ടപ്പോൾ കമ്മിറ്റിയെവച്ച് പഠിക്കണമെന്ന അങ്ങേയറ്റം തൊഴിലാളിവിരുദ്ധ നിലപാട് സമരസമിതി തള്ളിക്കളഞ്ഞിരുന്നു.

സർക്കാരിന്റെ ആത്മാർത്ഥതയില്ലായ്മയായി അന്നു തന്നെ ഈ നടപടി ചൂണ്ടിക്കാണിക്കപ്പെട്ടിരുന്നു. എന്തായാലും ചർച്ച കഴിഞ്ഞ് ഒന്നര മാസക്കാലത്തിനു ശേഷം രൂപപ്പെട്ട കമ്മിറ്റി വിഷയം പഠിക്കാനായി 141-ാം ദിവസം സമരസമിതിയുടെ അഭിപ്രായങ്ങൾ ആരാഞ്ഞു. ആശാവർക്കർമാരെ ആരോഗ്യ വകുപ്പിൽ സ്ഥിരപ്പെടുത്തുന്നതുവരെ ഓണറേറിയം 21,000 രൂപയായി വർദ്ധിപ്പിക്കുക, യാതൊരു മാനദണ്ഡവുമില്ലാതെ എല്ലാമാസവും 5-ാം തീയതിക്കുള്ളിൽ വേതനം നൽകുക, 65 വയസ്സ് വിരമിക്കൽ പ്രായമായി നിശ്ചയിച്ചുകൊണ്ട് വിരമിക്കുന്നവർക്ക് 5ലക്ഷം രൂപയും പെൻഷനും ഉറപ്പാക്കുക എന്നതടക്കം 27 ഡിമാന്റുകൾ പഠന സമിതിക്കുമുന്നിൽ അവതരിപ്പിച്ചു. ആശമാരുടെ ജോലി സംബന്ധിച്ച് ഏകീകൃത സ്വഭാവം നിശ്ചയിച്ച് ഉത്തരവിറക്കണമെന്ന പ്രധാനപ്പെട്ട എല്ലാ ഡിമാന്റുകളും ഇതിൽ ഉൾപ്പെടുത്തി. സംസ്ഥാന ജനറൽ സെക്രട്ടറി എം.എ.ബിന്ദു, വൈസ് പ്രസിഡന്റുമാരായ കെ.പി.റോസമ്മ, ബിനി സുദർശനൻ എന്നിവർ പങ്കെടുത്ത തെളിവെടുപ്പിൽ ഡിമാന്റുകളെ സംബന്ധിച്ച വിശദമായ വാദങ്ങളും അവതരിപ്പിച്ചു.

### അഞ്ചാംഘട്ട പ്രക്ഷോഭം: സംസ്ഥാനത്തുടനീളം 1000 പ്രതിഷേധ സദസ്സ്

കേരള ആശ ഹെൽത്ത് വർക്കേഴ്സ് അസോസിയേഷന്റെ നേതൃത്വത്തിൽ സെക്രട്ടേറിയറ്റിനു മുന്നിൽ നടന്നുവരുന്ന സമരത്തിന്റെ അഞ്ചാം ഘട്ടം പ്രഖ്യാപിച്ചു. മെയ് 5ന് കാസർകോഡുനിന്ന് ആരംഭിച്ച് ജൂൺ 18ന് തിരുവനന്തപുരത്ത് സമാപിച്ച രാപകൽ സമര യാത്ര സംസ്ഥാനമെമ്പാടും പൊതു സമൂഹത്തിനും ആശ മാർക്കിടയിലും വലിയ ചലനം സൃഷ്ടിച്ചു. അതിന്റെ തുടർച്ചയെന്ന നിലയിൽ പഞ്ചായത്ത് തലത്തിൽ 1000 പ്രതിഷേധ സദസ്സ് ജൂലൈ -ആഗസ്റ്റ് മാസങ്ങളിൽ സംഘടിപ്പിക്കും. ആശാസമരസമിതിയും സമരത്തെ പിന്തുണക്കുന്നവരും ചേർന്നാണ് താഴെത്തലങ്ങളിൽ പ്രതിഷേധ സദസ്സ് സംഘടിപ്പിക്കുന്നത്. ഡിമാന്റുകൾ അംഗീകരിക്കുന്നതുവരെ സമരം തുടരുമെന്ന് സമരസമിതി സംസ്ഥാനകമ്മിറ്റി യോഗം ചേർന്ന് ഐകകണ്ഠ്യേന തീരുമാനിച്ചു. ■

# നിലമ്പൂർ ഉപതെരഞ്ഞെടുപ്പ് ഫലം സൂചിപ്പിക്കുന്ന രാഷ്ട്രീയ ദിശ എന്ത്?

**അഞ്ചുവർഷത്തേക്ക് തെരഞ്ഞെടുക്കപ്പെട്ട എൽഡിഎഫ് എംഎൽഎ പി.വി.അൻവർ രാജിവച്ച ഒഴിവിൽ വന്നതാണ് നിലമ്പൂർ തെരഞ്ഞെടുപ്പ്. ഇടതുരാഷ്ട്രീയത്തിന്റെ പ്രതിനിധിയാകാൻ വിദൂര യോഗ്യത പോലുമില്ലാത്ത ഒരാളെ, കഴിഞ്ഞ രണ്ട് നിയമസഭാ തെരഞ്ഞെടുപ്പിലും സ്ഥാനാർത്ഥിയാക്കി, അയാളുടെ പണത്തിന്റെ ബലത്തിൽ യുഡിഎഫിന്റെ കുത്തകമണ്ഡലം പിടിച്ചെടുക്കാൻ സിപിഐ(എം) നടത്തിയ നെറിവുകെട്ട പാർലമെന്ററി രാഷ്ട്രീയത്തിന്റെ സ്വഭാവികപരിണതിയായിരുന്നു ഈ ഉപതെരഞ്ഞെടുപ്പ്.**

**നാ**ല് വോട്ട് കിട്ടാനിടയുണ്ടെങ്കിൽ ബൂർഷ്വാ രാഷ്ട്രീയത്തിന്റെ എത്ര അഴുകിയ മുഖത്തെയും ആനയിക്കാനും ഇടതുരാഷ്ട്രീയത്തിന്റെ പ്രതിനിധിയായി ചിത്രീകരിക്കാനും ഒരു മടിയുമില്ലാത്ത സിപിഐ(എം)ന്റെ എല്ലാ സീമകളും ലംഘിക്കുന്ന അവസരവാദരാഷ്ട്രീയത്തിന്റെ സൃഷ്ടി മാത്രമായിരുന്ന നിലമ്പൂർ ഉപതെരഞ്ഞെടുപ്പ്. നിയമസഭാ കലാവധി അവസാനിക്കാൻ വെറും 10 മാസം മാത്രം അവശേഷിക്കേ, ഒരു ഉപതെരഞ്ഞെടുപ്പ് ജനങ്ങളുടെ ശിരസ്സിൽ അടിച്ചേൽപ്പിക്കപ്പെട്ടു. അതിന്റെ പ്രഥമ ഉത്തരവാദിത്തം സിപിഐ(എം) നയിക്കുന്ന എൽഡിഎഫിന തന്നെയാണ്.

എംഎൽഎ ആയിരുന്ന കാലയളവിൽ അൻവറിനെതിരെ ഉയർന്നുവന്ന, നിയമവിരുദ്ധമായി മിച്ചഭൂമി കൈവശം വച്ചതുൾപ്പെടെയുള്ള ഗുരുതരമായ ആരോപണങ്ങളിൽ സംരക്ഷണമൊരുക്കിയത് സിപിഐ(എം) ആയിരുന്നു. പിന്നീട് വഴിവിട്ട ഇടപാടുകളിലൂടെയുള്ള 'നേട്ടങ്ങളുടെ' വീതംവയ്പ്പിൽ ഉണ്ടായ തർക്കത്തിൽ പി.വി.അൻവർ, എംഎൽഎ സ്ഥാനം രാജി വയ്ക്കുകയുണ്ടായി. ഇടതു മുന്നണി സർക്കാരിനെതിരെ, പ്രത്യേകിച്ച് പിണറായി വിജയനെതിരെ വളരെ ഗുരുതരമായ ആരോപണങ്ങൾ ഉയർത്തിക്കൊണ്ടാണ് അൻവർ രാജിവച്ചത്. ഇടതു ഭരണത്തിനെതിരെയുള്ള ശക്തമായ ജനവികാരം മുതലെടുത്തു കൊണ്ട് സ്വയം പരിശുദ്ധനാകാൻ നടത്തിയ ശ്രമം മാത്രമായിരുന്നു അത്. രാജിവച്ച അൻവറും രാജി വാങ്ങിയ സിപിഐ(എം)ഉം ജനാധിപത്യരാഷ്ട്രീയ മഹിമയുടെ കണികപോലും പേറുന്നില്ല.

വീണ്ടും അൻവർ മാതൃകയിലുള്ള ഒരു സ്വതന്ത്രനെയോ പാലക്കാട് മാതൃകയിൽ ഒരു യുഡിഎഫ് വിമതനെയോ ആയിരുന്നു എൽഡിഎഫ് സ്ഥാനാർത്ഥിയാക്കാൻ കാത്തിരുന്നത്. ഒടുവിൽ യുഡിഎഫ് ക്യാമ്പ് ഏതാണ്ട് ഒറ്റക്കെട്ടായി ആര്യാടൻ ഷൗക്കത്തിനെസ്ഥാനാർത്ഥിയായിപ്രഖ്യാപിക്കുകയും അൻവർ വീണ്ടും സ്വതന്ത്രനായി മത്സര രംഗത്തിറങ്ങുകയും ചെയ്തതിനുശേഷം സിപിഐ(എം) സംസ്ഥാന സെക്രട്ടറിയേറ്റ് അംഗമായ എം.സ്വരാജിനെ വാഗ്മിയും വായനക്കാരനുമെന്നൊക്കെയുള്ള വിശേഷണങ്ങളോടെ എൽഡിഎഫ് സ്ഥാനാർത്ഥിയായി അവതരിപ്പിച്ചു.

പാർലമെന്റ് തെരഞ്ഞെടുപ്പിനുശേഷം സിപിഐ(എം) കുടിലബുദ്ധിയോടെ ആവിഷ്കരിച്ചിരിക്കുന്ന പ്രചാരണത്തിന്റെ കേന്ദ്രം ന്യൂനപക്ഷ വർഗ്ഗീയതക്കെതിരായ ശക്തിയായി സ്വയം അവതരിക്കുക എന്നതാണ്. ന്യൂനപക്ഷങ്ങളുടെ പേരിൽ പ്രവർത്തിക്കുന്ന സംഘടനകളെ മറ്റെല്ലാവരേക്കാളും അപകടകാരികളായി ചിത്രീകരിക്കുക എന്നതാണ്. മലപ്പുറം ജില്ല കള്ളക്കടത്തിന്റെയും കുറ്റകൃത്യങ്ങളുടെയും ഭീകരവാദ പ്രവർത്തനങ്ങളുടെയും ഹബ്ബായി മാറി എന്ന പിണറായി വിജയന്റെ കുപ്രസിദ്ധമായ പ്രസ്താവനയും ഹിന്ദു പത്രത്തിൽ പ്രസിദ്ധീകരിച്ച അഭിമുഖവും സിപിഐ(എം) നേതാക്കളുടെ പ്രസ്താവനകളും പി.ജയരാജൻ രചിച്ച പുസ്തകവും എല്ലാം ഒരേ അജണ്ടയുടെ വ്യത്യസ്ത വ്യാഖ്യാനങ്ങളാണ്. പ്രിയങ്ക ഗാന്ധിയുടെ തെരഞ്ഞെടുപ്പ് വിജയത്തിനുശേഷം സിപിഐ(എം) നടത്തിയ പ്രതികരണം, മതേതര നിലപാട് സ്വീകരിക്കുന്ന മുസ്ലീം വിഭാഗത്തിലെ ഭൂരിപക്ഷത്തെയും വർഗ്ഗീയവാദികളെന്ന മുദ്രകുത്തുന്നതായിരുന്നു. വടകര പാർലമെന്റ് മണ്ഡലത്തിൽ എൽഡിഎഫ് ബുദ്ധികേന്ദ്രങ്ങൾ വികസിപ്പിച്ച, ഗുരുതര പ്രത്യാഘാതങ്ങൾ സൃഷ്ടിക്കാനിടയു ണ്ടായിരുന്ന കാഫിർ സ്ക്രീൻ ഷോട്ടും ഈ ഗണത്തിൽപ്പെടുന്നതാണ്. സംഘപരിവാര ശക്തികളെ തോൽപ്പിക്കുംവിധം, മുസ്ലീംനാമം പേറുന്നതെന്തും വർഗ്ഗീയമാണെന്ന നിലയിലുള്ള പ്രചാരണത്തിന്റെ ലക്ഷ്യം വളരെ വ്യക്തമാണ്. ന്യൂനപക്ഷ വർഗ്ഗീതയുടെ പേരിൽ ഭീതിപടർത്തി, ഭൂരിപക്ഷ വർഗ്ഗീയ ചിന്താഗതിയെ ശക്തിപ്പെടുത്തി, ഒരു ധ്രുവീകരണം സൃഷ്ടിക്കുക എന്നതാണത്. ഇതിന്റെ തനിയാവർത്തനമായിരുന്നു നിലമ്പൂർ ഉപതെരഞ്ഞെടുപ്പിലും എൽഡിഎഫ് നിർവ്വഹിച്ചത്.

ജമാ-അത്തെ ഇസ്ലാമിയും അവരുടെ രാഷ്ട്രീയകക്ഷിയായ വെൽഫെയർ പാർട്ടിയും യുഡിഎഫിന് നൽകിയ പിന്തുണയെ ചൂണ്ടിക്കാട്ടി യുഡിഎഫ് വർഗ്ഗീയശക്തികളുമായി കൂട്ടുചേർന്നിരിക്കുന്നു എന്നതായിരുന്നു ഇടതുമുന്നണിയുടെ മുഖ്യപ്രചാരണം. 2019 വരെ ദശാബ്ദങ്ങളായി എൽഡിഎഫിനോടൊപ്പം നിന്ന ജമാ-അത്തെ ഇസ്ലാമി യുഡിഎഫിനെ പിന്തുണച്ചതോടെ മതരാഷ്ട്ര വാദികളായ തീവ്രവർഗീയ ശക്തിയായി മാറി. എൽഡിഎഫിനെ പിന്തുണയ്ക്കുമ്പോൾ മതേതരവും അവരെ എതിർക്കുമ്പോൾ വർഗ്ഗീയ ശക്തിയും! അപ്പോൾ ഇത് വർഗ്ഗീയതക്കെതിരായ പോരാട്ടമൊന്നുമല്ല എന്ന് പകൽ പോലെ വ്യക്തം. വോട്ട് രാഷ്ട്രീയത്തിന്റെ നിർലജ്ജമായ ലക്ഷ്യം മാത്രം. മുസ്ലിം ജനവിഭാഗത്തിലെ ഒരു ചെറു ന്യൂനപക്ഷത്തെ പ്രതിനിധാനം ചെയ്യുന്ന ജമാ-അത്തെ ഇസ്ലാമി കേരളത്തിലെ തെരഞ്ഞെടുപ്പ് ഫലത്തെ സ്വാധീനിക്കുന്ന ഒരു വമ്പൻ ശക്തി എന്ന് സ്ഥാനം ചാർത്തി കൊടുക്കുന്നതു വഴി സൃഷ്ടിക്കപ്പെടുന്ന ആഘാതമെന്തെന്നുപോലും ഗണിക്കുന്നില്ല. പിഡിപിയും ഒരു 'അഖില ഭാരത ഹിന്ദു മഹാസഭ'യും എൽഡിഎഫിന് പിന്തുണ പ്രഖ്യാപിച്ചു. പിഡിപിയാകട്ടെ പീഡിപ്പിക്കപ്പെടുന്നവരുടെ പ്രസ്ഥാനമാണെന്നും അതിനാൽ അവരെ ചേർത്തുപിടിക്കുന്നത് പുരോഗമനപരമെന്നും വ്യാഖ്യാനിക്കപ്പെട്ടു. ഹിന്ദുമഹാസഭയുടെ പിന്തുണ വേണ്ടെന്ന് പറഞ്ഞതുമില്ല. അങ്ങനെ തെരഞ്ഞെടുപ്പ് വേദിയിൽ നിരവധി ഹാസ്യപ്രഹസനങ്ങൾ നിറഞ്ഞാടി. സ്വന്തം പാളയത്തിലെ സമസ്ത, കാന്തപുരം തുടങ്ങിയ ബന്ധുക്കളെ നന്ദിപൂർവ്വം ചേർത്ത് പിടിക്കുകയും ചെയ്തു.

യുഡിഎഫിന്റെ വിജയത്തെ വർഗീയതയുടെയും മതരാഷ്ട്രവാദത്തിന്റെയും അപകടകരമായ വിജയം എന്ന് എൽഡിഎഫ് വിശേഷിപ്പിച്ചതും ഈ പ്രചാരണപദ്ധതിയുടെ ഭാഗമാണ്. നിലമ്പൂർ ജനതയുടെ സാമാന്യബുദ്ധിയെ ചോദ്യം ചെയ്യുന്ന ഒന്നായി അത് പരിണമിക്കുകയും ചെയ്തു.

ആർഎസ്എസിനോട് ചേർന്ന് തങ്ങൾ പ്രവർത്തിച്ചിട്ടുണ്ടെന്ന സംസ്ഥാന സെക്രട്ടറി എം.വി.ഗോവിന്ദന്റെ പ്രസ്താവന, ഇപ്പോൾ സിപിഐ(എം) കൈക്കൊണ്ടിട്ടുള്ള പ്രചാരവേലയോട് പൂർണ്ണമായും ഒത്തിണങ്ങുന്നതാണ്. അത് വെറും ചരിത്രം പറച്ചിലല്ല. നിന്ദ്യമായ വർഗ്ഗീയ കണക്കുകൂട്ടലോടെ നടത്തിയ കുടിലമായ രാഷ്ട്രീയ നീക്കമാണത്. ആർഎസ്എസ് തങ്ങൾക്ക് തൊട്ടുകൂടാത്തവരല്ല എന്ന് തെരഞ്ഞെടുപ്പ് കാലത്ത് പറയുന്നത് ആരെയാണ് ലക്ഷ്യം വയ്ക്കുന്നതെന്ന് ഏതൊരാൾക്കും മനസ്സിലാകും. ഇതിനൊക്കെശേഷവും അവർ വർഗ്ഗീയതക്കെതിരെ പോരാടുകയാണെന്ന് ജനങ്ങൾ മനസ്സിലാക്കണമത്രേ!




ആശാസമരത്തോടുള്ള സർക്കാരിന്റെ ജനാധിപത്യവിരുദ്ധമായ നിലപാടിനെതിരെ വിധിയെഴുതുവാനാവശ്യപ്പെട്ടുകൊണ്ട് കേരള ആശ ഹെൽത്ത് വർക്കേഴ്സ് അസോസിയേഷന്റെ നേതൃത്വത്തിൽ നിലമ്പൂരിൽ ആശമാർ നടത്തിയ പ്രചാരണം.

തെരഞ്ഞെടുപ്പിനുവേണ്ടി തരാതരംപോലെ ന്യൂനപക്ഷ, ഭൂരിപക്ഷ വർഗീയ സാധ്യതകൾ എടുത്ത് പ്രയോഗിക്കാൻ യാതൊരു സങ്കോചവുമില്ലാത്ത ഒരു പ്രസ്ഥാനമായി സിപിഐ(എം) മാറിയിരിക്കുന്നു. കേരളത്തിലെ ജനാധിപത്യ അന്തരീക്ഷത്തിൽ അപകടകരമായ അധഃപതനം ഉണ്ടാക്കുന്ന പ്രവണതയാണിതെന്ന് ഞങ്ങൾ നിരവധി സന്ദർഭങ്ങളിൽ ചൂണ്ടിക്കാട്ടിയിട്ടുള്ളതാണ്.

പിണറായി വിജയൻ നയിക്കുന്ന ഇടതുഭരണത്തിന്റെ ജനദ്രോഹനയങ്ങളും നടപടികളും തെരഞ്ഞെടുപ്പിന്റെ വേദിയിൽ ചർച്ചയാകാതിരിക്കാൻ സിപിഐ(എം)ന് കഠിനാദ്ധ്വാനം ചെയ്യേണ്ടി വന്നു. വർഗ്ഗീയതയെ കേന്ദ്രബിന്ദുവാക്കിയുള്ള തെരഞ്ഞെടുപ്പ് പ്രചാരണം ആവിഷ്കരിച്ചതുതന്നെ ജനകീയപ്രശ്നങ്ങളെ തമസ്കരിക്കാനുള്ള തന്ത്രമായിരുന്നു. വൈദ്യുതി കമ്പിയിൽ തട്ടി ഒരു ബാലൻ ദാരുണമായി മരണമടഞ്ഞ സംഭവം ഒരു തെരഞ്ഞെടുപ്പ് വിഷയമാക്കാൻ അപഹാസ്യമാംവിധം ശ്രമിച്ച് പരാജയപ്പെടുന്നത് കേരളം കണ്ടു. ജൂലൈ 20ന് ക്ഷേമ പെൻഷൻ കുടിശ്ശിക വിതരണ പ്രഖ്യാപനം നടത്തിയും ക്ഷേമപെൻഷനെ സംബന്ധിച്ച നട്ടാൽകുരുക്കാത്ത നുണകൾ പ്രചരിപ്പിച്ചും സ്വന്തം നില ഭദ്രമാക്കാൻ ശ്രമിച്ചു.

എന്നാൽ, ജനങ്ങൾ നേരിടുന്ന രൂക്ഷമായ ജീവിത പ്രതിസന്ധി വിധിയെഴുത്തിന്റെ മാനദണ്ഡമായി വരികതന്നെ ചെയ്തു. കഴിഞ്ഞ നാലുമാസത്തിലേറെ കാലമായി കേരളത്തെ പിടിച്ചുകുലുക്കിക്കൊണ്ടിരിക്കുന്ന ആശാ സമരത്തിന്റെ പ്രതിഫലനങ്ങൾ വലിയ തരംഗങ്ങളായി നിലമ്പൂരിൽ അലയടിച്ചു. സമരം ആരംഭിച്ചതിനു ശേഷം നടന്ന ആദ്യ തെരഞ്ഞെടുപ്പ് എന്ന നിലയിൽ ആശ സമരത്തോട് സർക്കാർ എടുത്ത നിലപാടിനോടുള്ള ഹിതപരിശോധന കൂടെയായിരുന്നു നിലമ്പൂർ തെരഞ്ഞെടുപ്പ്. കടുത്ത തൊഴിൽ ചൂഷണത്തിന് വിധേയമായിരിക്കുന്ന ദരിദ്ര, സ്ത്രീ വിഭാഗത്തിൽപ്പെട്ട ആശമാർ നടത്തുന്ന സമരത്തെയും സമര നേതൃത്വത്തെയും നികൃഷ്ടമായ പദപ്രയോഗങ്ങൾ വഴി അധിക്ഷേപിക്കുകയും സമരത്തെ തകർക്കാൻ ശ്രമിക്കുകയും ചെയ്ത സിപിഐ(എം)നും, അധിക്ഷേപ ആക്രമണങ്ങൾ രൂക്ഷമായ രീതിയിൽ അവതരിപ്പിക്കുകയും ചെയ്ത സ്ഥാനാർത്ഥിക്കുമെതിരെ നിലപാടെടുക്കുക എന്നത് അനിവാര്യമായ കടമയായിരുന്നു. കാസർഗോഡ് നിന്ന് ആരംഭിച്ച ആശമാരുടെ രാപകൽ സമര യാത്ര നിലമ്പൂരിൽ വലിയ ചലനങ്ങൾ ഉളവാക്കിക്കൊണ്ടാണ് കടന്നുപോയത്. ജൂൺ 12 മുതൽ കേരള ആശ ഹെൽത്ത് വർക്കേഴ്സ് അസോസിയേഷന്റെ സംസ്ഥാന വൈസ് പ്രസിഡന്റ് എസ്.മിനിയുടെ നേതൃത്വത്തിൽ നിലമ്പൂർ ഉള്ള ആശമാർ മണ്ഡലത്തിൽ വീടുവീടാന്തരം പ്രചാരണം നടത്തി. 'നിങ്ങളോട് സർക്കാർ കൈക്കൊള്ളുന്ന അനീതി ഞങ്ങൾക്കറിയാം' എന്നാണ് ജനങ്ങൾ വ്യാപകമായി പ്രതികരിച്ചത്. ആർക്കാണ് വോട്ട് ചെയ്യേണ്ടത് എന്ന് സംഘടന പറയുകയുണ്ടായില്ല എന്നതും ശ്രദ്ധേയമായി. അങ്ങനെ നിലമ്പൂരിൽ ബഹുഭൂരിപക്ഷവും സർക്കാരിന്റെ നിലപാടുകൾക്കെതിരെ പ്രതികരിച്ചു. എൽഡിഎഫ് സ്ഥാനാർത്ഥി വലിയ മാർജിനിൽ പരാജയപ്പെട്ടു. പരാജയത്തിൽ നിന്ന് യഥാർത്ഥ പാഠങ്ങൾ എടുക്കുവാനും അതിനൊത്ത് തങ്ങളുടെ ജനവിരുദ്ധ നയങ്ങൾ മാറ്റാനും തയ്യാറല്ല എന്ന പ്രഖ്യാപനമാണ് പരാജയകാരണങ്ങളെ പറ്റിയുള്ള എൽഡിഎഫിന്റെ വിലയിരുത്തലുകൾ കാണിക്കുന്നത്.

മുഖ്യമന്ത്രിയും ഒരു ഡസനിലധികം മന്ത്രിമാരും കക്ഷി നേതാക്കളും എംഎൽഎമാരും നിലമ്പൂരിൽ ക്യാമ്പ് ചെയ്തു. പഞ്ചായത്തടിസ്ഥാനത്തിൽ ഇവരൊക്കെ ചുമതലയേറ്റ് ഓരോ വോട്ടർമാരുടെയും മനസ്സിലിരിപ്പുവരെ പരിശോധിച്ചു നടത്തിയ ഈ തെരഞ്ഞെടുപ്പിൽ സർക്കാരിന്റെ ഭരണ നേട്ടത്തിനുള്ള വോട്ടെല്ലാം അൻവർ കൊണ്ടുപോയി എന്ന് പറയുന്നതിന്റെ യുക്തി അപാരം തന്നെ. അൻവറിന്റെ പ്രചാരണമാകെ പിണറായിക്കെതിരായ ആരോപണങ്ങളിലും ഊന്നിനിന്നായിരുന്നു എന്നത് കണക്കാക്കുമ്പോൾ യഥാർത്ഥത്തിൽ സർക്കാർ വിരുദ്ധ വോട്ടുകൾ ഏതാണ്ട് ഒരു ലക്ഷത്തോളമാണ്.

മണ്ഡലത്തിലെങ്ങും ഭരണവിരുദ്ധവികാരം ഇല്ലായിരുന്നു എന്നു പറയുന്ന അതേ ശ്വാസത്തിൽ തന്നെയാണ് ഭരണനേട്ടത്തിന്റെ വോട്ടുകൾ തങ്ങൾക്ക് കിട്ടിയില്ലെന്നും പറയുന്നത്. ബിജെപിക്കും എസ്ഡിപിഐക്കും മുൻകാലങ്ങളേക്കാൾ വോട്ട് കുറഞ്ഞുവെന്നും അതെല്ലാം യുഡിഎഫിന് ചോർത്തിക്കൊടുത്തു എന്നു പറയുന്നതും അവരൊക്കെ വലിയ രാഷ്ട്രീയശക്തികളാണെന്നും അവർക്ക് വൻതോതിൽ നിശ്ചിതമായ സ്ഥിരം വോട്ട് ഉണ്ടെന്നും സാക്ഷ്യപ്പെടുത്തുന്നതിന് തുല്യമാണ്. സർക്കാരിന്റെ ജനദ്രോഹ തൊഴിലാളിവിരുദ്ധ നയങ്ങൾ അന

(ശേഷം 4–ാം പേജിൽ)

# യുദ്ധം കലുഷമാക്കുന്ന ലോകസാഹചര്യം: വീറുറ്റ സമാധാന പ്രസ്ഥാനം കെട്ടിപ്പടുക്കുക

**യു**എസ് സാമ്രാജ്യത്വം പോറ്റിവളർത്തുന്ന മധ്യപൂർവ്വദേശത്തെ 'തെമ്മാടിരാഷ്ട്രം' എന്ന വിശേഷണം അന്വർത്ഥമാക്കുംവിധംമാണ് ഇസ്രയേൽ, ഇക്കഴിഞ്ഞ ജൂൺ 13ന് ഇറാന്റെ തന്ത്രപ്രധാനമായ മേഖലകളിൽ വ്യോമാക്രമണം നടത്തിയത്. ഇറാന്റെ പല മുൻനിര സൈനികനേതാക്കളെയും പത്തോളം ആണവശാസ്ത്രജ്ഞരെയും ഇസ്രയേൽ വധിച്ചു. മൂവായിരത്തോളം പൗരന്മാരെ കൊല്ലുകയോ പരിക്കേല്പിക്കുകയോ ചെയ്തിരിക്കുന്നു. ആണവായുധ നിർമ്മാണത്തിലേക്കു നയിക്കുന്ന വിധത്തിൽ ഇറാൻ സമ്പുഷ്ട യുറേനിയം സംസ്കരിച്ചെടുത്തെന്നും അതു തങ്ങളുടെ സുരക്ഷയ്ക്ക് അപകടമാണെന്നും അതിനാൽ തങ്ങൾക്ക് ഇറാനെ ആക്രമിക്കാൻ അധികാരമുണ്ടെന്നുമാണ് ആക്രമണത്തിനു ന്യായീകരണമായി ഇസ്രയേൽ അവകാശപ്പെട്ടത്. സ്വയരക്ഷയ്ക്കുള്ള ഇസ്രയേലിന്റെ അവകാശത്തെ തങ്ങളും അംഗീകരിക്കുന്നുവെന്ന് യുഎസ്എയും നാറ്റോ സഖ്യകക്ഷികളും പ്രഖ്യാപിച്ചു. തുടർന്ന് ജൂൺ 21ന് യുഎസ്എ തന്നെ, ഇറാന്റെ ആണവകേന്ദ്രങ്ങൾ സ്ഥിതിചെയ്യുന്നു എന്നു പറയപ്പെടുന്ന ഇടങ്ങളിൽ സകല അന്താരാഷ്ട്രമര്യാദകളെയും ലംഘിച്ചുകൊണ്ട് ബോംബാക്രമണം നടത്തി. നതാൻസ്, ഇസ്ഫഹാൻ, ഫോർദോ തുടങ്ങിയ ഭൂമിക്കടിയിലുള്ള ആണവോർജപരീക്ഷണകേന്ദ്രങ്ങളിൽ B2 പോർവിമാനങ്ങൾ വഴി 60 മീറ്ററോളം ആഴത്തിൽ നാശം വിതയ്ക്കാൻ കഴിവുള്ള ബോംബുകളാണ് അമേരിക്ക പ്രയോഗിച്ചത്. ഉണ്ടായേക്കാവുന്ന ആണവവികിരണച്ചോർച്ചയെക്കുറിച്ച് തരിമ്പും വേവലാതിയില്ലാതെ നടത്തിയ ഈ ആക്രമണം ലോകജനതയുടെ ജീവനെ എത്ര നിസ്സാരമായാണു സാമ്രാജ്യത്വയുദ്ധവെറിയന്മാർ കാണുന്നതെന്നു തെളിയിക്കുന്നു. ഇറാൻജനതയുടെ ശക്തമായ പിന്തുണയോടെ ഇറാൻ നടത്തിയ പ്രത്യാക്രമണത്തിലും ലോകമെമ്പാടും ഉയർന്ന പ്രതിഷേധത്തിലും ഭയന്നിട്ടാകണം ജൂൺ 24ന് ഇസ്രയേലും ഇറാനും തമ്മിൽ വെടിനിർത്തൽ നിലവിൽ വന്നതായി അമേരിക്കൻ പ്രസിഡണ്ട് ഡൊണാൾഡ് ട്രംപ് പ്രഖ്യാപിച്ചിരിക്കുന്നു. ഒരു യുദ്ധസാഹചര്യം താല്ക്കാലികമായിപ്പോലും ഇല്ലാതാകുന്നത് ആശ്വാസകരമാണെങ്കിലും ലോക സാമ്രാജ്യത്വശക്തികളുടെ ആന്തരികവൈരുദ്ധ്യങ്ങളും ലോകസമാധാനപ്രസ്ഥാനത്തിന്റെ ദൗർബ്ബല്യങ്ങളും നീണ്ടു നില്ക്കുന്ന ഒരു സമാധാനസാഹചര്യം ഉറപ്പാക്കുന്നില്ല. തുടർന്നുകൊണ്ടേയിരിക്കുന്ന ഒരു യാഥാർത്ഥ്യമായി യുദ്ധം നിലനിൽക്കുന്ന ഇന്നത്തെ അന്തർദ്ദേശീയസാഹപര്യത്തിൽ പ്രത്യേകിച്ചും.

മനുഷ്യജീവികളെന്ന പരിഗണന പോലുമില്ലാതെ, വംശഹത്യതന്നെ ലക്ഷ്യമാക്കി ഇസ്രയേൽ പതിറ്റാണ്ടുകളായി നടത്തുന്ന കൊടിയ ആക്രമണങ്ങൾക്കും നീതിനിഷേധങ്ങൾക്കുമൊടുവിലാണ് ഗതികെട്ട അവസ്ഥയിൽ 2023 ഒക്ടോബർ 7ന് ഇസ്രയേലിനുള്ളിലേക്കു കടന്നുകയറി പലസ്തീന്റെ പോരാട്ടവിഭാഗമായ ഹമാസ് പ്രത്യാക്രമണം നടത്തിയത്. ഇസ്രയേൽ സൈന്യശേഷിയെ അപേക്ഷിച്ച് എത്രയോ ദുർബ്ബലമായ ഹമാസിന്റെ നീക്കം ഇസ്രയേൽ ഇന്റലിജൻസ് അറിഞ്ഞിട്ടും അവരെ സ്വന്തം രാജ്യത്തേക്കു കടത്തിവിടുകയായിരുന്നു എന്ന് പിന്നീട് മാധ്യമങ്ങൾ അഭിപ്രായപ്പെട്ടിട്ടുണ്ട്. ഒരു ജനത എന്ന നിലയിലും മനുഷ്യവംശത്തിലെ അംഗങ്ങളെന്ന നിലയിലും നിലനില്പിനായി പ്രത്യാക്രമണം നടത്താനുള്ള പലസ്തീൻ ജനതയുടെ അവകാശത്തെ ഈ ഘട്ടത്തിൽ ഒരു സാമ്രാജ്യത്വശക്തിയും പരിഗണിച്ചില്ല. തുടർന്ന് മനുഷ്യസമൂഹം ഇന്നേവരെ കണ്ടതിൽ വച്ചേറ്റവും ക്രൂരമായ വംശഹത്യയാണ് ഇസ്രയേൽ പലസ്തീനിൽ നടത്തിക്കൊണ്ടിരിക്കുന്നത്. വടക്കൻ ഗാസയിൽ സ്കൂളുകൾ, ആശുപത്രികൾ, ദുരിതാശ്വാസ കേന്ദ്രങ്ങൾ തുടങ്ങിയവയൊന്നും ഭൂമിക്കുമുകളിൽ നിലനില്ക്കുന്നില്ല ഇപ്പോൾ. അൽ അസർ യൂണിവേഴ്സിറ്റി, പുരാതന ദേവാലയങ്ങൾ ഇവയെല്ലാം തകർക്കപ്പെട്ടിരിക്കുന്നു. നൂറുകണക്കിനു കലാപ്രവർത്തകർ, മാധ്യമപ്രവർത്തകർ, ബുദ്ധിജീവികൾ തുടങ്ങിയവർ വെടിയേറ്റു വീണിരിക്കുന്നു. ഭക്ഷണവും മരുന്നുമായെത്തുന്ന വിദേശ സന്നദ്ധപ്രവർത്തകരെയും കൊന്നൊടുക്കുന്നു. 1948ലെ യുഎൻ വംശഹത്യാകൺവൻഷൻ ആർട്ടികൾ രണ്ട് വംശഹത്യയെ നിർവ്വചിക്കുന്നത് "ദേശീയമോ വംശീയമോ ഗോത്രപരമോ മതപരമോ ആയ ഒരു വിഭാഗം ജനങ്ങളെ, ഭാഗികമായോ പൂർണ്ണമായോ നശിപ്പിക്കാനുള്ള പ്രവർത്തനങ്ങളെ'ന്നാണ്. അതെ, സമ്പൂർണ്ണമായ വംശഹത്യയാണ് ഗാസയിൽ നടന്നുകൊണ്ടിരിക്കുന്നത്.

പശ്ചിമേഷ്യയിൽ അമേരിക്കയ്ക്കു കീഴടങ്ങാതെ നിലകൊള്ളുന്ന ഇറാന്റെ തന്ത്രപ്രധാനമായ സ്ഥാനവും പലസ്തീൻ പോരാളികളെ ഇറാൻ സഹായിക്കുന്നു എന്ന ഇസ്രയേൽ ആരോപണങ്ങളും ഇറാനെ അമേരിക്കയുടെ കണ്ണിലെ കരടാക്കിയിട്ടുണ്ട്.

ഇറാൻ ആണവായുധങ്ങൾ കരസ്ഥമാക്കാൻ പോകുന്നു എന്ന ഭീതിയുണർത്തിയാണ് ആറു രാജ്യങ്ങൾ ചേർന്ന് 2015ൽ ഇറാനുമായി JCPOA (ജോയിന്റ് കോമ്പ്രിഹെൻസീവ് പ്ലാൻ ഓഫ് ആക്ഷൻ) എന്ന പേരിൽ ഒരു ആണവായുധ നിരോധനകരാർ നിലനിൽവന്നത്. ആണവായുധനിർമ്മാണത്തിലേക്കു പോകുന്നതിൽനിന്ന് ഇറാനെ തടയുന്ന കരാർ, പകരമായി അവരുടെമേലുണ്ടായിരുന്ന നിരവധി വ്യാപാര നിരോധനങ്ങൾ എടുത്തുകളയുകയും ചെയ്തു. എന്നാൽ ഡൊണാൾഡ് ട്രംപ് അധികാരത്തിലെത്തിയതോടെ 2018ൽ അമേരിക്ക ഈ കരാറിൽനിന്നു ഏകപക്ഷീയമായി പിന്മാറുകയും കരാർ അസാധുവാക്കുകയും ചെയ്തു. തുടർന്ന് വീണ്ടും ഇറാൻ ആണവായുധനിർമ്മാണം ലക്ഷ്യമാക്കി സമ്പുഷ്ടയുറേനിയം നിർമ്മിച്ചെടുക്കുന്നു എന്ന് ഇസ്രയേൽ ആരോപിക്കുകയും ഇറാനെതിരെ പല തലത്തിലും ആക്രമണങ്ങൾ നടത്തുകയും ചെയ്തിട്ടുണ്ട്. 2024 ഏപ്രിലിൽ സിറിയയിലെ ഡമാസ്കസിൽ ഇറാനിയൻ കോൺസുലേറ്റ് ആക്രമിച്ച് ഇറാൻ നയതന്ത്ര ഉദ്യോഗസ്ഥരെ ഇസ്രയേൽ വധിച്ചു. ഈസംഘർഷസാഹചര്യംതുടരുന്നതിനിടയിലാണ് 2025 ജൂൺ 12ന് അമേരിക്ക, യു.കെ, ഫ്രാൻസ്, ജർമ്മനി എന്നീ രാജ്യങ്ങൾ തയ്യാറാക്കിയ ഒരു പ്രമേയം അന്താരാഷ്ട്ര ആണവോർജ്ജ ഏജൻസി അംഗീകരിക്കുന്നത്. തങ്ങളുടെ ആണവ ഉത്തരവാദിത്തങ്ങൾ ഇറാൻ പാലിക്കുന്നില്ല എന്നതായിരുന്നു ആ പ്രമേയം. ഇതൊരവസരമായെടുത്ത് ഇസ്രയേൽ ജൂൺ 13ന് ഒരു പ്രകോപനവും കൂടാതെ ഇറാനെ ആക്രമിച്ചത് അമേരിക്കയുടെ നിർദ്ദേശത്തോടെയും പിന്തുണയോടെയും ആണെന്ന് വ്യക്തം. അതു സ്ഥാപിക്കുന്ന വിധത്തിൽ ജൂൺ 21ന് അമേരിക്ക മേൽ സൂചിപ്പിച്ചതുപോലെ ഇറാൻ ആണവകേന്ദ്രങ്ങൾക്കുനേരേ ബോംബാക്രമണം നടത്തുകയും ചെയ്തു. യുദ്ധത്തിലോ അന്തർദ്ദേശീയവ്യാപാരത്തിലോ താല്പര്യമോ പങ്കോ ഇല്ലാത്ത സാധാരണ ജനങ്ങളാണ് ഈ യുദ്ധങ്ങളിലെല്ലാം പിടഞ്ഞുവീണു മരിക്കുന്നത് എന്നത് ഈ യുദ്ധവെറിയൻ ഭരണാധികാരികളുടെ പരിഗണനയേ അല്ല.

അന്തർദ്ദേശീയരംഗത്ത് ഇവയൊന്നും ഒറ്റപ്പെട്ട സംഭവങ്ങളല്ല. 2022 ഫെബ്രുവരിയിലാരംഭിച്ച റഷ്യ-യുക്രൈൻ യുദ്ധം ഒരു തടസ്സവും കൂടാതെ തുടരുന്നു. ഈ യുദ്ധത്തിനുപിന്നിലെ സാമ്രാജ്യത്വ താല്പര്യങ്ങളെക്കുറിച്ച് പല തവണ യൂണിറ്റി വിശദീകരിച്ചിട്ടുണ്ട്. ആഫ്രിക്കയിലെ പല രാജ്യങ്ങളും പ്രാദേശികയുദ്ധങ്ങളുടെ ഇടയിലാണ്. ഭരണകൂടത്തോളം വളർന്ന സൈനിക ഗ്രൂപ്പുകളുടെ പിടിയിലാണ് ജനജീവിതം. വിലപിടിപ്പുള്ള ധാതുശേഖരമുള്ള ഡമോക്രാറ്റിക് റിപ്പബ്ലിക് ഓഫ് കോംഗോയുമായി റുവാണ്ട, ഉഗാണ്ട തുടങ്ങിയ അയൽരാജ്യങ്ങളും സൈനികസംഘങ്ങളും യുദ്ധത്തിലാണ്. പട്ടിണിയിലും നിത്യദാരിദ്ര്യത്തിലും കഴിയുന്ന ആഫ്രിക്കൻജനതയുടെ മേലാണ് യുദ്ധത്തിന്റെയും കെടുതികൾ വന്നു പതിക്കുന്നത്.

സംഘർഷഭരിതമായ അതിർത്തി പങ്കിടുന്ന ഇന്ത്യയും പാകിസ്ഥാനും ഈ ജൂൺ മാസത്തിലാണ് ഒരു യുദ്ധസമാനമായ സാഹചര്യത്തിലേക്കെത്തിയത്. പഹൽഗാമിലെ ഭീകരവാദ ആക്രമണം നടത്തിയവരെ ഇതേവരെ കണ്ടെത്തിയില്ലെങ്കിലും പാകിസ്ഥാനിലെ ഭീകരകേന്ദ്രങ്ങളെന്ന് പറയുന്ന സ്ഥലങ്ങളിൽ ഇന്ത്യ വ്യോമാക്രമണം നടത്തി. ഇരുരാജ്യങ്ങളിലെയും ജനങ്ങളുയർത്തിയ സമ്മർദ്ദത്തിൽ ഈ സംഘർഷം ഉയർന്ന ഘട്ടത്തിലേക്കെത്താതെ വഴിമാറി. ചുരുക്കത്തിൽ, ലോകത്തെല്ലായിടത്തും യുദ്ധമോ യുദ്ധസമാനമായ സംഘർഷങ്ങളോ ജനജീവിതത്തിന്റെ സ്വൈര്യം കെടുത്തിക്കൊണ്ടിരിക്കുകയാണ്. അതതു സ്ഥലങ്ങളിലെ ഭരണാധികാരികളുടെ എന്തെങ്കിലും സ്വഭാവസവിശേഷതയാണ് യുദ്ധസംഘർഷം സൃഷ്ടിക്കുന്നത് എന്നതല്ല യാഥാർത്ഥ്യം. മുതലാളിത്തത്തിന്റെ ചൂഷണവാഴ്ച്ച മുന്നോ

(ശേഷം 5–ാം പേജിൽ)

## നിലമ്പൂർ ഉപതെരഞ്ഞെടുപ്പ്

(3–ാം പേജിൽ നിന്ന്)

ഭവിക്കുന്ന സാധാരണ ജനങ്ങൾ പൊറുതിമുട്ടിയിരിക്കുകയാണെന്നത് ഉൾക്കൊള്ളാനാവാത്ത വിധം ജനങ്ങളുമായുള്ള ഇഴയടുപ്പം നഷ്ടപ്പെട്ട് പോയെന്നല്ലേ കരുതേണ്ടത്? വികസനം എന്ന പേരിൽ മൂലധന ശക്തികളെ പോഷിപ്പിക്കാനെടുക്കുന്ന നടപടികൾവഴി സാധാരണ മനുഷ്യരുടെ തൊഴിലും കൂലിയും കുറയുകയാണെന്നതും അത് സാമൂഹിക അരക്ഷിതാവസ്ഥ വർദ്ധിപ്പിക്കുകയാണെന്നതും ഓരോ മനുഷ്യനും അനുഭവവേദ്യമാണ്. കൂടാതെ കർഷകർ ഉൾപ്പെടെയുള്ള മലയോര ജനതയുടെ സ്വസ്ഥജീവിതം തകർത്തിരിക്കുകയാണ്. വന്യജീവി ആക്രമണങ്ങളുടെ യുദ്ധസമാനമായ കെടുതികളാണ് അവർ നേരിടുന്നത്. രക്ഷിക്കാൻ ആരുമില്ലാത്ത അവസ്ഥ. പ്രശ്നത്തെ കേന്ദ്ര-സംസ്ഥാന തർക്കങ്ങളിൽ കുടുക്കിയിടാനാണ് സർക്കാർ തുനിയുന്നത്. കേരള സർക്കാരിന്റെ പിടിപ്പുകേടാണ് ഈ വിഷയത്തിൽ വെളിപ്പെടുന്നത്. ഇക്കാര്യത്തിൽ നിലമ്പൂരിലെ ജനങ്ങൾക്കുള്ള രോഷം തെരഞ്ഞെടുപ്പിൽ അവർ പ്രകടിപ്പിക്കുക തന്നെ ചെയ്തു.

സ്വന്തം പ്രയത്നത്തിലൂടെ വളർത്തിയെടുത്തവയെല്ലെങ്കിലും സമൂഹത്തിലെ ജനാധിപത്യ ശക്തികൾ പടുത്തുയർത്തുന്ന ന്യായമായ ജനകീയസമരങ്ങളുടെ പക്ഷത്ത് നിലയുറപ്പിച്ചുകൊണ്ട് അവയെ രാഷ്ട്രീയമായി പ്രയോജനപ്പെടുത്താൻ കഴിഞ്ഞ മൂന്നുനാല് പതിറ്റാണ്ടായി യുഡിഎഫ് ശ്രമിച്ചുകൊണ്ടിരിക്കുകയാണ്. കഴിഞ്ഞ ഉപതെരഞ്ഞെടുപ്പുകളിലെല്ലാം അത്തരം നീക്കങ്ങൾ യുഡിഎഫിന്റെ ഭാഗത്തുനിന്നുണ്ടായി. നിലമ്പൂർ ഉപതെരഞ്ഞെടുപ്പിലും അതു വളരെ പ്രകടമായിരുന്നു. യുഡിഎഫിന്റെ വിജയത്തിൽ നിശ്ചയമായും അത് ഒരുപങ്ക് നിറവേറ്റിയിട്ടുണ്ട്. എന്നാൽ യുഡിഎഫ് പൊതുവിലും കോൺഗ്രസ്സ് വിശേഷിച്ചും പ്രതിനിധാനം ചെയ്യുന്ന സാമ്പത്തിക-ഭരണനയങ്ങൾക്ക് എതിരായവയാണ് ഈ ജനകീയസമരങ്ങളെന്നു ജനങ്ങൾ തിരിച്ചറിയുകതന്നെ വേണം. മൂലധന നിക്ഷേപത്തിന് വഴിതുറന്നാലേ വികസനം സാധ്യമാകൂ എന്ന ആഗോളവൽക്കരനയത്തിന്റെ പിതാവ് കോൺഗ്രസ്സാണെന്നത് ഒരു നിമിഷനേരത്തേക്കുപോലും ജനങ്ങൾ വിസ്മരിക്കരുത്. സന്ദർഭവശാൽപ്രതിപക്ഷത്തായിരിക്കുന്നതുകൊണ്ടു മാത്രമാണ് കോൺഗ്രസ്സ് നയിക്കുന്ന യുഡിഎഫ് ഈ ജനസമരങ്ങളുടെ ചേരിയിയോടൊപ്പം നിലകൊള്ളുന്നതെന്ന് മനസ്സിലാക്കിയാൽ മാത്രമേ നാളെ യുഡിഎഫ് അധികാരത്തിലെത്തി, ഇതേ നയങ്ങളുടെ നടത്തിപ്പുകാരാകുമ്പോൾ ജനസമരങ്ങളെ കൂടുതൽ ശക്തിപ്പെടുത്താനാകൂ.

തെരഞ്ഞെടുപ്പ് പരാജയം പരിശോധിച്ച് ആവശ്യമായ തിരുത്തലുകൾ വരുത്തി മുന്നോട്ടുപോകും എന്ന് പതിവുപോലെ സിപിഐ (എം) സംസ്ഥാന കമ്മിറ്റി പ്രഖ്യാപിച്ചിട്ടുണ്ട്. എങ്ങനെയാവും അവർ തിരുത്തുകയെന്നത് മുൻകാല അനുഭവങ്ങളിൽ നിന്ന് മനസ്സിലാക്കാവുന്നതേയുള്ളൂ. തെരഞ്ഞെടുപ്പ്-വോട്ട്-അധികാരം-മൂലധനസേവ എന്നതിനപ്പുറം യാതൊരു അജണ്ടയുമില്ലാത്ത, അടിമുടി സോഷ്യൽ ഡെമോക്രാറ്റിക് ശക്തിയായ സിപിഐ(എം)ൽ നിന്ന് തൊഴിലാളി വർഗ്ഗത്തിന് അനുകൂലമായ അടിസ്ഥാനപരമായ മാറ്റം പ്രതീക്ഷിക്കാനാവില്ല. കൂടുതൽ വോട്ട് കിട്ടാനുതകുന്ന കുതന്ത്രങ്ങളും സാമുദായിക സമവായങ്ങളുമായിരിക്കും അവർ തേടുക. മൂലധനശക്തികൾക്ക് പ്രിയപ്പെട്ടവർ ആയിരിക്കുക എന്നതാണ മാർഗ്ഗദർശക തത്വം. തെരഞ്ഞെടുപ്പ് നടക്കുമ്പോൾ ജനരോഷത്തെ തണുപ്പിക്കാനും താൽക്കാലിക ആനുകൂല്യ പ്രഖ്യാപനങ്ങളും ഉണ്ടാകും. പഞ്ചായത്തിലേക്കും നിയമസഭയിലേക്കുമുള്ള തെരഞ്ഞെടുപ്പുകൾ പടിവാതിൽക്കൽ എത്തിനിൽക്കുമ്പോൾ, അതിലൂടെ ജനജീവിതത്തിന്റെ അടിസ്ഥാന പ്രശ്നങ്ങൾക്കൊന്നും പരിഹാരമുണ്ടാവില്ല എന്നത് ഉറപ്പാണ്. കെടാതെ കത്തുന്ന ആശാസമര മാതൃകയിൽ തൊഴിലാളി, ബഹുജന പ്രക്ഷോഭണങ്ങളും അതിന്റെ സമ്മർദ്ദത്തിലൂടെ ഭരണാധികാരികളെ ജനാഭിലാഷത്തിനു മുന്നിൽ വഴങ്ങാൻ നിർബന്ധിതമാക്കുകയും ചെയ്യുക എന്ന മാർഗമാണ് മുന്നിലുള്ളത്. ■

# വമ്പൻ ആണവായുധ ശേഖരമുള്ള അമേരിക്കയും ഇസ്രയേലും ആണവ പരീക്ഷണത്തിന്റെ പേരിൽ ഇറാനെ ആക്രമിക്കുന്നു

*(4-ാം പേജിൽ നിന്ന്)*

ട്ടു പോകുന്നതനുസരിച്ച് അതിന്റെ വിപണി താൽപ്പര്യങ്ങൾ തമ്മിലുള്ള സംഘർഷങ്ങൾ സൃഷ്ടിക്കുന്നതാണ് യുദ്ധം. വിശേഷിച്ച്, സാമ്രാജ്യത്വയുദ്ധം. 'സാമ്രാജ്യത്വം അനിവാര്യമായും യുദ്ധം സൃഷ്ടിക്കുന്നു' എന്ന ലെനിന്റെ പാഠം ഇവിടെയോർക്കാം.

'സ്വതന്ത്രമത്സരത്തിന്റെ' സുവർണ്ണ കാലത്തായിരുന്ന 19-ാം നൂറ്റാണ്ടിൽ മുതലാളിത്തം വളർന്നത്. മനുഷ്യരാശി അന്നേവരെ കണ്ടതിൽ വച്ചേറ്റവും ക്രൂരമായ ചൂഷണത്തിലൂടെ മുതലാളിത്തം എങ്ങനെ 'മൂലധനം' സ്വരൂപിച്ചുവെന്നും അത് പിന്നീട് സാമൂഹിക ജീവിതത്തിൽ ചൂഷണോപാധിയായി ആധിപത്യം സ്ഥാപിച്ചുവെന്നും അസാമാന്യതെളിമയോടെ മാർക്സ് സ്ഥാപിച്ചു. 19-ാംനൂറ്റാണ്ടിന്റെ അവസാനത്തോടെ നടന്ന കുത്തകകളുടെ രൂപീകരണം സ്വതന്ത്രമത്സരത്തെ വിഴുങ്ങിക്കൊണ്ട് വിപണിയുടെ വെട്ടിപ്പിടുത്തം ആരംഭിച്ചിരുന്നു.

എന്നാൽ ഇരുപതാംനൂറ്റാണ്ടിന്റെ തുടക്കത്തോടെ വർദ്ധിതമായി ഉയർന്നുവന്ന കുത്തകകളുടെ സാന്നിദ്ധ്യം മുതലാളിത്ത ചൂഷണത്തെ എങ്ങനെ പുതിയ ഘട്ടത്തിലേക്കെത്തിച്ചുവെന്ന് വിശദീകരിച്ചതും ഈ പുതിയ ഘട്ടത്തെ സാമ്രാജ്യത്വം എന്ന വിളിച്ചതും ലെനിനായിരുന്നു. ലെനിൻ എഴുതുന്നു, "അരനൂറ്റാണ്ടിനുമുമ്പ് മാർക്സ് മൂലധനം എഴുതുമ്പോൾ സ്വതന്ത്രമത്സരത്തെ ഒരു 'പ്രകൃതിനിയമ'മായിട്ടാണ് ബഹുഭൂരിപക്ഷം ധനശാസ്ത്രജ്ഞന്മാരും കണ്ടത്. സ്വതന്ത്രമത്സരം ഉൽപ്പാദനത്തിന്റെ കേന്ദ്രീകരണത്തിന് ഇടയാക്കുമെന്നും ആ കേന്ദ്രീകരണം ഒരു നിശ്ചിതവികാസഘട്ടത്തിൽ കുത്തകയ്ക്കു വഴിതെളിക്കുമെന്നും മുതലാളിത്തത്തെ സൈദ്ധാന്തികമായും ചരിത്രപരമായും അപഗ്രഥിച്ചു കൊണ്ട് തെളിയിച്ച മാർക്സിന്റെ കൃതികളെ മൗനം എന്ന ഗൂഢാലോചന വഴി കുഴിച്ചുമൂടാൻ ഔദ്യോഗികശാസ്ത്രം ശ്രമിച്ചുനോക്കി. ഇന്നു കുത്തക ഒരു യാഥാർത്ഥ്യമായി കഴിഞ്ഞിരിക്കുന്നു." (സാമ്രാജ്യത്വം മുതലാളിത്തത്തിന്റെ പരമോന്നത ഘട്ടം - ലെനിൻ)സാമ്രാജ്യത്വത്തിന്റെഅഞ്ചുമൗലിക സവിശേഷതകൾ അദ്ദേഹം വ്യക്തമാക്കുന്നു.

"1. സാമ്പത്തികജീവിതത്തിൽ നിർണ്ണായകമായ പങ്കുവഹിക്കുന്ന കുത്തകകളെ സൃഷ്ടിക്കത്തക്കവണ്ണം ഉയർന്നഘട്ടത്തിലേക്ക് ഉൽപ്പാദനത്തിന്റെയും മൂലധനത്തിന്റെയും കേന്ദ്രീകരണം വളർന്നിരിക്കുന്നു. 2. ബാങ്കുമൂലധനവും വ്യാവസായികമൂലധനവും തമ്മിൽ ലയിച്ചു ചേരുകയും ഈ 'ഫിനാൻസ് മൂലധന'ത്തിന്റെ അടിസ്ഥാനത്തിൽ ഒരു ഫിനാൻസ് പ്രഭുത്വം സൃഷ്ടിക്കപ്പെടുകയും ചെയ്തിരിക്കുന്നു. 3. ചരക്കുകളുടെ കയറ്റുമതിയിൽ നിന്ന് വ്യത്യസ്തമായി മൂലധനത്തിന്റെ കയറ്റുമതി അസാമാന്യമായ പ്രാധാന്യമാർജ്ജിക്കുന്നു. 4. ലോകമാകെ തങ്ങൾക്കിടയിൽ പങ്കിട്ടെടുക്കുന്ന തരത്തിൽ സാർവ്വദേശീയ കുത്തക മുതലാളിത്ത സംഘടനകൾ രൂപീകരിക്കപ്പെടുന്നു. 5. ഏറ്റവും വലിയ മുതലാളിത്ത ശക്തികൾക്കിടയിൽ മുഴുവൻലോകവും പ്രാദേശികമായി വീതിക്കപ്പെടുന്നത് പൂർത്തിയായിരിക്കുന്നു." *(അതേ കൃതി)*

സാമ്രാജ്യത്വം ലോകമെമ്പാടും അസമമായ വികസനം സൃഷ്ടിക്കുകയും വഷളാക്കുകയും ചെയ്യുവെന്നും ഇത് മുതലാളിത്ത ശക്തികൾ തമ്മിലുള്ള തീവ്രമായ മത്സരത്തിനും സംഘർഷത്തിനും കാരണമായി എന്നും അദ്ദേഹം വിശദീകരിച്ചു. ലോകമാകെയുള്ള പങ്കിട്ടെടുക്കൽ സ്ഥിരമല്ല. ശാക്തികബലാബലങ്ങൾക്കനുസരിച്ച് ലോകകമ്പോളത്തിന്റെ പുനർവിഭജനം നടന്നു കൊണ്ടിരിക്കും. ഈ പുനർവിഭജനശ്രമങ്ങളുടെ ഉൽപ്പന്നമാണ് യുദ്ധം. സാമ്രാജ്യത്വ രാഷ്ട്രങ്ങൾ തമ്മിലുള്ള യുദ്ധങ്ങൾ ആകസ്മികമല്ല, മറിച്ച് മുതലാളിത്തവ്യവസ്ഥയിൽ അന്തർലീനമായ വൈരുദ്ധ്യങ്ങളുടെ അനിവാര്യമായ ഫലമാണെന്ന് ലെനിൻ കാട്ടിത്തന്നു. ഒന്നാം ലോകയുദ്ധം 20-ാം നൂറ്റാണ്ടിന്റെ തുടക്കത്തിൽ ലോകകമ്പോളത്തിനായുള്ള രൂക്ഷമായ പിടിവലിയുടെ ഫലമായിരുന്നു. ആ വൈരുദ്ധ്യം പരിഹരിക്കപ്പെടാതെ 1939ൽ രണ്ടാം ലോകയുദ്ധത്തിന്റെ പൊട്ടിപ്പുറപ്പെടലിലേക്കെത്തി. തുടർന്നും പ്രാദേശികമോ നീണ്ടുനിൽക്കുന്നതോ ആയ യുദ്ധങ്ങളില്ലാത്ത ഒരു വർഷവും കടന്നു പോയിട്ടില്ല.

കമ്പോളത്തിനായുള്ള കടുത്ത മത്സരം കൈവിട്ട നിലയിലേക്കുപോകാതെ, ലോകത്തെ വമ്പൻകുത്തകകൾക്ക് ഏതു രാജ്യത്തിന്റെയും കമ്പോളത്തിലേക്കു കടന്നു ചെല്ലാൻ വഴിയൊരുക്കാനാണ് 1990 കളിൽ ആഗോളീകരണ, ഉദാരീകരണ, സ്വകാര്യവൽക്കരണ നയങ്ങൾ ആവിഷ്കരിക്കപ്പെട്ടത്. എന്നാലതും 30 കൊല്ലത്തെ അനുഭവത്തിൽ സാമ്രാജ്യത്വമുതലാളിത്തരാഷ്ട്രങ്ങളുടെ കമ്പോളപ്രതിസന്ധി പരിഹരിക്കുന്നില്ല. മറ്റു രാജ്യങ്ങളുടെ ദേശീയവിപണി തുറന്നുകിട്ടാൻ ആവശ്യപ്പെടുന്ന വൻകിടരാജ്യങ്ങൾ പ്രത്യേകിച്ച് അമേരിക്ക, സ്വന്തം വിപണിയെ സംരക്ഷിച്ചു നിറുത്താനാണു ശ്രമിക്കുന്നത്. ഇറക്കുമതിച്ചുങ്കം വർദ്ധിപ്പിച്ചു കൊണ്ടുള്ള താരിഫ് യുദ്ധം സകലസീമകളും കടന്നിരിക്കുന്നു. അമേരിക്കയിൽ വീണ്ടും അധികാരത്തിലേറിയ ട്രംപ് 'മേക് അമേരിക്ക ഗ്രേറ്റ് എഗെയ്ൻ' (MAGA) എന്ന മുദ്രാവാക്യമുയർത്തി ജനങ്ങളെ പാട്ടിലാക്കി സാമ്രാജ്യത്വതാല്പര്യം സംരക്ഷിക്കാനാണു ശ്രമിക്കുന്നത്.

കമ്പോളപ്രതിസന്ധിയ്ക്ക് ഒറ്റമൂലിയെന്ന നിലയിൽ സാമ്രാജ്യത്വശക്തികൾ കൊണ്ടുവന്ന ആഗോളീകരണത്തിന്റെ ഹീനസിദ്ധാന്തം, 'താരതമ്യേന അവികസിതമായ മുതലാളിത്ത രാജ്യങ്ങളുടെ ആഭ്യന്തര കമ്പോളം പിടിച്ചുപറിക്കാനുള്ള' സാമ്രാജ്യത്വ ശക്തികളുടെ കൈകളിലെ ഉപകരണമല്ലാതെ മറ്റൊന്നുമല്ലെന്ന് അന്തർദ്ദേശിയ സാഹചര്യങ്ങളെക്കുറിച്ചുള്ള എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്)ന്റെ രണ്ടാം പാർട്ടി കോൺഗ്രസ്സിന്റെ തിസീസ് സൂചിപ്പിച്ചിട്ടുണ്ട്. എന്നാൽ, ആഗോളീകരണം സാധാരണക്കാരുടെ ജീവിതത്തിൽ എണ്ണിയാലൊടുങ്ങാത്ത ദുരിതങ്ങൾ വിതച്ചുവെങ്കിലും അതിന്റെ നീണ്ട വർഷങ്ങളിലെ പ്രയോഗം ഫലശൂന്യമായെന്നും മുതലാളിത്ത സമ്പദ്‌വ്യവസ്ഥയെ പ്രതിസന്ധിയിൽ നിന്നു കരകയറ്റാൻ അതിനു കഴിഞ്ഞിട്ടില്ലെന്നും തെളിയിക്കപ്പെട്ടിരിക്കുന്നു. ഇപ്പോൾ ഗതികെട്ട നിലയിൽ അമേരിക്ക അടക്കമുള്ള സാമ്രാജ്യത്വരാജ്യങ്ങൾ, സ്വന്തം ആഭ്യന്തരകമ്പോളം പലവിധേനയും സംരക്ഷിക്കാനുള്ള ശ്രമത്തിലാണ്. ഒരിക്കൽ അമേരിക്ക ആഗോളീകരണത്തിന്റെയും തുറന്ന കമ്പോളത്തിന്റെയുമൊക്കെ മുഖ്യവക്താവ് ആയിരുന്നുവെങ്കിൽ ഇന്നവർ സംരക്ഷണനയത്തിൽ അഭയം പ്രാപിക്കുകയാണ്. സഖാവ് ശിബ്ദാസ് ഘോഷ് സൂചിപ്പിച്ച അത്തരമൊരു സാഹചര്യം ഓർമ്മിക്കട്ടെ,"ഒരുദുർഘടപ്രതിസന്ധിയിൽനിന്ന് പുറത്തുകടക്കാൻ ബൂർഷ്വാസി എടുക്കുന്ന ഒരു നടപടി മറ്റൊരു വലിയ പ്രതിസന്ധിയുടെ ആഴങ്ങളിലേക്കു വീഴ്ത്താൻ മാത്രമാണുപകരിക്കുന്നത്... വികസനത്തിനായി ഒരു ശ്വാസമെടുക്കാനുള്ള ഇടം പോലും അവർക്കു ലഭിക്കുന്നില്ല... അത് അതിന്റെ പരമോന്നത ഘട്ടത്തിൽ, സാമ്രാജ്യത്വത്തിന്റെ ഘട്ടത്തിലെത്തിയിരിക്കുകയും പിന്തിരിപ്പനായി മാറിയിരിക്കുകയും ചെയ്തിരിക്കുന്നു... ഒന്നിനുപിറകെ ഒന്നായി അതു പ്രതിസന്ധികൾക്കു ജന്മം നൽകുന്നു." ഡൊണാൾഡ് ട്രംപ് ഇപ്പോൾ 'അമേരിക്ക ആദ്യം' എന്ന മുറവിളി കൂട്ടുകയും അമേരിക്കൻ ഉല്പന്നങ്ങൾക്കുമേൽ ഇറക്കുമതിത്തീരുവ ചുമത്തുന്ന രാജ്യങ്ങളെ കഠിനമായി വിമർശിക്കുകയും ചെയ്യുന്നു. യുഎസ്എ അവരുടെ ആഭ്യന്തര കമ്പോളത്തിന്റെ സംരക്ഷണത്തിനായി വ്യാപാരക്കടമ്പകൾ ഏർപ്പെടുത്തിയിട്ടുണ്ട്. അതിനു തിരിച്ചടിയെന്ന നിലയിൽ ചൈന, കാനഡ, മെക്സിക്കോ തുടങ്ങിയ രാജ്യങ്ങളും യൂറോപ്യൻ യൂണിയനും ചുങ്കം വഴി പ്രതിരോധം തീർക്കുകയാണ്."

എണ്ണയും ധാതുലവണങ്ങളും കൊണ്ടു സമ്പന്നമായ മധ്യപൂർവ്വദേശത്ത് യുഎസ്എ തങ്ങളുടെ പ്രാദേശിക കാര്യകർത്താവായ ഇസ്രയേൽവഴി മേഖലയുടെ ആധിപത്യത്തിനു ശ്രമിക്കുന്നതും ഇസ്രയേലിനെപ്പോലൊരു തെമ്മാടിരാഷ്ട്രം മേഖലയുടെ സകല സമാധാനവും കൊടുത്തുന്നതും ഈ കമ്പോളപ്രതിസന്ധിയിൽനിന്നു പുറത്തു കടക്കാനുള്ള ശ്രമങ്ങൾ തന്നെയാണ്.

ആധുനികസാങ്കേതികവിദ്യകളിൽ അനിവാര്യമായ ഘനലോഹങ്ങളുടെയും ധാതുലവണങ്ങളുടെയും ഉറവിടങ്ങൾ അധീനപ്പെടുത്താൻ സാമ്രാജ്യത്വരാഷ്ട്രങ്ങൾ ശ്രമിക്കുന്നതും ഈ യുഗത്തിൽ യുദ്ധത്തിനു വഴി തെളിക്കുന്നു. റഷ്യ-യുക്രൈൻ യുദ്ധം തുടങ്ങിയത് എന്തു കാരണം പറഞ്ഞാണെങ്കിലും യുദ്ധത്തിൽ യുക്രൈനെ സഹായിച്ചതിന്റെ പ്രതിഫലമായി യുക്രൈന്റെ അപൂർവ്വ ധാതുശേഖരത്തിന്റെ അവകാശം അമേരിക്ക അവസാനം കൈക്കലാക്കിയിരിക്കുന്നു. ഇറാഖിലും അഫ്ഗാനിസ്ഥാനിലും അമേരിക്കയുടെ ഈ താല്പര്യം വ്യക്തമായിരുന്നു. നൂറുവർഷം മുമ്പ് ലെനിൻ ഇങ്ങനെ സൂചിപ്പിച്ചു,"ട്രസ്റ്റുകൾഅവയുടെസ്വത്തിനെഅതിൽ നിന്ന് 'കിട്ടാവുന്ന'(കിട്ടിയതല്ല) ലാഭവും കുത്തകയുടെ അനന്തരഫലങ്ങളും കണക്കാക്കി അതിന്റെ രണ്ടോമൂന്നോ ഇരട്ടി വിലയ്ക്കുള്ള മൂലധനം ആക്കി മാറ്റുന്നതുപോലെ തന്നെ, ഫിനാൻസ് മൂലധനം അസംസ്കൃത പദാർത്ഥങ്ങൾ കണ്ടെത്താൻ സാധ്യതയുള്ള ഇടങ്ങൾ കണക്കിലെടുത്തുകൊണ്ടും ലോകത്തിന്റ ഇതേവരെ പങ്കിടാത്ത അവസാനശകലങ്ങൾക്കു വേണ്ടിയോ പങ്കിട്ടു കഴിഞ്ഞവയെ വീണ്ടും പങ്കിടാൻ വേണ്ടിയോ ഉള്ള ഉഗ്രസമരത്തിൽ പിന്നിലായിപ്പോയാലോ എന്നു ഭയന്നുകൊണ്ടും എല്ലായിടത്തും ഏതുതരം ഭൂമിയും കഴിയുന്നിടത്തോളം കൂടുതൽ കൈവശപ്പെടുത്താൻ പൊതുവിൽ ശ്രമിക്കുന്നുണ്ട്." *(സാമ്രാജ്യത്വം മുതലാളിത്തത്തിന്റെ പരമോന്നതഘട്ടം)*

രണ്ടാം ലോകയുദ്ധാനന്തരം വികസിതവും അവികസിതവുമായ മുതലാളിത്ത ഭരണകൂടങ്ങളിൽ പ്രത്യക്ഷമായ ഒരു സ്വഭാവവിശേഷം വ്യക്തമാക്കിക്കൊണ്ട് സഖാവ് ശിബ്ദാസ് ഘോഷ് ഇങ്ങനെ നിരീക്ഷിച്ചു. "മുതലാളിത്തം പിന്തിരിപ്പനായി മാറി എന്നു മാത്രമല്ല അതിപ്പോൾ രൂക്ഷമായ ലോക മുതലാളിത്ത കമ്പോളപ്രതിസന്ധിയുടെ മൂന്നാംഘട്ടത്തെ നേരിട്ടു കൊണ്ടിരിക്കുകയുമാണ്, അതാകട്ടെ മുമ്പത്തേക്കാൾ തീവ്രവും ഭീകരമായ അളവിലുള്ളതുമാണ്. മുതലാളിത്തത്തിന്റെ ഇന്നത്തെ പ്രതിസന്ധി നിത്യേനയോ മണിക്കൂറുകൾ തോറുമോ എന്നവണ്ണമുള്ളതാണ്. പ്രഭാതത്തിൽ ഉണർവ്വിന്റെ ഒരു സൂചന കണ്ടാൽത്തന്നെ സായാഹ്നമാകുമ്പോഴേയ്ക്കും അതൊരു തകർച്ചയായി മാറുന്നു... ബഹുമുഖമായ ഈ പ്രതിസന്ധിയെ നേരിടുന്ന, വികസിത മുതലാളിത്ത രാജ്യങ്ങളിലേയും മുതലാളിത്ത ദിശയിൽ പുന:സംഘടിക്കപ്പെട്ട പിന്നോക്ക രാജ്യങ്ങളിലേയും മുതലാളിമാർ, തങ്ങളുടെ സമ്പദ്‌വ്യവസ്ഥയെയൊന്നാകെ സൈനിക സമ്പദ്‌വ്യവസ്ഥയുമായി കൂട്ടിയോജിപ്പിച്ചു കൊണ്ടിരിക്കുകയാണ്." *(കാലഘട്ടത്തിന്റെ ആഹ്വാനം, ശിബ്ദാസ് ഘോഷ്)*

മുതലാളിമാരെക്കൊണ്ട് യുദ്ധോപകരണങ്ങൾ നിർമ്മിക്കുകയും ജനങ്ങളുടെ നികുതിപ്പണം ഉപയോഗിച്ച് സർക്കാർ തന്നെ അവയുടെ ഉപഭോക്താവാകുകയും ചെയ്തുകൊണ്ട് ഉല്പാദനത്തിന് കൃത്രിമമായ ഉത്തേജനം നൽകുന്നതാണ് ഇന്നത്തെ രീതി. കമ്പോളം ഉറപ്പാക്കുന്നു എന്നതിനോടൊപ്പം ഇത് നശീകരണ ആയുധങ്ങളുടെ വൻതോതിലുള്ള സംഭരണത്തിനും കാരണമാകുന്നു. ഒരു ഘട്ടം കഴിയുമ്പോൾ അവ ഉപയോഗിച്ചു തീർക്കുക എന്നതും വീണ്ടുമുള്ള ഉല്പാദനത്തിന് ആവശ്യമായി വരുന്നു. ഒരു കാരണവുമില്ലാതെയും യുദ്ധമുണ്ടാകുന്നതങ്ങനെയൊണ്. ജനങ്ങൾ നിത്യേനരകത്തിലേക്ക് ആണ്ടുപോയാലും കുത്തകകൾ കൊഴുത്തു വീർക്കും. 2024ൽ ഇസ്രയേലിന്റെ ആയുധക്കയറ്റുമതി തുടർച്ചയായ നാലാംവർഷവും 14.8 ബില്യൺ ഡോളർ കടന്ന് റിക്കാർഡ് തകർത്തെന്ന് മാധ്യമങ്ങൾ റിപ്പോർട്ടു ചെയ്തത് കാണാതെ പോകരുത്.

എന്നാൽ, ഇരുളടഞ്ഞ ഈ സമകാലീന സാഹചര്യം മനുഷ്യ സമൂഹത്തിന്റെ അനിവാര്യ വിധിയാണെന്നു കരുതേണ്ടതില്ല. സാമ്രാജ്യത്വത്തിന്റെയും യുദ്ധത്തി ന്റെയും മൂലകാരണങ്ങൾ സോഷ്യലിസത്തിന് മാത്രമേ ഇല്ലാതാക്കാൻ കഴിയൂ എന്ന് ശാസ്ത്രീയമായി വിശദീകരിച്ചു കൊണ്ട്, മുതലാളിത്ത വ്യവസ്ഥയെ വിപ്ലവകരമായി അട്ടിമറിക്കണമെന്ന് ലെനിൻ കാണിച്ചു. സാമ്രാജ്യത്വത്തെ മുതലാളിത്തത്തിന്റെ ഒരു പരിവർത്തന ഘട്ടമായിട്ടാണ് ലെനിൻ വീക്ഷിച്ചത്, വർഗസമരം തീവ്രമാക്കുകയും മുതലാളിത്ത വ്യവസ്ഥയുടെ വൈരുദ്ധ്യങ്ങൾ വെളിപ്പെടുത്തുകയും ചെയ്തുകൊണ്ട് സോഷ്യലിസ്റ്റ് വിപ്ലവത്തിനുള്ള സാഹചര്യങ്ങൾ സൃഷ്ടിക്കുന്ന ഒന്ന്. സാമ്രാജ്യത്വത്തിന് കീഴിൽ ലാഭത്തിനും വികാസത്തിനും വേണ്ടിയുള്ള അന്തർലീനമായ പ്രേരണ അനിവാര്യമായും സംഘർഷത്തിലേക്ക് നയിക്കുമെന്നും ഒടുവിൽ തൊഴിലാളിവർഗം മുതലാളിത്തത്തെ അട്ടിമറിക്കുമെന്നും അദ്ദേഹം സംശയലേശമെന്യേ തെളിയിച്ചു.

യുദ്ധം സൃഷ്ടിക്കുന്ന വിനാശങ്ങൾക്കെതിരെ അന്താരാഷ്ട്രതലത്തിൽ ഉയർന്നുവരുന്ന ജനകീയപ്രക്ഷോഭങ്ങൾ കൂരിരുട്ടിലും വെളിച്ചം വീശുന്നു. ഓരോ രാജ്യത്തെയും കമ്മ്യൂണിസ്റ്റുകൾ ഈ സമാധാനപ്രക്ഷോഭണങ്ങളുടെ അകക്കാമ്പായി നിലകൊള്ളുകയും യുദ്ധവെറിയന്മാർക്കുമേൽ സമാധാനം അടിച്ചേല്പിക്കാൻ ശക്തി നേടുകയും ചെയ്യുമ്പോൾ അത് ജനങ്ങളുടെ മോചനപ്പോരാട്ടങ്ങൾക്കും വഴിയൊരുക്കും. ■

# ഓപ്പറേഷൻ സിന്ദൂർ: ഇനിയും ഉത്തരം കിട്ടാത്ത അനേകം ചോദ്യങ്ങൾ

നാല് ദിവസം നീണ്ടുനിന്ന ഇന്ത്യ-പാകിസ്ഥാൻ സംഘർഷം അവസാനിച്ചതിനു ശേഷം 2025 മെയ് 22 ന് പ്രധാനമന്ത്രി നരേന്ദ്ര മോദി നടത്തിയ ആദ്യ പൊതുപ്രസംഗത്തിൽ, ഇന്ത്യയുടെ സായുധസേന ആരംഭിച്ച 'ഓപ്പറേഷൻ സിന്ദൂർ' പാകിസ്ഥാനെയും അതിന്റെ ഭീകരപ്രവർത്തകരെയും കീഴടങ്ങാൻ നിർബന്ധിതരാക്കി എന്ന് പറഞ്ഞു. "(ഹിന്ദു)സ്ത്രീകളുടെ നെറ്റിയിൽ നിന്ന് സിന്ദൂരം തുടയ്ക്കാൻ പുറപ്പെട്ടവരെ തകർത്തു". "ഭാരതമാതാവിന്റെ സേവകൻ മോദി നെഞ്ചുയർത്തി ഇവിടെ നിൽക്കുന്നു. മോദിയുടെ മനസ്സ് തണുത്തതായിരിക്കാം, പക്ഷേ മോദിയുടെ രക്തം ചൂടുള്ളതാണ്. ഇപ്പോൾ, എന്റെ സിരകളിൽ ഒഴുകുന്നത് രക്തമല്ല, ചൂടുള്ള സിന്ദൂരമാണ്... സിന്ദൂരം ബറൂദ് (വെടിമരുന്ന്) ആയി മാറുമ്പോൾ എന്താണ് സംഭവിക്കുന്നതെന്ന് ലോകവും രാജ്യത്തിന്റെ ശത്രുക്കളും കണ്ടു". പാകിസ്ഥാനെതിരായ ഇന്ത്യയുടെ സൈനിക നടപടിക്ക് അദ്ദേഹം നൽകിയ പേരാണ് 'ഓപ്പറേഷൻ സിന്ദൂർ'. കാശ്മീരിലെ പഹൽഗാം എന്ന റിസോർട്ട് പട്ടണത്തിൽനിന്ന് ആറ് കിലോമീറ്റർ അകലെയുള്ള മനോഹരമായ പുൽമേടും വിനോദസഞ്ചാര കേന്ദ്രവുമായ ബൈസാരന്റെ ശാന്തമായ സൗന്ദര്യം കഴിഞ്ഞ ഏപ്രിൽ 22 ന് നിരപരാധികളായ വിനോദസഞ്ചാരികളുടെ രക്തത്തിൽ കുതിർന്നതിന് ശേഷമായിരുന്നു ഇത്. അവിടെ ഒരു കൂട്ടം തീവ്രവാദികൾ 28 പേരെ വെടിവച്ചുകൊന്നു. അവരിൽ ഭൂരിഭാഗവും രാജ്യത്തിന്റെ വിവിധ സംസ്ഥാനങ്ങളിൽ നിന്നുള്ള വിനോദസഞ്ചാരികളാണ്. ഒരു ഡസനിലധികം പേർക്ക് പരിക്കേറ്റു.

### എങ്ങനെയാണ് കടുത്ത സുരക്ഷാവലയം തീവ്രവാദികൾക്ക് ഭേദിക്കാനായത്?

തീവ്രദേശീയവാദം ഉണർത്താൻവേണ്ടി പൊതുയോഗത്തിൽ പ്രധാനമന്ത്രി മോദി നടത്തിയ വീമ്പിളക്കലുകൾ അവിടെ നിൽക്കട്ടെ. ഇന്ത്യയുടെ സൈന്യത്തിന്റെയും പോലീസിന്റെയും കനത്ത സുരക്ഷയെ മറികടന്ന് ആയുധധാരികളായ തീവ്രവാദികൾക്ക് എങ്ങനെ ആ സ്ഥലത്തേക്ക് പ്രവേശിക്കാൻ കഴിഞ്ഞുവെന്നതാണ് ആദ്യത്തെ ചോദ്യം. ദൃക്സാക്ഷികളുടെ അഭിപ്രായത്തിൽ, ഇത്രയും ഭയാനകമായ ഒരു കുറ്റകൃത്യം നടന്ന സ്ഥലത്ത് ഒരു പോലീസുകാരനെപ്പോലും കാണാനായില്ല. ഇരകളെ കൊലപ്പെടുത്തിയ ശേഷം, 2023ലെ പൂഞ്ച് ഭീകരാക്രമണത്തിലും 2024 ലെ ഗഗാംഗീർ ഗുൽമാർഗ് ഭീകരാക്രമണത്തിലും ഉൾപ്പെട്ടതായി പറയപ്പെടുന്ന ഈ കുറ്റവാളികൾക്ക് എളുപ്പത്തിൽ രക്ഷപ്പെടാൻ കഴിഞ്ഞു. ഏകദേശം രണ്ട് മാസമായിട്ടും ഇന്നുവരെ അവരെ കണ്ടെത്താനായിട്ടില്ല.

### തീവ്രവാദം തുടച്ചുനീക്കും എന്ന മുൻ വാഗ്ദാനങ്ങൾ വെറും പൊള്ളയോ?

രണ്ടാമതായി, ഒരു വർഷം മുമ്പ് ഒരു മാധ്യമ അഭിമുഖത്തിൽ പ്രധാനമന്ത്രി മോദി തന്റെ ജനനം ജൈവികമല്ലെന്നും, ദൈവിക ദൗത്യം നിറവേറ്റുന്നതിനായി തന്നെ ദൈവം അയച്ചതാണെന്നും അവകാശപ്പെട്ടിരുന്നു. അതിനാൽ, സ്വയം പുകഴ്ത്തുന്നത് പ്രധാനമന്ത്രി മോദിക്ക് പുതിയ കാര്യമല്ല. എന്നാൽ, കഴിഞ്ഞ ഒരു ദശകത്തിലെ ഇന്ത്യയിലെ സംഭവവികാസങ്ങളെക്കുറിച്ച് പരിചയമില്ലാത്ത ഒരാൾക്ക്, അത്തരം വീരവാദങ്ങളിൽ ആകൃഷ്ടനാകാനും 'ഓപ്പറേഷൻ സിന്ദൂർ' തീവ്രവാദത്തിന്റെ ശവപ്പെട്ടിയിൽ അവസാനത്തെ ആണിയടിച്ചതായി അനുമാനിക്കാനും സാധ്യതയുണ്ട്. ഇന്ത്യയുടെ സൈന്യം പാകിസ്ഥാനിലെ തീവ്രവാദ ഒളിത്താവളങ്ങളും സന്നാഹകേന്ദ്രങ്ങളും തകർത്തുവെന്ന് അവകാശപ്പെടുകയാണ് പ്രധാനമന്ത്രി. എന്നാൽ 'ഓപ്പറേഷൻ സിന്ദൂറി'ന് ശേഷം തീവ്രവാദം യഥാർത്ഥത്തിൽ തുടച്ചുനീക്കപ്പെട്ടോ എന്നതാണ് ചോദ്യം. ഇതിന് നേരിട്ടുള്ള ഉത്തരമില്ല. 2016ൽ നോട്ട് നിരോധനം പ്രഖ്യാപിച്ചപ്പോൾ, അതിന്റെ മൂന്ന് ലക്ഷ്യങ്ങളിൽ ഒന്ന് ഭീകരതയ്ക്കുള്ള ധനസഹായം തടയുക എന്നതായിരുന്നുവെന്ന് പ്രധാനമന്ത്രി മോദി പറഞ്ഞിരുന്നു. പിന്നീട്, 2019ൽ, ജമ്മു കാശ്മീരിലെ പുൽവാമ ജില്ലയിൽ 40 സിആർപിഎഫ് ജവാൻമാർ സഞ്ചരിച്ചിരുന്ന ഒരു വാഹനം പാകിസ്ഥാൻ പിന്തുണയുള്ള തീവ്രവാദികൾ തകർത്തു. പാകിസ്ഥാനിലെ ജെയ്ഷെ-ഇ-മുഹമ്മദ് എന്ന ഭീകരസംഘടനയുടെ ആസ്ഥാനമായ ബാലാകോട്ടിൽ ഇന്ത്യ വ്യോമാക്രമണം നടത്തിയതായി പ്രധാനമന്ത്രി മോദിയും ബിജെപി ഉന്നതരും അവകാശപ്പെട്ടു. ആ സമയത്ത് തങ്ങളുടെ യുദ്ധവിമാനങ്ങൾ സ്ഥലത്തെ ഭീകര ഗ്രൂപ്പിന്റെ പരിശീലന ക്യാമ്പിൽ ആക്രമണം നടത്തി നിരവധി തീവ്രവാദികളെ കൊന്നതായി ഇന്ത്യ അവകാശപ്പെട്ടു. എന്നാൽ ഉയർന്ന റെസല്യൂഷൻ ഉപഗ്രഹ ചിത്രങ്ങൾ അവലോകനം ചെയ്ത് റോയിട്ടേഴ്സ് റിപ്പോർട്ട് ചെയ്തത്, വടക്കുകിഴക്കൻ പാകിസ്ഥാനിൽ ജെയ്ഷെ-ഇ-മുഹമ്മദ് നടത്തുന്ന ഒരു 'മതപാഠശാല', പ്രസ്തുത ആക്രമണത്തിന് ദിവസങ്ങൾക്ക് ശേഷവും നിലകൊള്ളുന്നതായി കാണപ്പെടുന്നു എന്നാണ്. ഒരു കാക്കയും കുറച്ച് മരങ്ങളും മാത്രമേ ഇല്ലാതായുള്ളൂ എന്നാണത്രേ ചില പ്രദേശവാസികൾ പറഞ്ഞത്. എന്തായാലും, ആ സമയത്തും തീവ്രവാദം നിയന്ത്രണത്തിലാണെന്ന് മോദി സർക്കാർ നമ്മളോട് പറഞ്ഞു. ബാലകോട്ട് വ്യോമാക്രമണത്തെയും "പാകിസ്ഥാൻ പ്രദേശത്തേക്ക് പ്രവേശിച്ച് ആക്രമണം നടത്താനുള്ള ധൈര്യത്തെയും" ഉയർത്തിക്കാട്ടികൊണ്ട്, "ശത്രുരാജ്യത്തിന്റെ കുതന്ത്രങ്ങളിൽനിന്ന് രാജ്യത്തെ സംരക്ഷിക്കുന്നതിന്റെ വിജയഗാഥയുമായി" തെരഞ്ഞെടുപ്പിൽ ജനങ്ങളെ ആകർഷിച്ച് വിജയം നേടാൻ ബിജെപിക്ക് കഴിഞ്ഞു. സ്വാതന്ത്ര്യാനന്തരം അന്ന് നാട്ടുരാജ്യമായിരുന്ന ജമ്മു-കാശ്മീരിനെ ഇന്ത്യയിലേക്കു കൂട്ടിച്ചേർക്കാനുണ്ടാക്കിയ കരാറിലെ ഒരു വ്യവസ്ഥയായ ഭരണഘടനയുടെ 370-ാം വകുപ്പ് ഏകപക്ഷീയമായി റദ്ദാക്കിയപ്പോൾ, കാശ്മീരി ജനതയെ അത് വളരെയധികം വേദനിപ്പിച്ചു. ഇനി മുതൽ തീവ്രവാദം അതിന്റെ വൃത്തികെട്ട തല ഉയർത്തില്ലെന്ന് സർക്കാർ പറഞ്ഞു. പക്ഷേ കഷ്ടം! ഇത്രയും വലിയ നടപടികൾ സ്വീകരിച്ചിട്ടും പാകിസ്ഥാനെതിരെ ഇടയ്ക്കിടെ യുദ്ധഭീഷണി മുഴക്കിയിട്ടും, തീവ്രവാദം കീഴടക്കപ്പെട്ടിട്ടില്ല. അപ്പോൾ പ്രധാനമന്ത്രിയുടെ അവകാശവാദങ്ങളുടെയും വാഗ്ദാനങ്ങളുടെയും വിശ്വാസ്യത എന്താണ്?

### എങ്ങനെയാണ് വെടിനിർത്തൽ പ്രഖ്യാപിച്ചത്? എന്തൊക്കെയായിരുന്നു നിബന്ധനകൾ?

മൂന്നാമതായി, പ്രധാനമന്ത്രി മോദിയും അദ്ദേഹത്തിന്റെ മന്ത്രിസഭാ സഹപ്രവർത്തകരും സൈനിക ജനറൽമാരും അവകാശപ്പെടുന്നത്, 'ഓപ്പറേഷൻ സിന്ദൂറി'ലൂടെ ഇന്ത്യയുടെ സൈന്യം പാകിസ്ഥാനെ അനങ്ങാനാകാത്തപോലെ ബന്ധിച്ച്, പിന്മാറാനും ഒരു വെടിനിർത്തൽ തേടാനും നിർബന്ധിതരാക്കി എന്നാണ്. സത്യം അങ്ങനെയാണെങ്കിൽ, പഹൽഗാമിലെ ക്രൂരമായ കൊലപാതകത്തിന് നേതൃത്വം നൽകിയ തീവ്രവാദികളെ പാകിസ്ഥാൻ സ്പോൺസർ ചെയ്തതാണെങ്കിൽ, യുദ്ധവിരാമത്തിന്റെ പ്രധാന വ്യവസ്ഥകളിൽ ഒന്ന് ഈ കുറ്റവാളികളെയും പാകിസ്ഥാന്റെ മണ്ണിൽ കൂടുകൂട്ടിയിരിക്കുന്ന മറ്റ് എല്ലാ തീവ്രവാദികളെയും നിരുപാധികം ഇന്ത്യയ്ക്ക് കൈമാറുക എന്നതാകണ്ടേ? അങ്ങനെ സംഭവിച്ചിട്ടുണ്ടോ? അത്തരമൊരു നിബന്ധന നൽകിയിരുന്നോ? ഇല്ല. നേരെമറിച്ച്, ഏറ്റവും ആശ്ചര്യകരമായ കാര്യം, യുദ്ധം ആരംഭിച്ച് നാലാം ദിവസം, അതായത് മെയ് 10ന്, തന്റെ രാജ്യത്തിന്റെ മധ്യസ്ഥതയിൽ "നീണ്ട രാത്രി ചർച്ചകൾക്ക്" ശേഷം ഇന്ത്യയും പാകിസ്ഥാനും "പൂർണ്ണവും ഉടനടിയുമുള്ള" വെടിനിർത്തലിന് സമ്മതിച്ചതായി പ്രഖ്യാപിച്ചത് യുഎസ് പ്രസിഡന്റ് ഡൊണാൾഡ് ട്രംപാണ് എന്നതാണ്. കുറച്ച് സമയത്തിനു ശേഷം, ഇന്ത്യയുടെയും പാകിസ്ഥാന്റെയും വിദേശകാര്യ മന്ത്രാലയങ്ങൾ ആ വെടിനിർത്തൽ സ്ഥിരീകരിച്ചു. വ്യാപാരക്കരാറുകൾ കാട്ടി പ്രലോഭിപ്പിച്ച് താൻ വെടിനിർത്തലിലേക്ക് ഇരുരാജ്യങ്ങളേയും നയിച്ചു എന്ന് ട്രംപ് വീമ്പിളക്കി. അങ്ങനെയാണെങ്കിൽ, വെടിനിർത്തൽ നിബന്ധനകൾ എന്തൊക്കെയാണ്, ഇന്ത്യയുടെ നിബന്ധനകൾക്ക് മുന്നിൽ പാകിസ്ഥാൻ എങ്ങനെയാണ് വഴങ്ങിയത്, ട്രംപിന്റെ നിബന്ധനകൾക്ക് മുന്നിൽ ഇന്ത്യയുടെ നിലപാട് എന്തുകൊണ്ട് വഴങ്ങി? കൂടാതെ, ട്രംപിന്റെ നിർദ്ദേശങ്ങൾ തൽക്ഷണം അംഗീകരിക്കാൻ ഇന്ത്യയെ പ്രേരിപ്പിച്ചതെന്താണ്? എന്തൊരു അവിശ്വസനീയമായ വിരോധാഭാസമാണിത്! യുദ്ധം ചെയ്യുന്ന രണ്ട് രാജ്യങ്ങൾക്കിടയിൽ ഒരു മൂന്നാം രാഷ്ട്രത്തലവൻ ഏകപക്ഷീയമായി വെടിനിർത്തൽ പ്രഖ്യാപിച്ചതായി ഒരിക്കലും കേട്ടിട്ടില്ല. പ്രസിഡന്റ് ട്രംപ് കുറഞ്ഞത് 11 തവണയെങ്കിലും വെടിനിർത്തൽ നടപ്പാക്കുന്നതിൽ തന്റെ മധ്യസ്ഥതയെക്കുറിച്ച് ആവർത്തിച്ചിട്ടും, പ്രധാനമന്ത്രി മോദി ഈ കാര്യത്തിൽ ഭയാനകമായ മൗനം പാലിക്കുന്നത് എന്തുകൊണ്ടാണ്?

### പഹൽഗാം കൂട്ടക്കൊലയ്ക്കു ശേഷം എന്തുകൊണ്ടാണ് പ്രധാനമന്ത്രി മോദി കാശ്മീർ സന്ദർശിക്കാത്തത്?

മാത്രമല്ല, സൗദി അറേബ്യ സന്ദർശനം വെട്ടിച്ചുരുക്കി രാജ്യത്തേക്ക് മടങ്ങിയ പ്രധാനമന്ത്രി മോദി എന്തുകൊണ്ടാണ് കാശ്മീരിലേക്ക് പോകാതിരുന്നതെന്നും സ്ഥിതിഗതികൾ വിലയിരുത്തിയ സർവകക്ഷി യോഗത്തിൽപോലും പങ്കെടുക്കാതിരുന്നതെന്നും പ്രധാനമന്ത്രി മോദിയോ, മന്ത്രിസഭയിലെ മറ്റ് സഹപ്രവർത്തകരോ വ്യക്തമാക്കിയിട്ടില്ല. പകരം, 'ഓപ്പറേഷൻ സിന്ദൂർ' ഉയർത്തിക്കാട്ടുന്ന തിരഞ്ഞെടുപ്പ് റാലികളിൽ പ്രസംഗിക്കാൻ അദ്ദേഹം തിരഞ്ഞെടുപ്പ് അടുത്തിരിക്കുന്ന ബീഹാറിലേക്ക് പറക്കാൻ തീരുമാനിച്ചത് എന്തുകൊണ്ടാണ്? വിവാഹിതരായ ഹിന്ദു സ്ത്രീകളുടെ ശിരസ്സിൽ സിന്ദൂരം ചാർത്തുന്നത് ഒരു പവിത്രമായ അടയാളമായി കണക്കാക്കപ്പെടുന്നതിനാൽ, അതുപയോഗിച്ച് കപട ദേശസ്നേഹം വളർത്തുകയും ഹിന്ദുത്വവികാരം വളർത്തുകയും ചെയ്യുക എന്നതാണോ അദ്ദേഹത്തിന്റെ ഏക ദൗത്യം? കൂടാതെ, പഹൽഗാം സംഭവത്തിന് മൂന്ന് ദിവസം മുമ്പ്, കാശ്മീരിൽ ഒരു ഭീകരാക്രമണം ഉണ്ടാകുമെന്ന് പ്രധാനമന്ത്രി മോദിക്ക് ഇന്റലിജൻസ് വിവരങ്ങൾ ലഭിച്ചിരുന്നുവെന്നും തുടർന്ന് അദ്ദേഹം സ്വന്തം കാശ്മീർ യാത്ര റദ്ദാക്കിയെന്നും പറയപ്പെടുന്നു. അങ്ങനെയാണെങ്കിൽ, നിരപരാധികളായ വിനോദസഞ്ചാരികളെ ബൈസരൻ സന്ദർശിക്കാൻ അനുവദിച്ചത് എന്തുകൊണ്ടാണ്, അതും ഒരു സുരക്ഷാ ക്രമീകരണവുമില്ലാതെ? 'ഓപ്പറേഷൻ സിന്ദൂറി'ന്റെ വിജയം ഉയർത്തിക്കാട്ടുന്നതിനായി പ്രധാനമന്ത്രി മോദിയും ബിജെപി നേതാക്കളും രാജ്യമെമ്പാടും 'തിരംഗ യാത്ര' എത്ര ആവേശത്തോടെ സംഘടിപ്പിച്ചാലും, ബൈസരനിൽ കൊല്ലപ്പെട്ടവരുടെ കുടുംബങ്ങളും അതിർത്തി ഗ്രാമങ്ങളിൽ പാകിസ്ഥാൻ സൈന്യത്തിന്റെ മിസൈൽ ആക്രമണത്തിൽ മരിച്ചവരുടെ കുടുംബങ്ങളും ഈ സാധുവായ ചോദ്യങ്ങൾ ഉന്നയിക്കില്ലേ?

### പാകിസ്ഥാൻ ഭരണാധികാരികളും ഒരുപോലെ വഞ്ചകരാണ്

ഇന്ത്യയ്ക്കെതിരായ വിദ്വേഷത്തിന്റെയും യുദ്ധമുറവിളിയുടെയും കട്ടത്ത പുകമറ സൃഷ്ടിച്ച്, ദുരിതമനുഭവിക്കുന്ന തങ്ങളുടെ നാട്ടുകാരെ കബളിപ്പിക്കുന്ന പാകിസ്ഥാൻ ഭരണാധികാരികളുടെ കാര്യവും ഇതുതന്നെയാണ്. സൈന്യം ആധിപത്യം പുലർത്തുന്നതും ഇസ്ലാമിക മതഭ്രാന്തിൽ നങ്കൂരമിട്ടുന്നതുമായ ഒരു ചൂഷണ മുതലാളിത്ത രാഷ്ട്രം കൂടിയായ പാകിസ്ഥാൻ, ആ രാജ്യത്തെ ഇന്ത്യക്കാരെ സമാനമായി നാടുകടത്തി തിരിച്ചടിച്ചു. ഇന്ത്യയുടെ വിമാനങ്ങൾക്കു മുന്നിൽ വ്യോമാതിർത്തിയും കപ്പലുകൾക്ക് തുറമുഖങ്ങളും അടച്ചു. ഇരുപക്ഷവും അതിർത്തിക്കപ്പുറത്ത് സൈന്യത്തെ അണിനിരത്തുകയും യുദ്ധവിളികളുമായി അന്തരീക്ഷം നിറയ്ക്കുകയും ചെയ്തു. കാരണം, രണ്ട് രാജ്യങ്ങളിലെയും ഭരണമുതലാളിവർഗ്ഗത്തിന് ഒരേ വർഗ്ഗതാൽപ്പര്യമുണ്ട്. അതിനാൽ അവരിരുപേരും ഏതാണ്ട് സമാനമായ നയങ്ങൾ സ്വീകരിക്കുന്നു.

മറ്റൊരു ചോദ്യം. തെറ്റായ വിവരങ്ങളുടെയും വ്യാജപ്രചരണങ്ങളുടെയും ഇടയിൽ വിജയം നേടുന്നതിനെക്കുറിച്ചുള്ള ചർച്ചകൾ മാത്രമാണ് ഇരുവിഭാഗത്തിലെയും സൈനിക കമാൻഡർമാർ നടത്തിവരുന്നത്. സായുധ പോരാട്ടത്തിലെ തങ്ങളുടെ വിജയം ലോകത്തിന് മുന്നിൽ പ്രദർശിപ്പിക്കുന്നതിനായി, പാകിസ്ഥാനിലെയും പാകിസ്ഥാൻ അധിനിവേശ കാശ്മീരിലെയും (പിഒകെ) ഒമ്പത് പ്രധാന ഭീകര പരിശീലനകേന്ദ്രങ്ങൾ വിജയകരമായി നശിപ്പിച്ചതായി ഇന്ത്യ അവകാശപ്പെട്ടു. ലഷ്കർ-

(ശേഷം 7-ാം പേജിൽ)

# കനത്ത സുരക്ഷാവലയം ഭേദിച്ച് തീവ്രവാദികൾ അകത്തുകടന്നത് എങ്ങനെ?

(6–ാം പേജിൽ നിന്ന്)

ഇ-തൊയ്ബ, ജയ്ഷ്-ഇ-മുഹമ്മദ്, ഹിസ്ബുൾ മുജാഹിദീൻ എന്നിവരുടെ കേന്ദ്രങ്ങൾ ലക്ഷ്യമിട്ടായിരുന്നു ഇത്. മറുവശത്ത്, ഇന്ത്യയുടെ മിസൈലുകൾ തടഞ്ഞുവെന്നും പാകിസ്ഥാൻ വ്യോമസേനയുടെ എല്ലാ സ്വത്തുക്കളും സുരക്ഷിതമാണെന്നും പാകിസ്ഥാൻ സൈന്യം പറഞ്ഞു. ഇന്ത്യയുടെ കിഴക്കൻ പഞ്ചാബിലും അഫ്ഗാനിസ്ഥാനിലും ചില ഇന്ത്യൻ മിസൈലുകൾ പതിച്ചതായും പാകിസ്ഥാന് അതിന് തെളിവുണ്ടെന്നും പാകിസ്ഥാൻ പ്രധാനമന്ത്രി അവകാശപ്പെട്ടു. ലോകത്തിന് മുന്നിൽ വിജയം തെളിയിക്കാൻ, പാകിസ്ഥാൻ തങ്ങളുടെ സൈനിക മേധാവിക്ക് ഫീൽഡ് മാർഷൽ പദവി നൽകി. അതേസമയം, റാവൽപിണ്ടിയിലെ ഒരു വിമാനത്താവളം ഉൾപ്പെടെ പാകിസ്ഥാനുള്ളിലെ നിരവധി സ്ഥലങ്ങളിൽ ഇന്ത്യയുടെ മിസൈലുകൾ ആക്രമണം നടത്തിയതായി പാകിസ്ഥാൻ പ്രധാനമന്ത്രി സമ്മതിക്കുകയും യുദ്ധവിമാനങ്ങൾ നഷ്ടപ്പെട്ടതായി ഇന്ത്യയുടെ സൈനിക മേധാവി സമ്മതിക്കുകയും ചെയ്തു.

## ആരാണ് ഏറ്റവും ദുരിതമനുഭവിക്കുന്നവർ?

എന്നാൽ പ്രധാന കാര്യം, സൈനിക നഷ്ടങ്ങൾക്കും നേട്ടങ്ങൾക്കും അപ്പുറം, ആരാണ് ഏറ്റവും കൂടുതൽ നാശനഷ്ടങ്ങൾ അനുഭവിച്ചത് എന്നതാണ്? ഇന്ത്യയിലെയോ പാകിസ്ഥാനിലേയോ നേതാക്കളുടെ മേൽ ഒരു പോറലെങ്കിലും ഉണ്ടായിട്ടുണ്ടോ? ഇല്ല. പക്ഷേ, അതിർത്തി പ്രദേശങ്ങളിൽ താമസിച്ചിരുന്ന 26 ഇന്ത്യൻ പൗരന്മാർക്കും 20 പാകിസ്ഥാൻ പൗരന്മാർക്കും ജീവൻ നഷ്ടപ്പെട്ടു. പലരുടെയും കിടപ്പാടം തകർന്നു. അപ്പോൾ, ചോദ്യം ഇതാണ്: ഇത്തരം ഭീകരപ്രവർത്തനങ്ങൾക്ക് ഉത്തരവാദികൾ സാധാരണക്കാരായ പാകിസ്ഥാനികളോ ഇന്ത്യക്കാരോ ആണോ? പിന്നെ ഭരണാധികാരികളുടെ താത്പര്യപ്രകാരം ഇടയ്ക്കിടെ ഇത്തരം യുദ്ധങ്ങൾ പൊട്ടിപ്പുറപ്പെടുമ്പോൾ അവർ എന്തിന് ഇരകളാക്കപ്പെടണം? കൂടാതെ, സൈനിക വിജയത്തിന്റെ അവകാശവാദങ്ങൾക്കും പ്രത്യാക്രമണങ്ങൾക്കും ഇടയിൽ, തീവ്രവാദത്തിന് തടയിടുക എന്ന വിഷയം പിന്നിലേക്ക് തള്ളപ്പെട്ടു എന്നതാണ് തിരിച്ചറിയേണ്ട മറ്റൊരു കാര്യം.

## എന്തുകൊണ്ടാണ് വസ്തുതകൾ പ്രഹേളികകളാൽ പൊതിഞ്ഞിരിക്കുന്നത്?

ഇതിനിടയിൽ വന്ന മറ്റൊരു വെളിപ്പെടുത്തൽ എല്ലാവരെയും ഞെട്ടിച്ചു. 'ഓപ്പറേഷൻ സിന്ദൂറി'ന്റെ ആദ്യഘട്ടം അവസാനിച്ച് 30 മിനിറ്റുകൾക്കുശേഷം പാകിസ്ഥാന് മുന്നറിയിപ്പ് നൽകിയതായി ഇന്ത്യയുടെ വിദേശകാര്യ മന്ത്രി എസ്.ജയ്ശങ്കർ പാർലമെന്ററി കൺസൾട്ടേറ്റീവ് കമ്മിറ്റിയെ അറിയിച്ചു. ഇത് മറ്റൊരു കടങ്കഥയാണ്. അപ്പോൾ നമ്മൾ എന്താണ് മനസ്സിലാക്കേണ്ടത്? ഈ യുദ്ധം പരസ്പരസമ്മതത്തോടെയായിരുന്നോ? അതോ തിരഞ്ഞെടുപ്പ് വിജയം ഉറപ്പാക്കുന്നതിനോ അല്ലെങ്കിൽ ഭയാനകമായ വിലക്കയറ്റം, വർദ്ധിച്ചുവരുന്ന തൊഴിലില്ലായ്മ, തീവ്രമാകുന്ന അസമത്വം, കുതിച്ചുയരുന്ന ദാരിദ്ര്യം, വരുമാനത്തിലുള്ള ഇടിവ് തുടങ്ങിയ നീറുന്ന ജീവിതപ്രശ്നങ്ങളിൽനിന്ന് ജനങ്ങളുടെ ശ്രദ്ധ തിരിക്കുന്നതിനു വേണ്ടിയുള്ള ഒരു പ്രകടനം മാത്രമായിരുന്നുവെന്നോ? 'രാജ്യം അപകടത്തിലാണ്. ശത്രുവിന്റെ ആക്രമണത്തിൽനിന്ന് അതിനെ രക്ഷിക്കുക എന്നതാണ് മറ്റെല്ലാ പ്രശ്നങ്ങളെയും, അത് എത്ര തന്നെ അടിയന്തരമാണെങ്കിലും അതിനെക്കാൾ പ്രധാന്യമുള്ള കടമ' - തീവ്രദേശീയവാദവും കപട ദേശസ്നേഹവും ഉത്തേജിപ്പിക്കുന്ന ഈ മുദ്രാവാക്യം, വർഗവിഭജിത ഇന്ത്യയിലെ അടിച്ചമർത്തി ഭരിക്കുന്ന കുത്തകകളുടെ വർഗതാൽപ്പര്യത്തിന് കീഴ്പ്പെട്ട ഒരു ഭരണ സംവിധാനത്തിന് പിന്നിൽ ജനങ്ങളെ അണിനിരത്തുന്നതിനുള്ള ഫലപ്രദമായ ഒരു തന്ത്രമാണ്. പ്രസക്തമായ ചോദ്യങ്ങൾക്ക് ഉത്തരം ലഭിക്കാത്തതിനാൽ, 'ഓപ്പറേഷൻ സിന്ദൂറി'നോടുള്ള ഈ അമിതമായ ആവേശത്തിന് പിന്നിൽ അത്തരമൊരു ലക്ഷ്യമുണ്ടെന്ന് കരുതുന്നത് തെറ്റാണോ?

## എന്തുകൊണ്ടാണ് ആഗോളതലത്തിൽ ഇന്ത്യ ഒറ്റപ്പെട്ടതുപോലെ കാണുന്നത്?

എന്നാൽ ചോദ്യങ്ങൾ ഇവിടെ അവസാനിക്കുന്നില്ല. ലോകമെമ്പാടും ഇന്ത്യയുടെ ശബ്ദമാണിന്ന് മുഴങ്ങുന്നതെന്നാണ് പ്രധാനമന്ത്രി മോദി വളരെക്കാലമായി വിളിച്ചുപറയുന്നത്. അങ്ങനെയാണെങ്കിൽ, 'ഓപ്പറേഷൻ സിന്ദൂർ' സംബന്ധിച്ച് ഇന്ത്യയുടെ നിലപാടിനെ ഒരു രാജ്യവും അംഗീകരിക്കാത്തത് എന്തുകൊണ്ടാണ്? പൊതുഖജനാവിൽ നിന്ന് കോടിക്കണക്കിന് രൂപ ചെലവഴിച്ച് ഇന്ത്യയുടെ കാഴ്ചപ്പാട് വിശദീകരിക്കാൻ 33 രാജ്യങ്ങളിലേക്ക് 7 സർവകക്ഷി സംഘങ്ങളെ അയയ്ക്കേണ്ടിവന്നത് എന്തുകൊണ്ട്? വിവിധ രാജ്യങ്ങളുമായുള്ള ഇത്തരം ചർച്ചകളിൽ എന്താണ് സംഭവിച്ചതെന്ന് അറിയാൻ നാട്ടുകാർക്ക് അവകാശമില്ലേ? പഹൽഗാം തീവ്രവാദ കൂട്ടക്കൊലയെ എല്ലാ രാജ്യങ്ങളും അപലപിച്ചിട്ടും, ആരും പാകിസ്ഥാനെ അതിന് ഉത്തരവാദിയായി കണക്കാക്കാത്തത് എന്തുകൊണ്ടാണ്? മാത്രമല്ല, പാകിസ്ഥാനെ തീവ്രവാദത്തിന്റെ ഈറ്റില്ലമായി ഇന്ത്യ കണക്കാക്കുമ്പോൾ, 2025ൽ പാകിസ്ഥാനെ ഐക്യരാഷ്ട്രസഭ രക്ഷാസമിതിയുടെ താലിബാൻ ഉപരോധ സമിതിയുടെ ചെയർപേഴ്സണാക്കി. 15 രാജ്യങ്ങളുള്ള യുഎൻ തീവ്രവാദവിരുദ്ധ സമിതിയുടെ വൈസ് ചെയർപേഴ്സണായും പാകിസ്ഥാൻ പ്രവർത്തിക്കും. ജൂൺ 14ന് നടക്കുന്ന യുഎസ് സൈനിക ദിനാഘോഷത്തിൽ പങ്കെടുക്കാൻ പാകിസ്ഥാൻ സൈനിക മേധാവിയെ യുഎസ് ക്ഷണിച്ചു. പ്രധാനമന്ത്രി മോദിയും മറ്റുള്ളവരും അവകാശപ്പെടുന്നത് പോലെ, അന്താരാഷ്ട്ര നയതന്ത്ര മേഖലയിൽ ഇന്ത്യയ്ക്ക് ഒരു പ്രധാന സ്ഥാനം ഉണ്ടെങ്കിൽ, ഐക്യരാഷ്ട്രസഭ അംഗസമിതികളുടെ അംഗീകാരത്തോടെ പാകിസ്ഥാനെ

**സൗദി അറേബ്യ സന്ദർശനം വെട്ടിച്ചുരുക്കി രാജ്യത്തേക്ക് മടങ്ങിയ പ്രധാനമന്ത്രി മോദി എന്തുകൊണ്ടാണ് കാശ്മീരിലേക്ക് പോകാതിരുന്നതെന്നും സ്ഥിതിഗതികൾ വിലയിരുത്തിയ സർവകക്ഷി യോഗത്തിൽ പങ്കെടുക്കാതിരുന്നതെന്നും പ്രധാനമന്ത്രി മോദിയോ, മന്ത്രിസഭയിലെ മറ്റ് സഹപ്രവർത്തകരോ വ്യക്തമാക്കിയിട്ടില്ല. പകരം, 'ഓപ്പറേഷൻ സിന്ദൂർ' ഉയർത്തിക്കാട്ടുന്ന തിരഞ്ഞെടുപ്പ് റാലികളിൽ പ്രസംഗിക്കാൻ അദ്ദേഹം തിരഞ്ഞെടുപ്പ് അടുത്തിരിക്കുന്ന ബിഹാറിലേക്ക് പറക്കാൻ തീരുമാനിച്ചത് എന്തുകൊണ്ടാണ്?**

അത്തരമൊരു സ്ഥാനത്തേക്ക് എങ്ങനെ തിരഞ്ഞെടുക്കാൻ കഴിയും? മാത്രമല്ല, പാകിസ്ഥാൻ സെനറ്റ് ചെയർമാനും മുൻപ്രധാനമന്ത്രിയുമായ യൂസഫ് റാസ ഗിലാനിയുടെ നേതൃത്വത്തിലുള്ള ഒരു ഉന്നതതല പാകിസ്ഥാൻ പാർലമെന്ററി പ്രതിനിധി സംഘം കഴിഞ്ഞ മാസം ന്യൂയോർക്കിലെ യുഎൻ ആസ്ഥാനം സന്ദർശിച്ചു എന്നത് ശ്രദ്ധേയമാണ്. മുൻ വിദേശകാര്യ മന്ത്രി ബിലാവൽ ഭൂട്ടോ സർദാരിയുടെ നേതൃത്വത്തിൽ ന്യൂയോർക്ക്, വാഷിംഗ്ടൺ ഡിസി, ലണ്ടൻ, ബ്രസ്സൽസ്, മോസ്കോ എന്നിവിടങ്ങളിലേക്ക് ഒരു ഉന്നതതല ബഹുകക്ഷി രാഷ്ട്രീയ പ്രതിനിധിസംഘത്തെയും പാകിസ്ഥാൻ അയച്ചിട്ടുണ്ട്. ഇന്ത്യയ്ക്ക് ഇത് നയതന്ത്രപരമായ തിരിച്ചടിയല്ലേ?

## എന്തുകൊണ്ടാണ് മുസ്ലീം വിദ്വേഷം രൂക്ഷമാകുന്നത്?

അടുത്തതായി വരുന്ന മറ്റൊരു ചോദ്യം, പഹൽഗാം കൂട്ടക്കൊലയ്ക്ക് ശേഷം ആർഎസ്എസ്സും ബിജെപിയും അവരുടെ കുപ്രസിദ്ധമായ ഐടി സെല്ലും മുസ്ലീം വിരുദ്ധ പ്രചാരണത്തിൽ മുഴുകുന്നത് എന്തുകൊണ്ടാണ് എന്നതാണ്. എന്തുകൊണ്ടാണ് കുത്തക നിയന്ത്രിത മുഖ്യധാരാ മാധ്യമങ്ങൾ ഭീകരാക്രമണത്തിന്റെ മുസ്ലീം വശത്തെ അമിതമായി ഉയർത്തിക്കാട്ടുന്നതും, തീവ്രവാദത്തെ പ്രോത്സാഹിപ്പിച്ചു എന്നു പറഞ്ഞ് കാശ്മീരി ജനതയ്ക്കെതിരെ ആളുകളെ വഴിതിരിച്ചുവിടുന്നതും? ഇന്ത്യയിലുടനീളം താമസിക്കുന്ന കാശ്മീരികൾക്കുനേരേ, പ്രത്യേകിച്ച് വിദ്യാർത്ഥികൾക്ക് നേരേ, ഹിന്ദുത്വ ഗ്രൂപ്പുകളുടെ പീഡനങ്ങളും ഭീഷണികളും റിപ്പോർട്ട് ചെയ്യുന്നത് എന്തുകൊണ്ട്? ഏപ്രിൽ 25ന്, തിരക്കേറിയ ഒരു പ്രദേശത്തുള്ള, പഹൽഗാം ഭീകരാക്രമണത്തിൽ പങ്കുണ്ടെന്ന് സംശയിക്കുന്ന തീവ്രവാദിയെന്ന് ആരോപിക്കപ്പെടുന്ന ഒരാളുടെ കുടുംബത്തിന്റെ മൂന്ന് നില വീട് സുരക്ഷാസേന തകർത്തത് എന്തുകൊണ്ടാണ്? രാജസ്ഥാനിലെ ഒരു ബിജെപി എംഎൽഎ വെള്ളിയാഴ്ച പ്രാർത്ഥനയ്ക്കിടെ ഒരു പള്ളിയിൽ കയറി 'ജയ് ശ്രീറാം' വിളിച്ചതും 'പാകിസ്ഥാൻ മുർദാബാദ്' എന്ന ബോർഡ് സ്ഥാപിച്ചതും എന്തിനാണ്? മധ്യപ്രദേശിലെ ഒരു മുസ്ലീം കോൺഗ്രസ് എംഎൽഎയ്ക്ക് നേരേ വധഭീഷണി മുഴക്കിയത് എന്തിനാണ്? തീവ്രവാദികൾക്ക് ഏതെങ്കിലും നിശ്ചിത മതമോ വംശമോ ഉണ്ടോ? തീവ്രവാദം പ്രോത്സാഹിപ്പിക്കുന്നതിന്റെ പേരിൽ എല്ലാ മുസ്ലീങ്ങളെയും ലക്ഷ്യം വെയ്ക്കുന്നുവെന്നാണെങ്കിൽ, വളരെയധികം ഹിന്ദുക്കൾ ഭീകരതയിലും അക്രമത്തിലും ഏർപ്പെട്ടിരിക്കുന്ന എന്നതു കൊണ്ട് എല്ലാ ഹിന്ദുക്കളെയും തീവ്രവാദികളായി മുദ്രകുത്തിക്കൂടേ? ഒഡീഷയിലെ കിയോഞ്ജറിൽ, ഹിന്ദുത്വ ബ്രിഗേഡിന്റെ ഒരു ഘടകമായ ബജ്റംഗ് ദൾ പ്രവർത്തകർ ഓസ്ട്രേലിയൻ മിഷനറിയായ ഗ്രഹാം സ്റ്റെയിൻസിനെയും അദ്ദേഹത്തിന്റെ രണ്ട് പ്രായപൂർത്തിയാകാത്തകുട്ടികളെയും ചുട്ടുകൊന്നിരുന്നു. പത്രപ്രവർത്തകയും എഴുത്തുകാരിയുമായ ഗൗരി ലങ്കേഷിനെ ഹിന്ദുത്വ ഗ്രൂപ്പിലെ അംഗങ്ങൾ വെടിവെച്ചു കൊന്നിരുന്നു. 2008ൽ മുംബൈയിൽ നിന്ന് ഏകദേശം 200 കിലോമീറ്റർ അകലെയുള്ള മാലേഗാവിൽ റംസാൻ വ്രതകാലത്ത് മുസ്ലീം ഭൂരിപക്ഷ പ്രദേശത്തുള്ള ഒരു പള്ളിക്ക് സമീപം ബോംബ് സ്ഫോടനം നടത്തിയതിന് ഭരണകക്ഷിയായ ബിജെപിയുടെ മുൻ എംപി പ്രജ്ഞാസിംഗ് താക്കൂർ, ലെഫ്റ്റനന്റ് കേണൽ പ്രസാദ് പുരോഹിത്, മുൻ മേജർ രമേശ് ഉപാധ്യായ, അജയ് രഹിർക്കർ, സുധാകർ ദ്വിവേദി, സുധാകർ ചതുർവേദി, സമീർ കൽക്കർണി എന്നിവർക്കെതിരെ ദേശീയ

(ശേഷം 8–ാം പേജിൽ)

## അഖിലേന്ത്യ പൊതുപണിമുടക്ക്










ജൂലൈ 9ന്റെ ദേശീയ പണിമുടക്ക് വിജയിപ്പിക്കാൻ ആഹ്വാനംചെയ്തുകൊണ്ട് എഐയുറ്റിയുസിയുടെ നേതൃത്വത്തിൽ നടക്കുന്ന തെക്കൻ മേഖലാപ്രചാരണപരിപാടി സംസ്ഥാന പ്രസിഡന്റ് വി.കെ.സദാനന്ദൻ തമ്പാനൂരിൽ ഉദ്ഘാടനം ചെയ്യുന്നു. തെക്കൻ മേഖലാ പ്രചാരണ ജാഥ ക്യാപ്റ്റൻ എഐയുറ്റിയുസി സംസ്ഥാന സെക്രട്ടറി ബി.വിനോദ് തിരുവനന്തപുരത്ത് വള്ളക്കടവിൽ പ്രസംഗിക്കുന്നു. മദ്ധ്യമേഖലാ പ്രചാരണ ജാഥയ്ക്ക് തൊടുപുഴയിൽ നൽകിയ സ്വീകരണത്തിൽ എസ്‌യുസിഐ(സി) ഇടുക്കി ജില്ലാ സെക്രട്ടറി സഖാവ് എൻ.വിനോദ്കുമാർ പ്രസംഗിക്കുന്നു.

# സഖാവ് ടി.കെ.ഗോപിനാഥന് ലാൽസലാം

**എസ്**‌യുസിഐ(കമ്മ്യൂണിസ്റ്റ്) ചെങ്ങന്നൂർ ലോക്കൽ കമ്മിറ്റിയംഗവും എഐകെകെഎംഎസ് ആലപ്പുഴ ജില്ലാ പ്രസിഡന്റുമായ സഖാവ് ടി.കെ.ഗോപിനാഥൻ കോട്ടയം മെഡിക്കൽ കോളജിൽ ചികിത്സയിലിരിക്കെ നിര്യാതനായി. ചെങ്ങന്നൂർ താലൂക്കിലെ ഇരമല്ലിക്കരയാണ് സഖാവിന്റെ ജന്മദേശം. തിരുവൻവണ്ടൂർ യുസിഎ ഹാളിൽ നടന്ന അനുസ്മരണ സമ്മേളനം എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) സംസ്ഥാന സെക്രട്ടറി സഖാവ് ജയ്സൺ ജോസഫ് ഉദ്ഘാടനം ചെയ്തു. മനുഷ്യത്വവും കാരുണ്യവും വറ്റിപ്പോകുന്ന,ഏതൊരാളെയും ശത്രുവായി കാണാൻ പഠിപ്പിക്കുന്ന ഒരു രാഷ്ട്രീയ കാലാവസ്ഥയിൽ ജീവിക്കുമ്പോൾ, നമുക്കുവേണ്ടിയുള്ള പ്രവർത്തനം അത്രയും വിലപ്പെട്ടതായി മാറിക്കഴിയുമ്പോൾ സഖാവ് ഗോപിനാഥൻ എക്കാലത്തും നമ്മുക്ക് വേണ്ടിയുള്ള പ്രവർത്തനത്തിന് പ്രചോദനമായിരിക്കും എന്ന് എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) സംസ്ഥാന സെക്രട്ടറി ജയ്സൺ ജോസഫ് പറഞ്ഞു. 1986ലാണ് സഖാവ് ഗോപിനാഥൻ പാർട്ടി പ്രവർത്തനം



ആരംഭിക്കുന്നത്. വളരെ ദരിദ്രമായ ജീവിതസാഹചര്യത്തിൽ സഖാവിനെമാത്രം ആശ്രയിച്ച് കുടുംബം നിലനിൽക്കുമ്പോഴും എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) പാർട്ടിയുടെ വിപ്ളവ ജീവിതവീക്ഷണം ഉൾക്കൊണ്ട സഖാവ് ഗോപിനാഥൻ, ഏതാണ്ട് മുഴുവൻ സമയവും പാർട്ടി പ്രവർത്തനത്തിന വേണ്ടി നീക്കിവച്ചു. അതോടെ ദാരിദ്ര്യം കൂടുതൽ കനപ്പെട്ടെങ്കിലും സഖാവിന്റെ സഹോദരി കുഞ്ഞമ്മ വീടിന്റെ സാമ്പത്തിക ഉത്തരവാദിത്തം ഏറ്റെടുത്തുകൊണ്ട് ഗോപിസഖാവിന്റെ പ്രവർത്തനത്തിന് കരുത്തുനൽകി. ഇല്ലായ്മയിലും സഖാക്കൾക്കും സഹപ്രവർത്തകർക്കും ഭക്ഷണം ഉറപ്പാക്കി. വിപ്ളവത്തെയും സഖാക്കളെയും അളവില്ലാതെ സ്നേഹിക്കാൻ ഗോപി സഖാവ് കുടുംബാംഗങ്ങളെ പഠിപ്പിച്ചു. ഇരമല്ലിക്കര ഗ്രാമത്തിൽ മാത്രമല്ല, പരിസര പ്രദേശങ്ങളിലെല്ലാം പാർട്ടി സംഘടിപ്പിക്കാൻ സഖാവ് മുന്നിട്ടിറങ്ങി. സഹജമെന്നോണം തൊഴിലാളി വർഗ്ഗ ബോധവും കൂറും അവസാനംവരെ സഖാവ് മുറുകെപ്പിടിച്ചു. ആദ്യകാലത്തെ ക്ലേശങ്ങളെയും പറഞ്ഞറിയിക്കാനാവാത്ത ബുദ്ധിമുട്ടുകളെയും ഒരു പരിഭവവും കൂടാതെ അഭിമുഖീകരിച്ച് പാർട്ടിയോടൊപ്പം സഖാവ് ടി.കെ.ജി നിലകൊണ്ടു.

വ്യക്തിപരമായി തനിക്ക് എന്തു നേട്ടം ഉണ്ടാകുമെന്ന് ചിന്തിക്കാതെയാണ് കഴിഞ്ഞ 40 വർഷക്കാലം അദ്ദേഹം ചെങ്കൊടി ഉയർത്തിപ്പിടിച്ചത്. സമൂഹത്തിന്റെ വേദനയും നൊമ്പരവും മാത്രമായിരുന്നു അദ്ദേഹത്തെ മഥിച്ചിരുന്നത്. സഖാവ് ടി.കെ.ഗോപിനാഥനെ അനുസ്മരിക്കുക എന്നുപറഞ്ഞാൽ ഈ ജീവിതം സ്വീകരിക്കുക എന്നാണ് അർത്ഥം. സഖാവ് ഗോപിനാഥന്റെ വിപ്ലവജീവിതവും പ്രവർത്തനവും ഓർമ്മിപ്പിച്ചുകൊണ്ട് സഖാവ് ജയ്സൺ ജോസഫ് പറഞ്ഞു.




സഖാവ് ടി.കെ.ഗോപിനാഥൻ അനുസ്മരണ സമ്മേളനം എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) സംസ്ഥാന സെക്രട്ടറി സഖാവ് ജയ്സൺ ജോസഫ് ഉദ്ഘാടനം ചെയ്യുന്നു.

എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) ജില്ലാ സെക്രട്ടേറിയേറ്റ് അംഗം ആർ.പാർത്ഥസാരഥി വർമ്മ അധ്യക്ഷത വഹിച്ച സമ്മേളനത്തിൽ, മധു ചെങ്ങന്നൂർ അനുശോചന പ്രമേയം അവതരിപ്പിച്ചു. ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് പി.വി. സജൻ, എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) ജില്ലാ സെക്രട്ടറി എസ്. സീതിലാൽ സിപിഐ(എം) ലോക്കൽ സെക്രട്ടറി വി.ഷാജിമോൻ, ബിജെപി ജില്ലാ തെക്കൻ മേഖല വൈസ് പ്രസിഡന്റ് ഡി. വിനോദ് കുമാർ, എഐറ്റിയുസി മേഖല സെക്രട്ടറി പി.മുരളീധര കുറുപ്പ്, ബാംസഫ് ജില്ലാ കൺവീനർ വി.കെ.അജയഘോഷ്, ബ്രദർ എം.വി.ബാബു, എഐകെകെഎംഎസ് ജില്ലാ സെക്രട്ടറി പി. ആർ.സതീശൻ, എഐയുറ്റിയുസി ജില്ലാപ്രസിഡന്റ് കെ.ആർ.ശശി, എഐഡിവൈഒ ജില്ലാ പ്രസിഡന്റ് കെ.ബിമൽജി, രവി പാണ്ടനാട്, പി.എം.രാധാകൃഷ്ണൻ, ജി.വിപിൻ കമാർ, റ്റി.കോശി എന്നിവർ പ്രസംഗിച്ചു. ■

# യുദ്ധം സൃഷ്ടിക്കുന്നതും യുദ്ധഭീതി വളർത്തുന്നതും മുതലാളിത്ത കുടില തന്ത്രം

(7–ാം പേജിൽ നിന്ന്)

അന്വേഷണ ഏജൻസി (എൻഐഎ) കേസെടുത്തിട്ടുണ്ട്. വെള്ളക്കാരുടെ മേധാവിത്വം അവകാശപ്പെടുന്ന ഒരു ക്രിസ്ത്യൻ സംഘടനയായ 'ക ക്ലക്സ് ക്ലാൻ' നിരവധി കറുത്തവർഗ്ഗക്കാരായ ആഫ്രിക്കക്കാരെയും അമേരിക്കക്കാരെയും കൊന്നൊടുക്കിയിട്ടുണ്ട്. അതുകൊണ്ട് എല്ലാ ക്രിസ്ത്യാനികളും തീവ്രവാദികളാണെന്ന് ആരെങ്കിലും പറയുമോ? തീവ്രവാദികൾക്ക് വാസ്തവത്തിൽ എന്തെങ്കിലും മതമോ വംശമോ ഉണ്ടോ? അതോ, ജനങ്ങളെ ഭയപ്പെടുത്താനും, അധ്വാനിക്കുന്ന ജനങ്ങൾക്കിടയിൽ ഭിന്നത സൃഷ്ടിക്കാനും, യുക്തിസഹമായ ചിന്താപ്രക്രിയയെ മുരടിപ്പിക്കാനുമായി വർഗീയതയെയും മൗലികവാദത്തെയും പ്രോത്സാഹിപ്പിക്കാനും, അതുവഴി ക്രൂരമായി അടിച്ചമർത്തുന്ന സാമ്രാജ്യത്വ-മുതലാളിത്തത്തിന്റെ താത്പര്യത്തിനായി ജനങ്ങളെ പരുവപ്പെടുത്താനും സാമ്രാജ്യത്വ-മുതലാളിത്ത ശക്തികൾ തന്നെ പ്രായോജകരാകുന്ന ഭീകര വ്യാപാരികളാണോ അവർ?

## കാശ്മീരി ജനത കാണിച്ചുതന്ന തിളങ്ങുന്ന മാനുഷികമൂല്യം

പഹൽഗാം ദുരന്തത്തിനുശേഷം കാശ്മീരി ജനത മനുഷ്യത്വത്തിന്റെയും സാഹോദര്യവികാരത്തിന്റെയും തിളങ്ങുന്ന മാതൃക കാണിച്ചുതന്നു. ഹെലികോപ്റ്ററുകൾ എത്തുന്നതുവരെ, രക്ഷപ്പെട്ടവരെ പ്രധാനമായും കാശ്മീരിലെ മുസ്ലീങ്ങളാണ് സംരക്ഷിച്ചത്. പരിക്കേറ്റവരെ മുസ്ലീം ഡോക്ടർമാരുടെ ഒരു സംഘം ചികിത്സിച്ചു. അവിടത്തെ പ്രദേശവാസികൾ, പോണി ഹാൻഡ്ലർമാർ, ഓട്ടോറിക്ഷാക്കാർ, ഹോട്ടൽ ഉടമകൾ (എല്ലാവരും മുസ്ലീങ്ങൾ) എന്നിവരെല്ലാം സഞ്ചാരികളെ സഹായിച്ചു. സഞ്ചാരികളിൽ നിന്ന് പണം ഈടാക്കേണ്ടതില്ലെന്ന് തീരുമാനിച്ചു. ആക്രമണം നടന്ന സ്ഥലത്തുണ്ടായിരുന്ന നിരവധി വിനോദസഞ്ചാരികളെ അവരുടെ കാശ്മീരി ഗൈഡുകൾ സുരക്ഷിതമായി തിരികെ കൊണ്ടുപോയി. തീവ്രവാദികളോട് പ്രത്യാക്രമണം നടത്തി അവരിൽനിന്ന് തോക്ക് തട്ടിയെടുക്കാൻ

**ഭീകരപ്രവർത്തനങ്ങൾക്ക് ഉത്തരവാദികൾ സാധാരണക്കാരായ പാകിസ്ഥാനികളോ ഇന്ത്യക്കാരോ ആണോ? ഭരണാധികാരികളുടെ താത്പര്യ പ്രകാരം ഇത്തരം യുദ്ധങ്ങൾ പൊട്ടിപ്പുറപ്പെടുമ്പോൾ അവർ എന്തിന് ഇരകളാക്കപ്പെടണം? സൈനിക വിജയത്തിന്റെ അവകാശവാദങ്ങൾക്കും പ്രത്യാക്രമണങ്ങൾക്കും ഇടയിൽ, തീവ്രവാദത്തിന് തടയിടുക എന്ന വിഷയം പിന്നിലേക്ക് തള്ളപ്പെട്ടു എന്നതാണ് തിരിച്ചറിയേണ്ട മറ്റൊരു കാര്യം.**

ശ്രമിച്ചഒരുപ്രാദേശികകുതിരസവാരിക്കാരന് ജീവൻ പോലും നഷ്ടമായി. ബൈസരനിൽ നിന്ന് മടങ്ങിയെത്തിയ വിനോദസഞ്ചാരികൾ തദ്ദേശവാസികളുടെ ആതിഥ്യമര്യാദയെ പ്രശംസിച്ചു. "എന്റെ ഡ്രൈവർ ഉസാഫിറും സമീറും – അവർ എന്റെ സഹോദരന്മാരായി മാറി. എല്ലാ കാര്യങ്ങളിലും അവർ എന്നോടൊപ്പം നിന്നു... മോർച്ചറിയിലേക്ക് എന്റെ കൂടെവന്നു, അവിടത്തെ കാര്യങ്ങളിൽ സഹായിച്ചു. പുലർച്ചെ 3

## ഓപ്പറേഷൻ സിന്ദൂർ

മണി വരെ ഞാൻ അവിടെ കാത്തിരുന്നു... ഇപ്പോൾ എനിക്ക് കാശ്മീരിൽ രണ്ട് സഹോദരന്മാരുണ്ട്. അല്ലാഹു നിങ്ങളെ രണ്ടുപേരെയും സംരക്ഷിക്കട്ടെ,"ശ്രീനഗറിൽനിന്ന് കൊച്ചിയിലേക്ക് തിരികെ പോകുമ്പോൾ ആക്രമണത്തിനിരയായി പിതാവിനെ നഷ്ടപ്പെട്ട ഒരു സ്ത്രീ പറഞ്ഞതാണിത്. പഹൽഗാം ആക്രമണത്തിൽ പ്രതിഷേധിച്ച് ഏപ്രിൽ 23ന് താഴ്‌വര മുഴുവൻ പൂർണ്ണമായ അടച്ചുപൂട്ടൽ ആചരിച്ചു. എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളും വ്യാപാര സ്ഥാപനങ്ങളും അടച്ചു. ശ്രീനഗർ നഗരമധ്യത്തിലെ ലാൽ ചൗക്കിൽ, കാശ്മീരി ജനത ആ ഹീനമായ പ്രവൃത്തിയെ ശക്തമായി അപലപിക്കുന്നത് നമ്മൾ കണ്ടു. 'ഹിന്ദു മുസ്ലീം ഭായ് ഭായ്" (ഹിന്ദുക്കളും മുസ്ലീങ്ങളും സഹോദരങ്ങളാണ്) എന്ന മുദ്രാവാക്യം അന്തരീക്ഷത്തിൽ മുഴങ്ങി. "അക്രമം ഒരിക്കലും ജയിക്കില്ല", "നിരപരാധികളുടെ കൊലപാതകങ്ങൾ നിർത്തുക", "വിനോദസഞ്ചാരികൾ കാശ്മീരിന്റെ ജീവനാഡിയാണ്", തുടങ്ങിയ സന്ദേശങ്ങൾ പ്ലക്കാർഡുകളിൽ എഴുതിയ പ്രതിഷേധക്കാർ ഭീരുത്വം നിറഞ്ഞ കൊലപാതകങ്ങൾക്കെതിരെ മുദ്രാവാക്യങ്ങൾ വിളിച്ചു. "ഇത് നമ്മുടെ സന്ദർശകർക്കെതിരായ ആക്രമണം മാത്രമല്ല, മറിച്ച് കാശ്മീരിന്റെ സ്വത്വത്തിനും വിലപ്പെട്ട മൂല്യങ്ങൾക്കും നേരെയുള്ള ആക്രമണമാണ്", എന്നാണ് ഒരു കാശ്മീർ നിവാസി അഭിപ്രായപ്പെട്ടത്. കാശ്മീർ ജനതയുടെ സഹായമില്ലാതെ തീവ്രവാദ പ്രതിഭാസത്തെ നിയന്ത്രിക്കാൻ കഴിയുമോ? ഇന്ത്യയിലെയും പാകിസ്ഥാനിലെയും ഭരണ മുതലാളിവർഗ്ഗത്തിന് അധികാരം കൈമാറിക്കൊണ്ട് ബ്രിട്ടീഷ് ഇന്ത്യ വിഭജിക്കപ്പെട്ടതിനെത്തുടർന്ന്, അന്നത്തെ നാട്ടുരാജ്യത്ത് ഒരു ഹിന്ദു രാജാവിന്റെ കീഴിലായിരുന്ന കാശ്മീരി ജനത അവരുടെ ആദരണീയ നേതാവായ ഷെയ്ഖ് അബ്ദുള്ളയുടെ ആഹ്വാനപ്രകാരം ഇന്ത്യാ രാജ്യത്തിന്റെ ഭാഗമാകാൻ സമ്മതിച്ചുവെന്ന് ആർക്കാണ് അറിയാത്തത്.

ജനങ്ങൾ ഏത് മതത്തിൽ പെട്ടവരാണെങ്കിലും, ഏത് ഭാഷ സംസാരിക്കുന്നവരായാലും, ഏത് വംശത്തിൽ പെട്ടവരായാലും, രാജ്യത്ത് ഏത് പ്രദേശത്തു താമസിക്കുന്നവരായാലും, അവർക്കിടയിൽ നാം കാണാൻ ആഗ്രഹിക്കുന്ന സൗഹൃദം, സാഹോദര്യം, ഐക്യദാർഢ്യം, ഐക്യം എന്നിവ ഇതാണ്. ഇന്ത്യയിലുടനീളം മുസ്ലീങ്ങൾക്കെതിരെ ഹിന്ദുക്കളെ ധ്രുവീകരിക്കാൻ തീവ്രവാദികളുടെ പ്രായോജകർ ആഗ്രഹിച്ചു. കാശ്മീരിനെ സംബന്ധിച്ചിടത്തോളം അവർ ഇക്കാര്യത്തിൽ പരാജയപ്പെട്ടിട്ടില്ലേ? ബാക്കിയുള്ള നമ്മളും സമാനമായി അവസരത്തിനൊത്ത് ഉയരേണ്ടത് അനിവാര്യമല്ലേ?

എന്നിട്ടും, എന്തിനാണ് ഹിന്ദു വർഗീയവാദികളായ ആർഎസ്എസ്സും ബിജെപിയും അവരുടെ അനുബന്ധ സംഘടനകളും മുസ്ലീം വിരുദ്ധ വിദ്വേഷം ഉയർത്തിക്കൊണ്ടുവന്നതും എല്ലാ കാശ്മീരി മുസ്ലീങ്ങളും തീവ്രവാദികളാണെന്ന് പ്രചരിപ്പിക്കുന്നതും? ഇത് സമാധാനപ്രിയരായ കാശ്മീരി ജനതയെ അനാവശ്യമായി ശത്രുതയുള്ളവരാക്കി, അവരിൽ അന്യതാബോധം വളർത്തിയെടുക്കുകയില്ലേ? പഹൽഗാം കൂട്ടക്കൊലയ്ക്കുശേഷം പ്രകടമായ കാശ്മീരികളുടെ തീവ്രവാദ വിരുദ്ധ മനോഭാവത്തെ പ്രോ

(ശേഷം 9–ാം പേജിൽ)

# 5 ശതലക്ഷം ഡോളർ സമ്പദ്‌വ്യവസ്ഥയുടെ ഇരുണ്ടമുഖം

ഇന്റർനാഷണൽ മോണിറ്ററി ഫണ്ടി (ഐഎംഎഫ്)ന്റെ പ്രവചനങ്ങൾ ഉദ്ധരിച്ച് ഇന്ത്യയുടെ ജിഡിപി വളർച്ചയെക്കുറിച്ച് നീതി ആയോഗിന്റെ സിഇഒ, ഇന്ത്യ ജപ്പാനെ പിന്നിലാക്കി ലോകത്തെ നാലാമത്തെ വലിയ സമ്പദ്‌വ്യവസ്ഥയായി മാറിയതായി അവകാശപ്പെട്ടു. പക്ഷേ യാഥാർത്ഥ്യമെന്തെന്നാൽ ഇതും ഒരു സാങ്കല്പികമായ സിദ്ധാന്തമാണെന്നതാണ്. ഇത്തരത്തിലുള്ള കണക്കുകൂട്ടലുകൾ ബിജെപി സർക്കാരിന് സ്വയം പ്രശംസിക്കാൻസഹായിച്ചേക്കാം,പക്ഷേഐഎംഫ് പ്രതിനിധി വ്യക്തമാക്കിയതോടെ ആ ഊതി വീർപ്പിച്ച സംഖ്യകളുടെ കുമിള പൊട്ടിപോയി — ഇന്ത്യയ്ക്ക് 2025 അവസാനം മാത്രമേ 4 ട്രില്യൺ ഡോളറെന്ന ലക്ഷ്യം കൈവരിക്കാനാവുകയുള്ളൂ.

ജിഡിപി വളർച്ചയുടെ അടിസ്ഥാനത്തിൽ ഒരു രാജ്യത്തിന്റെ സമ്പദ്‌വ്യവസ്ഥ വളരുന്നുവെന്ന് കണക്കാക്കാനാവില്ല എന്ന് ഞങ്ങൾ ആവർത്തിച്ച് പറഞ്ഞിട്ടുണ്ട്. രാജ്യത്ത് സൃഷ്ടിക്കപ്പെടുന്ന സമ്പത്തിന്റെ വിതരണരീതി അതിൽ യഥാർത്ഥത്തിൽ പ്രതിഫലിക്കുന്നില്ല. ദിനംപ്രതി വർദ്ധിച്ചുകൊണ്ടിരിക്കുന്ന സാമ്പത്തിക അസമത്വം കാരണം, രാജ്യത്തെ 10% വരുന്ന അതിസമ്പന്നർ മൊത്തം ദേശീയ സമ്പത്തിന്റെ 77% കൈവശം വെക്കുന്നു, അതേസമയം 67 കോടിവരുന്ന അത്യന്തം ദരിദ്രരായ ജനങ്ങളുടെ സമ്പത്തിൽ വെറും 1% വർദ്ധന മാത്രമേ ഉണ്ടായിട്ടുള്ളൂ. അതിനാൽ ജിഡിപി വളർച്ച എന്നത് തെറ്റായ കണക്കുകൂട്ടലാണ്. അതുപോലെ തന്നെ വികലവും വളച്ചൊടിക്കപ്പെട്ടതുമായ കണക്കാണ് പ്രതിശീർഷ വരുമാനമെന്നതും. അതായത്, മൊത്തം സമ്പത്തിനെ, ജനസംഖ്യയെ അടിസ്ഥാനമാക്കി കണ്ടുപിടിക്കുന്ന ശരാശരിയുടേതായ രീതി. 16 പേരുടെ സമ്പത്ത് 60 കോടി ജനങ്ങളുടെ സമ്പത്തിനു തുല്യമാണെങ്കിൽ, ആ ശരാശരി കണക്കിന് എന്തെങ്കിലും അർത്ഥവുമുണ്ടാകുമോ?

കഴിഞ്ഞ ഒൻപത് വർഷത്തിനിടെ ഇന്ത്യയുടെ വിദേശകടം 174% ഉയർന്നിട്ടുണ്ട്, അതുപോലെ തന്നെ 2013–14 മുതൽ 2022–23 വരെയുള്ള കാലയളവിൽ വിദേശകടത്തിൽ 100% വർദ്ധനവുമുണ്ടായി. വിദേശകടം സർക്കാരിന്റെ മൊത്തം കടത്തിന്റെ ഭാഗമാണ്. 2014 മാർച്ച് 31ന് കേന്ദ്ര സർക്കാരിന്റെ കടം 58.6 ലക്ഷം കോടി രൂപയായിരുന്നു(മൊത്തം ജിഡിപിയുടെ 52.2 ശതമാനം). അത് 2024ൽ ഏകദേശം 205 ലക്ഷം കോടി രൂപയായി ഉയർന്നു. അതായത് കടത്തിന്റെയും-ജിഡിപിയുടെയും അനുപാതം 81.29%. ഇതിന്റെ അർത്ഥം, 2014 മുതൽ "വികസിത ഭാരതം" എന്ന ലക്ഷ്യത്തോടെ മുന്നേറിയ ബിജെപി സർക്കാർ ഇന്ത്യയിലെ ജനങ്ങളെ നാലിരട്ടി കടബാധ്യതയിലേക്ക് ചവിട്ടി താഴ്ത്തിയിരിക്കുന്നു എന്നതാണ്.

മറ്റൊരു വശത്ത്, ഭരണകൂടത്തിന്റെ കണക്കുകൾ പ്രകാരം ഇന്ത്യ അതിശയിപ്പിക്കുന്ന സാമ്പത്തിക വളർച്ച കൈവരിച്ചുകൊണ്ടിരിക്കുമ്പോഴും 130 കോടി ജനങ്ങളിൽ 60 ശതമാനവും ദിനംപ്രതി 250 രൂപയിൽ താഴെയുള്ള വരുമാനത്തിലാണ് കഴിയുന്നത് *(ലോകബാങ്കിന്റെ മധ്യനിര ദാരിദ്ര്യ രേഖ(midline poverty line) പ്രകാരം)*. അതുപോലെതന്നെ 21 ശതമാനം, അതായത് 25 കോടി ആളുകൾ, ദിവസവും 166 രൂപയിൽ താഴെ വരുമാനത്തിലാണ് കഴിയുന്നത്. തൊഴിലില്ലായ്മ എത്രയോ ഉയരത്തിലാണ്. രാജസ്ഥാനിൽ 53,749 പ്യൂൺ തസ്തികകളിലേക്കായി 24.76 ലക്ഷം അപേക്ഷകൾ ലഭിച്ചിട്ടുണ്ട്, അതിൽ പിഎച്ച്ഡി, എംബിഎ, നിയമ ബിരുദധാരികളെ കൂടാതെ സിവിൽ സർവീസിലേക്കായി തയ്യാറെടുക്കുന്നവരും ഉൾപ്പെടുന്നു. ഒരു മാധ്യമ റിപ്പോർട്ട് പ്രകാരം, ഉത്തർപ്രദേശ് പോലീസിലെ മെസഞ്ചർ തസ്തികയിലേക്ക് 3,700 പിഎച്ച്ഡി ബിരുദധാരികൾ, 50,000 ബിരുദധാരികൾ, 28,000 പിജി ബിരുദ ധാരികൾ ഉൾപ്പടെയുള്ളവരാണ് അപേക്ഷിച്ചത്. ആ തസ്തികയ്ക്ക് ആവശ്യമായ യോഗ്യത അഞ്ചാം ക്ലാസ് മാത്രമാണ് എന്നോർക്കണം. പശ്ചിമബംഗാളിൽ പോസ്റ്റ് ഗ്രാജ്വേറ്റുകൾ വരെ മോർച്ചറി അസിസ്റ്റന്റ് തസ്തികയിലേക്ക് അപേക്ഷിച്ചിട്ടുണ്ട്.

സാധാരണ ജനങ്ങളുടെ വാങ്ങൽശേഷി മണിക്കൂർതോറും കുറഞ്ഞുകൊണ്ടേയിരിക്കുന്നു. അതിനാൽ, 4 ട്രില്യൺ ഡോളറുള്ള സമ്പദ്‌വ്യവസ്ഥ ഇന്ത്യയിലെ അധ്വാനിക്കുന്ന ജനതയുടെ യാതൊരു അടിസ്ഥാന പ്രശ്നവും പരിഹരിച്ചിട്ടില്ല. മറിച്ച് അവരുടെ അവസ്ഥ കൂടുതൽ വഷളാക്കുകയാണ്. അപ്പോൾ ജിഡിപി വളർച്ചയിലോ ലോകത്തിലെ മൂന്നാമത്തെ വലിയ സമ്പദ്‌വ്യവസ്ഥയാകാനുള്ള മത്സരത്തിലോ എന്താണ് സന്തോഷിക്കാനുള്ളത്?

ഭരണകൂടത്തിന്റെ ഭാവനയിൽ സാമ്പത്തികരംഗം സ്വർഗ്ഗതുല്യമാകുമ്പോഴും ദേശീയ സ്റ്റാറ്റിസ്റ്റിക്കൽ ഓർഗനൈസേഷന്റെ കണക്കുപ്രകാരം വ്യവസായ ഉത്പാദന നിരക്ക് 2.7% ആയി താഴ്ന്നിട്ടുണ്ട്. വിപണിയുടെ ആവശ്യത്തിനനുസരിച്ചാണ് വ്യവസായ ഉൽപ്പാദനം നടക്കുന്നത്. എന്നാൽ ജനങ്ങൾക്ക് വാങ്ങാനുള്ള ശേഷിയില്ലാത്തതുകൊണ്ട് ആവശ്യവും കുറഞ്ഞു. ഇന്ത്യയിലെ വിദേശ നിക്ഷേപം (എഫ്ഡിഐ) വലിയ ഒരു ഭീഷണി തുറന്നുകാണിക്കുന്നു, കാരണം വിദേശ വ്യവസായികൾക്ക് ഇന്ത്യയിൽ സാധ്യതകളില്ലെന്ന് അവർ നിരീക്ഷിക്കുന്നു. ഇന്ത്യൻ കോർപ്പറേറ്റുകൾക്ക് പോലും പുതിയ നിക്ഷേപം ചെയ്യാൻ താത്പര്യമില്ല.

കൂട്ടിച്ചേർത്ത മൂലധനം ഊഹാപോഹ സ്റ്റോക്ക് മാർക്കറ്റിലേക്കാണ് തള്ളിവിടുന്നത്, അതിലൂടെ ഒരു കൃത്രിമ കുതിപ്പ് ഉണ്ടാക്കാൻ ശ്രമിക്കുന്നു. ഇത് സാമ്പത്തിക വളർച്ചയുടെ സൂചനയല്ല, മറിച്ച് ഒരു രോഗലക്ഷണമാണ്. 2016ലെ നോട്ടുനിരോധന സമയത്ത് കള്ളപ്പണം പുറത്തുകൊണ്ടുവരുമെന്നും, വ്യാജ നോട്ടുകൾ അസാധുവാക്കപ്പെടുമെന്നും, ഭീകരവാദ ഫണ്ടിംഗ് അവസാനിക്കുമെന്നും പ്രധാനമന്ത്രി മോദി വാഗ്ദാനം ചെയ്തിരുന്നു. ഇവയൊന്നും യാഥാർത്ഥ്യമായില്ല. കള്ളപ്പണം ഇപ്പോഴും ആധിപത്യം പുലർത്തുന്നു. മുൻ ആർബിഐ ഡയറക്ടറുടെ അഭിപ്രായത്തിൽ ഇന്ത്യയിലെ മൊത്തം കള്ളപ്പണം ഏകദേശം 500 ബില്യൺ യുഎസ് ഡോളർ(₹43.5 ലക്ഷം കോടി) ആണ്. റിസർവ് ബാങ്കിന്റെ 2024–25ലെ വാർഷിക റിപ്പോർട്ട് പ്രകാരം, ബാങ്കിങ് സംവിധാനത്തിൽ കണ്ടെത്തിയ 500 രൂപ മുഖവിലയുള്ള വ്യാജനോട്ടുകളുടെ എണ്ണം 2023–24 ലെ 85,711ൽ നിന്ന് 2024–25-ൽ 1,17,722 ആയി, വർഷാനുസൃതമായി 37.35 ശതമാനം വർദ്ധിച്ചു — കഴിഞ്ഞ ആറുവർഷത്തിനിടയിൽ ഏറ്റവും ഉയർന്ന നിരക്കാണിത്(2020 സാമ്പത്തിക വർഷം മുതൽ). 2023 ആഗസ്റ്റ് 9ന് ലോക്സഭയിൽ ആഭ്യന്തരകാര്യ ഉപമന്ത്രി പ്രഖ്യാപിച്ചതുപ്രകാരം, കാശ്മീരിൽ മാത്രം 2018 മുതൽ 2023 ജൂലൈ 31 വരെയുള്ള കാലയളവിൽ 793 തീവ്രവാദ അക്രമ സംഭവങ്ങൾ നടന്നിട്ടുണ്ട്. അങ്ങനെ എങ്കിൽ, 105ലധികം വിലയേറിയ ജീവൻ നഷ്ടപ്പെട്ടിട്ടും 99 ശതമാനം നോട്ടുകളും ബാങ്കിലേക്ക് തിരികെ വന്നിട്ടും, തകൃതിയായി പ്രഖ്യാപിച്ച നോട്ടുനിരോധനംകൊണ്ട് എന്ത് ഗുണം ലഭിച്ചു?

അങ്ങനെ, വ്യവസായ ഉത്പാദനം താഴ്ന്നിരിക്കുന്നു, തൊഴിലില്ലായ്മ ഉയർന്നിട്ടുണ്ട്, ജനങ്ങളുടെ വരുമാനം ഇടിഞ്ഞിരിക്കുകയാണ്. നോട്ടുനിരോധനം പരാജയമായി, അത് ഒരു നാടകമായിരുന്നു എന്നും പറയാം. വിപുലീകരിക്കപ്പെട്ട 5 ട്രില്യൺ ഡോളർ സമ്പദ്‌വ്യവസ്ഥയുടെ യാത്രയിൽ വളർന്നത് ചില വ്യവസായ ഭീമന്മാരും ചില കോടീശ്വരന്മാരും, അഴിമതിക്കാരായ രാഷ്ട്രീയക്കാരുടെയും ഉദ്യോഗസ്ഥരുടെയും കൂട്ടുകെട്ടുകളുമാണ്. ഭരണകൂടത്തോടും പ്രധാനമന്ത്രി മോദിയോടും അടുത്ത ബന്ധമുണ്ടെന്ന് പറയപ്പെടുന്ന ചില തട്ടിപ്പുകാരായ വ്യവസായികൾ 69,000 കോടി രൂപയുടെ ബാങ്ക് വായ്പ തിരിച്ചടക്കാതെ രാജ്യം വിടുകയും, വിദേശത്ത് ആഡംബര ജീവിതം നയിക്കുകയും ചെയ്യുന്നു. ആ തുക വീണ്ടെടുക്കാനുള്ള പ്രതീക്ഷ തന്നെ നഷ്ടപ്പെട്ടതായി ആർബിഐ ഇപ്പോൾ അറിയിക്കുന്നു. യഥാർത്ഥത്തിൽ, കഴിഞ്ഞ 11 വർഷത്തിനിടെ ₹6,36,992 കോടി രൂപയുടെ ബാങ്ക് തട്ടിപ്പുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട് — ഇത് തട്ടിപ്പിലെ 416% വളർച്ചയാണ്. അതിനാൽ, ഇന്ത്യ ലോകത്തിലെ മൂന്നാമത്തെ വലിയ സമ്പദ്‌വ്യവസ്ഥയാകാൻ 'തിളങ്ങിത്തിളങ്ങി മുന്നേറുന്നു' എന്ന വീമ്പുപറച്ചിലിൽ നിന്നെന്താണ് നാം മനസ്സിലാക്കേണ്ടത്? അതൊരു യാഥാർത്ഥ്യബോധമില്ലാത്ത പുലമ്പൽ മാത്രമാണെന്നോ? ■

(8–ാം പേജിൽ നിന്ന്)

ത്സാഹിപ്പിക്കുകയും തീവ്രവാദത്തിനെതിരായ പോരാട്ടത്തിൽ അവരെ ഉൾപ്പെടുത്തുകയും ചെയ്യേണ്ടതല്ലേ?

### യുദ്ധം സൃഷ്ടിക്കുന്നതും യുദ്ധഭീതി നിലനിർത്തുന്നതും ഒരു കുടില മുതലാളിത്ത കുതന്ത്രമാണ്

തർക്കങ്ങളും യുദ്ധസംഘർഷങ്ങളും നിലനിർത്താൻ ആഗ്രഹിക്കുന്ന, ഇരു രാജ്യങ്ങളുടെയും തലപ്പത്തുള്ള ഭരണവർഗ്ഗത്തിന്റെ നിക്ഷിപ്ത താൽപ്പര്യമാണിതെന്ന് വിലയിരുത്തുക മാത്രമല്ല, ബോധ്യപ്പെടുകയും ചെയ്യുക എന്നതാണ് പ്രധാനം. എന്നാൽ ദുരിതവും ദാരിദ്ര്യവും അനുഭവിച്ചുകൊണ്ടിരിക്കുന്ന, യുദ്ധങ്ങൾ പൊട്ടിപ്പുറപ്പെടുമ്പോൾ ഏറ്റവും കൂടുതൽ ദുരിതമനുഭവിക്കുന്ന, അടിച്ചമർത്തപ്പെട്ട സാധാരണക്കാർക്ക് ഒരു തർക്കവും പരിഹരിക്കാൻ ഒരു തരത്തിലുള്ള യുദ്ധവും ഒരിക്കലും ആവശ്യമില്ല. തീവ്രവാദപ്രവർത്തനങ്ങൾ തുടച്ചുനീക്കുന്നതിൽ മുൻകാല സായുധ ആക്രമണങ്ങൾ വിജയിച്ചിട്ടുണ്ടോ? ഏറ്റവും ഒടുവിലത്തെ സൈനിക നടപടിക്കുശേഷവും തീവ്രവാദ പ്രവർത്തനങ്ങൾ ശാശ്വതമായി അവസാനിക്കുമെന്ന് എന്തെങ്കിലും ഉറപ്പുണ്ടോ? മുൻകാലങ്ങളിലെ യുദ്ധങ്ങൾ ഏതെങ്കിലും തർക്കവിഷയങ്ങൾ പരിഹരിച്ചോ? യുദ്ധവിരുദ്ധരും സമാധാനപ്രിയരുമായ ആളുകൾ ഈ കാര്യങ്ങൾ ഗൗരവമായി ചിന്തിക്കേണ്ടതുണ്ട്.

### മറ്റെന്തെങ്കിലും അദൃശ്യലക്ഷ്യങ്ങളുണ്ടോ?

കൂടാതെ, സംശയമുണർത്തുന്ന മറ്റൊരു ചോദ്യമുണ്ട്. വർഗീയവിദ്വേഷം വർദ്ധിപ്പിച്ച് 'ഓപ്പറേഷൻ സിന്ദൂറി'ന്റെ വിജയം കൊട്ടിഘോഷിക്കുന്ന ആർഎസ്എസ് – ബിജെപി-സംഘപരിവാർ സഖ്യത്തിന് മറ്റെന്തെങ്കിലും ഗൂഢലക്ഷ്യമുണ്ടോ? ഒന്നാമതായി, വർദ്ധിച്ചുവരുന്ന തൊഴിലില്ലായ്മ, വിലക്കയറ്റം, തീവ്രമാകുന്ന അസമത്വം, കുതിച്ചുയരുന്ന ദാരിദ്ര്യം, വരുമാനത്തിലെ ഇടിവ് തുടങ്ങിയ നീറുന്ന പ്രശ്നങ്ങളിൽ നിന്ന് ജനങ്ങളുടെ ശ്രദ്ധ തിരിക്കാൻ യുദ്ധഭീതി സൃഷ്ടിക്കുന്നത് സൗകര്യപ്രദമായ ഒരു തന്ത്രമല്ലേ? രാജ്യം അപകടത്തിലാണ്. ശത്രുവിന്റെ ആക്രമണത്തിൽനിന്ന് അതിനെ രക്ഷിക്കുക എന്നതാണ് മറ്റ് എല്ലാ പ്രശ്നങ്ങളെയും, അത് എത്ര പ്രധാനപ്പെട്ടതാണെങ്കിലും, അവയെല്ലാം പിന്നിലേക്ക് തള്ളിവിടുന്ന പ്രധാന കടമ. ദേശീയ ഭ്രാന്തും കപട ദേശസ്നേഹവും ഉത്തേജിപ്പിക്കുന്ന ഈ മുദ്രാവാക്യം, വർഗ്ഗവിഭജിത ഇന്ത്യയിലെ അടിച്ചമർത്തി ഭരിക്കുന്ന ഭരണ കുത്തകകളുടെ വർഗതാൽപ്പര്യത്തിന് കീഴ്പ്പെട്ട ഭരണസംവിധാനത്തിനു പിന്നിൽ ജനങ്ങളെ അണിനിരത്തുന്നതിനുള്ള ഫലപ്രദമായ ഒരു തന്ത്രമാണ്. രണ്ടാമതായി, ബിജെപിക്ക് മറ്റൊരു താൽപ്പര്യമില്ലേ? അതായത്, മറ്റ് വിഷയങ്ങളുടെ കാര്യത്തിൽ ഒന്നും നല്ലത് പറയാനില്ലാത്തതിനാൽ, വരാനിരിക്കുന്ന നിയമസഭാ തിരഞ്ഞെടുപ്പുകൾക്കുമുമ്പ് അവരുടെ ഹിന്ദു വോട്ട് ബാങ്ക് ഏകീകരിക്കുക എന്നത്?

### അടിച്ചമർത്തപ്പെടുന്ന ബഹുജനങ്ങൾ തിരിച്ചറിയേണ്ട സത്യം

ഇത്തരം സംഭവങ്ങളും പ്രതിഭാസങ്ങളും വിഘടന വിഭാഗീയ പ്രവൃത്തികളും സാമുദായികമായ ഭിന്നിപ്പിക്കലുകളും ദേശീയ വികാരം വിജൃംഭിപ്പിക്കുവാൻ യുദ്ധ സാഹചര്യം ഉപയോഗപ്പെടുത്തുന്നതുമെല്ലാം കൃത്യമായ ലക്ഷ്യത്തോടെയും താൽപര്യങ്ങളോടെയുമാണ്. സാമൂഹ്യ മുന്നേറ്റത്തിന്റെയും പുരോഗതിയുടെയും അനിവാര്യ പരിണതിയായ മുതലാളിത്തവിരുദ്ധ സോഷ്യലിസ്റ്റ് വിപ്ലവത്തെ ഭയപ്പാടോടെ കാണുന്നതുകൊണ്ടാണ് മുതലാളിത്ത ഭരണകൂടങ്ങൾ, അത് ഇന്ത്യയോ, പാകിസ്ഥാനോ, മറ്റേത് രാജ്യമോ ആകട്ടെ, ജനങ്ങളുടെ ഐക്യത്തെ തകർക്കാനും യോജിച്ച മുന്നേറ്റങ്ങളെ എവ്വിധവും തടയുവാനും ശ്രമിക്കുന്നത്. ശരിയായ വിപ്ലവ പ്രസ്ഥാനത്തിന്റെ നേതൃത്വത്തിൽ നടക്കുന്ന ഇത്തരം ജനകീയ മുന്നേറ്റങ്ങൾ മുതലാളിത്ത വിരുദ്ധ സോഷ്യലിസ്റ്റ് വിപ്ളവത്തെ ത്വരിതപ്പെടുത്തും എന്നതാണ് ഇക്കൂട്ടരെ ഭയചകിതരാക്കുന്നത്. ■

# ഇംഗ്ലീഷ് ഭാഷയ്ക്കെതിരായ അമിത് ഷായുടെ പരാമർശം ദുരുദ്ദേശപരം

**കേ**ന്ദ്ര ആഭ്യന്തര മന്ത്രിയും ബിജെപി നേതാവുമായ അമിത് ഷാ ജൂൺ 18ന് ഒരു പ്രസംഗമദ്ധ്യേ ഇംഗ്ലീഷ് ഭാഷക്കെതിരെ ദുരുദ്ദേശപരമായ പരാമർശങ്ങൾ നടത്തുകയുണ്ടായി. "ഇംഗ്ലീഷ് സംസാരിക്കുന്നവർ ലജ്ജിക്കുന്ന സ്ഥിതി താമസിയാതെ വന്നു ചേരും. നമ്മുടെ സംസ്കാരത്തിലെ രത്നങ്ങളാണ് നമ്മുടെ ഭാഷകൾ. അവയില്ലാതെ നമുക്ക് യഥാർത്ഥ ഭാരതീയരായിരിക്കാൻ കഴിയില്ല. നമ്മുടെ ചരിത്രമോ സംസ്കാരമോ മതമോ ഒന്നും മനസ്സിലാക്കാനുമാവില്ല. അതിന് ഭാരതീയ ഭാഷകളും ഭാരതീയത്വവും ആവശ്യമാണ്." ഇതായിരുന്നു അദ്ദേഹം പ്രകടിപ്പിച്ച അഭിപ്രായം.

ഭാരതീയ ഭാഷകൾ എന്നാണ് പറയുന്നതെങ്കിലും ഹിന്ദിഭാഷയും ഹിന്ദുക്കളും മാത്രമുള്ളൊരു ഹിന്ദുസ്ഥാൻ എന്നതാണ് സംഘപരിവാറിന്റെ സ്വപ്നം. അത് സാക്ഷാത്കരിക്കാൻ പ്രത്യക്ഷവും പരോക്ഷവുമായ അനേകം നടപടികളാണ് കേന്ദ്ര സർക്കാർ കൈക്കൊള്ളുന്നത്. ദേശീയ വിദ്യാഭ്യാസ നയത്തിലൂടെയും മറ്റും ഹിന്ദി അടിച്ചേല്പിക്കാൻ ശ്രമം നടത്തുന്നു. ഹിന്ദുക്കളല്ലാത്തവർക്ക് രാജ്യത്ത് സ്ഥാനമില്ലെന്ന ഗോൾവാൾക്കർ പ്രബോധനം ഇടയ്ക്കിടെ ഓർമിപ്പിക്കുന്നു. ഇംഗ്ലീഷ് ഭാഷയ്ക്കെതിരെ അമിത് ഷാ നടത്തിയ പരാമർശവും ഈ ബൃഹദ് പദ്ധതിയുടെ ഭാഗം തന്നെയാണ്.

കാതലായ വിഷയങ്ങളിൽനിന്ന് ജനശ്രദ്ധ തിരിക്കാൻ രാഷ്ട്രീയ നേതാക്കൾ വിവാദങ്ങളുണ്ടാക്കാറുണ്ട്. ബീഹാർ തിരഞ്ഞെടുപ്പിനുമുമ്പ് ഹിന്ദിക്കുവേണ്ടി വാദിക്കുന്നത് പത്ത് വോട്ടുകിട്ടാൻ ഉതകുകയും ചെയ്യും. എന്നാൽ ഈ താത്കാലിക നേട്ടത്തിനപ്പുറം ദീർഘകാലലക്ഷ്യം മുൻനിർത്തിയുള്ളതാണ് അമിത്ഷായുടെ അഭിപ്രായ പ്രകടനം എന്നു മനസ്സിലാക്കാൻ വിഷമമില്ല.

ദീർഘകാലത്തെ ബ്രിട്ടീഷ് വാഴ്ച ബ്രിട്ടീഷുകാരുടെ ഭാഷയോടും തദ്ദേശീയരിൽ വെറുപ്പുണ്ടാക്കി. ബോധപൂർവ്വമായ ശ്രമങ്ങളുടെകൂടി ഫലമായിരുന്നു അത്. സ്വദേശിപ്രസ്ഥാനത്തോടൊപ്പം സ്വദേശിഭാഷക്കു വേണ്ടിയും ജനങ്ങൾ നില കൊണ്ടു. എന്നാൽ ബ്രിട്ടീഷ് വാഴ്ച അവസാനിച്ചതോടെ അതിന്റെ പ്രസക്തി നഷ്ടപ്പെട്ടു.

ഇന്ന് ഇംഗ്ലീഷിന് ആഗോള ബന്ധഭാഷയുടെ സ്ഥാനമാണുള്ളത്. ലോകത്തെ മറ്റൊരു വികസിതഭാഷയ്ക്കും ആസ്ഥാനം നേടാനായിട്ടില്ല. ബ്രിട്ടീഷുകാർ ലോകം മുഴുവൻ കോളണികൾ സ്ഥാപിച്ചതു കൊണ്ടാണ് ഇത് സാദ്ധ്യമായത്. ഇന്ന് അന്തർദ്ദേശീയ ബന്ധങ്ങൾക്ക് ഏതു രാജ്യത്തിനും ഇംഗ്ലീഷ് ഭാഷ അനിവാര്യമാണ്. ഇംഗ്ലീഷിനെതിരെ പ്രസംഗിക്കുന്ന അമിത് ഷായും മോദിയുമൊക്കെ ഇത് നന്നായി അറിയാവുന്നവരുമാണ്. ബിജെ പി നേതാക്കളിൽ പലരുടെയും മക്കൾ വിദേശത്തുണ്ട്. എല്ലാം രാജ്യാതിർത്തികൾ ഭേദിച്ചു പായുന്ന കാലത്ത് കിണറ്റിലെ തവളയാകാൻ ആർക്കും കഴിയില്ല.

ബ്രിട്ടീഷുകാർ സ്ഥാപിച്ച ഇംഗ്ലീഷ് വിദ്യാഭ്യാസം നേടിയവരാണ് ബ്രിട്ടീഷ് വിരുദ്ധ പോരാട്ടത്തിന് മുന്നിട്ടിറങ്ങിയത് എന്നതും മറക്കരുത്. വിജ്ഞാനത്തിന്റെയും സംസ്കാരത്തിന്റെയും ചക്രവാളങ്ങൾ വികസ്വരമാകാൻ ഇംഗ്ലീഷ് പഠനം ഉപകരിച്ചുവെന്നർത്ഥം. ജനാധിപത്യ-മതേതര ധാരണകൾ പ്രബലമാകാനും അതിനായി പൊരുതാനും അത് ജനങ്ങളെ പ്രാപ്തരാക്കി.

വികസിതമായ ഭാഷയിലൂടെയാണ് വികസിതമായ ചിന്ത സാദ്ധ്യമാകുന്നത്. ഇന്ത്യയിലെ ഒരു ഭാഷയ്ക്കും ഇംഗ്ലീഷിനോളം വികാസമുണ്ടായിരുന്നില്ല. ഇംഗ്ലീഷുമായുള്ള സഹവാസത്തിലൂടെയാണ് ഇന്ത്യൻ ഭാഷകൾ വളർന്നത്.

പിന്നെന്തിനാണ് പഴയ ഇംഗ്ലീഷ് വിരോധം ചിലർ ഇപ്പോഴും കുത്തിപ്പൊക്കുന്നത്? വികസിത ഭാഷയും വികസിത ചിന്തയും നിഷേധിക്കുക തന്നെ ലക്ഷ്യം. ബഹുഭൂരിപക്ഷം ജനങ്ങളെയും പിന്നാക്കാവസ്ഥയിൽ തളച്ചിടുക. അവരിൽ സങ്കുചിത ഭാവങ്ങൾ വളർത്തിയെടുക്കുക. ഭരണവർഗത്തിന്റെ ആജ്ഞാനുവർത്തികളാക്കി പുരോഗമന മുന്നേറ്റങ്ങൾക്കെതിരെ ഉപയോഗിക്കുക. ഈ ഹീനതന്ത്രമാണ് സംഘപരിവാർ ഇന്ന് പയറ്റുന്നത്. സയൻസ് പഠനം വികലമാക്കുന്നതും ചരിത്ര പാഠങ്ങൾ നിഷേധിക്കുന്നതും പോലെതന്നെയാണ് ഇംഗ്ലീഷ് വിരോധം കുത്തിവയ്ക്കുന്നതും.

ഇന്ത്യയിലെ എല്ലാ ഭാഷകളും നമുക്ക് പ്രിയപ്പെട്ടതാണ്. എല്ലാം ദേശീയ ഭാഷകൾ തന്നെ. എന്നാൽ, ഒരു ബന്ധഭാഷ എന്ന സ്ഥാനം ഏറ്റെടുക്കാൻ പാകത്തിൽ ഒരു ഇന്ത്യൻ ഭാഷയും വളർന്നിട്ടില്ല. ഏതെങ്കിലും ഭാഷ അതിന് പ്രാപ്തമാകും വരെ ഇംഗ്ലീഷിനെ ബന്ധഭാഷയായി നിലനിർത്തേണ്ടത് ആവശ്യമാണ്. ഉന്നത വിദ്യാഭ്യാസരംഗത്തും ഇംഗ്ലീഷ് ഒഴിച്ചു കൂടാനാവാത്ത സ്ഥിതിയുണ്ട്. മാതൃഭാഷയും ഇംഗ്ലീഷും എന്ന ദ്വിഭാഷാപദ്ധതിയുടെ പ്രാധാന്യവും ഇതുതന്നെ. രാഷ്ട്രഭാഷ എന്ന നിലയിൽ ഹിന്ദി അടിച്ചേല്പിക്കുന്നത് അശാസ്ത്രീയവും എതിർപ്പ് ക്ഷണിച്ചു വരുത്തുന്നതുമാണ്. ഹിന്ദി ഇന്ത്യയിൽ കൂടുതൽ ആളുകൾ സംസാരിക്കുന്ന ഭാഷ മാത്രമാണ്. ഹിന്ദി മാത്രം അറിയുന്നവർക്ക് രാജ്യത്തിനുള്ളിൽ പോലും ഏകോപനം സാദ്ധ്യമാക്കാൻ കഴിയില്ല.

ഒരു രാജ്യത്തിന്റെ ഭാഷാനയം ഏറ്റവും ശാസ്ത്രീയമായിരിക്കണം. ബംഗാളിൽ ഒരിക്കൽ ഇടതുമുന്നണി സർക്കാർ പ്രൈമറി ക്ലാസ്സുകളിൽ ഇംഗ്ലീഷ് പഠനം നിഷേധിച്ചു. ശക്തമായൊരു ജനകീയ മുന്നേറ്റത്തി ലൂടെയാണ് ബംഗാൾ ജനത അന്ന് ആ തെറ്റ് തിരുത്തിച്ചത്.

ജനവിരുദ്ധശക്തികൾ വൈകാരികത വളർത്താൻ ഭാഷയെ കരുവാക്കുന്നു. ഭാഷയുടെ പേരിൽ നിരവധി കലാപങ്ങൾ നമ്മുടെ രാജ്യത്ത് നടന്നിട്ടുണ്ട്. വൈകാരികത വെടിഞ്ഞ്, ഉയർന്ന ധാരണയോടെ ഈ വിഷയത്തെ സമീപിക്കാൻ ജനങ്ങൾക്ക്, വിശേഷിച്ച് ചൂഷിതരും മർദ്ദിതരുമായ ജനങ്ങൾക്ക് കഴിയണം. ഭാഷയ്ക്ക് രാജ്യാതിർത്തികൾ ബാധകമല്ല. സയൻസിന്റെ കണ്ടുപിടുത്തങ്ങൾ പോലെ, ചരിത്രപാഠങ്ങൾ പോലെ അത് സാർവ്വദേശീയമാണ്. ഏതു ഭാഷയും ആർക്കും പഠിക്കാം. അത് പഠിക്കുന്നവർക്ക് സ്വന്തമാണ്. ഇംഗ്ലീഷുകാരുടെ ഭരണത്തെ എതിർക്കുമ്പോഴും അവരുടെ ഭാഷ സ്വായത്തമാക്കാൻ ശ്രമിക്കണം എന്ന കാഴ്ചപ്പാട് പുലർത്തിയവർ ധാരാളമുണ്ടായിരുന്നു.

ഇംഗ്ലീഷ് ഭാഷക്കെതിരെ അമിത് ഷായും കൂട്ടരും നടത്തുന്ന പ്രചാരണത്തിന്റെ പിന്നിലെ ദുഷ്ടലാക്ക് നമ്മൾ തിരിച്ചറിയണം. ലോകത്തെ ഏറ്റവും വികസിതമായ ഭാഷകളിലൊന്നായ ഇംഗ്ലീഷ് നിഷേധിച്ച്, വൈജ്ഞാനികമായും സാംസ്കാരികമായും ജനങ്ങളെ പിൻതള്ളി, കോർപ്പറേറ്റ് സേവ സുഗമമാക്കാനുള്ള തത്രപ്പാടിലാണ് ബിജെ പി ഭരണം. ഇതിനെതിരായ പോരാട്ടത്തിന്റെ മൂർച്ചയേറിയ ആയുധങ്ങളിലൊന്നാണ് ഇംഗ്ലീഷ് ഭാഷ. ഒരു രാജ്യം,ഒരു തിരഞ്ഞെടുപ്പ്, ഒരു നികുതി, ഒരു മതം, ഒരു ഭാഷ, ഒരു പാർട്ടി അങ്ങനെ മുദ്രാവാക്യങ്ങൾ ഒന്നൊന്നായി വന്നു കൊണ്ടിരിക്കുന്നു. നാടിന്റെ വൈവിദ്ധ്യങ്ങളെയും, ജനങ്ങളുടെ ഐക്യത്തെയും സാഹോദര്യത്തെയും തകർക്കുകയാണ് എല്ലാ മുദ്രാവാക്യങ്ങളും ഉന്നം വയ്ക്കുന്നത്. ഇതു തിരിച്ചറിഞ്ഞ്, നന്മകളെ സംരക്ഷിക്കാനും വൈവിദ്ധ്യങ്ങളെ ആശ്ലേഷിക്കാനും നമുക്കൊന്നിക്കാം. ■

# ദേശീയ വിദ്യാഭ്യാസനയത്തിന് ബദലായി ജനകീയ വിദ്യാഭ്യാസനയം രൂപപ്പെടുന്നു

- ▶ രാജ്യവ്യാപക ചർച്ചകൾക്ക് തുടക്കം.
- ▶ പീപ്പിൾസ് പോളിസിക്ക് അന്തിമ രൂപം നൽകാൻ ദേശീയതല പീപ്പിൾസ് പാർലമെന്റ് വിളിക്കും.

**ന**മ്മുടെ നവോത്ഥാന-സ്വാതന്ത്ര്യ സമര കാലഘട്ടം ജന്മം നൽകിയ ശാസ്ത്രീയ-ജനാധിപത്യ- മതേതര -സർവത്രിക വിദ്യാഭ്യാസ വ്യവസ്ഥയുടെ അടിസ്ഥാനങ്ങളെ കടപുഴക്കിയെറിയുന്ന പുതിയ ദേശീയ വിദ്യാഭ്യാസനയത്തിന് ബദൽരൂപപ്പെടുത്താൻ ദേശീയതലത്തിൽ വിദ്യാഭ്യാസ സ്നേഹികൾ തയ്യാറെടുക്കുകയാണ്. അതിനായി, ഒരു കരട് ജനകീയ വിദ്യാഭ്യാസ നയരേഖ തയ്യാറാക്കപ്പെട്ടു കഴിഞ്ഞു. ആ രേഖ രാജ്യവ്യാപകമായി വിദ്യാഭ്യാസ രംഗത്തുള്ളവരുടെയും പൊതുജനങ്ങളുടെയും അഭിപ്രായങ്ങൾക്കും നിർദ്ദേശങ്ങൾക്കുമായി സമർപ്പിക്കപ്പെട്ടിരിക്കുകയാണ്.അഖിലേന്ത്യ സേവ് എജ്യുക്കേഷൻ കമ്മിറ്റയാണ് കരട് നയം തയ്യാറാക്കിയത്.

പാർലമെന്റിൽ അവതരിപ്പിക്കുകയോ അർത്ഥവത്തായൊരു ചർച്ച രാജ്യത്തെവിടെയെങ്കിലും നടത്തുകയോ ജനങ്ങളുടെ എതിരഭിപ്രായങ്ങളെ തരിമ്പും പരിഗണിക്കുകയോ ചെയ്യാതെ ഏകപക്ഷീയമായി മന്ത്രിസഭാതീരുമാനത്തിലൂടെയാണ് ദേശീയ വിദ്യാഭ്യാസ നയം 2020 രാജ്യത്ത് അടിച്ചേൽപ്പിക്കപ്പെട്ടത്.വിദ്യാഭ്യാസം കൺകറന്റ് ലിസ്റ്റിലാണെങ്കിലും നയം രൂപപ്പെടുത്തിയപ്പോൾ സംസ്ഥാന സർക്കാരുകളുമായി യാതൊരു കൂടിയാലോചനയും കേന്ദ്രസർക്കാർ നടത്തിയില്ല. യൂണിയൻ സർക്കാർ പൗരന്മാരിൽ നിന്ന് പ്രതികരണം തേടിയെന്നു വരുത്തിയെങ്കിലും സംസ്ഥാനങ്ങളുടെ ആശങ്കകളെ തൃണവൽഗണിച്ച നടപടിയെ സുപ്രീംകോടതിപോലും ഇപ്പോൾ വിമർശിക്കുകയാണ്.

എൻഇപി 2020 ഇന്ത്യയിലെ മുഴുവൻ വിദ്യാഭ്യാസ സമ്പ്രദായത്തെയും നശിപ്പിക്കുമെന്ന് അഖിലേന്ത്യ സേവ് എജ്യുക്കേഷൻ കമ്മിറ്റി നടത്തിയ പഠനങ്ങൾ വ്യക്തമാക്കുന്നു. എൻഇപി 2020നെതിരെയുള്ള പോരാട്ടത്തിന്റെ മുൻപന്തിയിലാണ് സേവ് എജ്യുക്കേഷൻ കമ്മിറ്റി. മിക്കവാറും എല്ലാ സംസ്ഥാനങ്ങളിലും രാജ്യതലസ്ഥാനമായ ഡൽഹിയിലും ഇന്ത്യൻ നവോത്ഥാന പ്രസ്ഥാനത്തിന് തുടക്കമിടുകയും ഇന്ത്യയിൽ ആധുനിക വിദ്യാഭ്യാസത്തിന് വഴിയൊരുക്കുകയും ചെയ്ത രാജാ റാംമോഹൻ റോയിയുടെ ജന്മദിനമായ 2025 മെയ് 22ന് ജനകീയ വിദ്യാഭ്യാസ നയത്തിന്റെ കരട് രേഖ പ്രകാശനം ചെയ്യപ്പെട്ടു. മുകളിൽനിന്ന് അടിച്ചേൽപ്പിച്ച ദേശീയ നയരേഖയിൽനിന്ന് വ്യത്യസ്തമായി, പീപ്പിൾസ് പോളിസി 2025ന്റെ കരട് രാജ്യത്തെ എല്ലാ വിഭാഗങ്ങളിലുമെത്തിച്ച് അവരിൽ നിന്ന് നിർദ്ദേശങ്ങൾ സ്വീകരിച്ച് ഒരു യഥാർത്ഥ ജനകീയ വിദ്യാഭ്യാസ നയം ആവിഷ്കരിക്കാനുള്ള അതിബൃഹത്തായ ഉദ്യമത്തിനാണ് തുടക്കം കുറിച്ചിട്ടുള്ളത്. അടുത്ത വർഷം ജനുവരി മാസംവരെ നീണ്ടുനിൽക്കുന്ന ക്യാമ്പയിന് ശേഷം, ജനങ്ങളുടെ വിദ്യാഭ്യാസ നയത്തിന് അന്തിമരൂപം നൽകാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. അത്തരത്തിൽ ലഭിക്കുന്ന നിർദ്ദേശങ്ങൾ ഉൾപ്പെടുത്തി മഹത്തായൊരു ജനാധിപത്യ പ്രക്രിയയിലൂടെ ജനങ്ങളുടെ വിദ്യാഭ്യാസ നയം ആവിഷ്കൃതമാകും.

ബെംഗളൂരുവിൽ 2026 ജനുവരി മാസം വിളിച്ചുകൂട്ടുന്ന ഒരു ദേശീയ ജനകീയ പാർലമെന്റിൽ ഇതവതരിപ്പിക്കും. ജനകീയ വിദ്യാഭ്യാസ നയം തയ്യാറാക്കപ്പെട്ടുകഴിഞ്ഞാൽ, കേന്ദ്ര -സംസ്ഥാന സർക്കാരുകൾക്ക് അത് സമർപ്പിക്കാനും നിശ്ചിത സമയപരിധിക്കുള്ളിൽ നടപ്പാക്കണമെന്ന് ആവശ്യപ്പെടാനും ജനങ്ങൾക്ക് കഴിയും.

പുതിയ ദേശീയ വിദ്യാഭ്യാസ നയത്തിന് പകരമായി പീപ്പിൾസ് പോളിസി മുന്നോട്ടുവയ്ക്കുന്ന ചില പ്രധാന നിർദ്ദേങ്ങൾ ഇവയാണ്:

ജനാധിപത്യവിരുദ്ധവും ശാസ്ത്രവിരുദ്ധവും സ്വകാര്യ - വാണിജ്യ താല്പര്യങ്ങൾ പേറുന്നതുമായ ദേശീയ നയത്തിന് പകരം ശാസ്ത്രീയ-മതേതര-ജനാധിപത്യ-സാർവത്രിക വിദ്യാഭ്യാസ നയം നടപ്പാക്കുക.

(ശേഷം 11-ാം പേജിൽ)

# സ്കൂളുകളിലെ ഉച്ചഭക്ഷണത്തിന്റെ ചുമതലയും അധ്യാപകരുടെ തലയിലേക്ക്

**പൊതുവിദ്യാഭ്യാസ സംരക്ഷകർ എന്ന വേഷംകെട്ടി ബഹുജനങ്ങളെ കബളിപ്പിക്കുന്ന കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ, പ്രാഥമിക ക്ലാസുകളിലെ കുട്ടികൾക്ക് നൽകിവരുന്ന ഉച്ചഭക്ഷണത്തിന്റെ സാമ്പത്തിക ചുമതല പോലും ഇപ്പോൾ സ്‌കൂൾ അധ്യാപകരുടെ ശിരസ്സിലേക്ക് കൈമാറുകയാണ്. കുട്ടികൾക്ക് ഉച്ചഭക്ഷണത്തിന് പോഷകാഹാരം നൽകുമെന്ന വിദ്യാഭ്യാസ മന്ത്രിയുടെ പ്രഖ്യാപനത്തിന് പിന്നാലെ വിദ്യാഭ്യാസ വകുപ്പ് പുറത്തിറക്കിയ പുതുക്കിയ മെനു അനുസരിച്ച് കുട്ടികൾക്ക് ഉച്ചഭക്ഷണം നൽകാൻ ആവശ്യമായ തുക അനുവദിക്കാതെ അതിന് പ്രഥമാധ്യാപകർ മുൻകൈയെടുത്ത് പണം പിരിക്കണമെന്ന ഉപദേശമാണ് മന്ത്രി നൽകിയത്.**



ഇപ്പോൾ നൽകി വരുന്ന ഉച്ചഭക്ഷണത്തിന് എൽപി ക്ലാസ്സിൽ ഒരു കുട്ടിക്ക് 6.78 രൂപയും യുപി, ഹൈ സ്കൂൾ ക്ലാസ്സുകളിലെ കുട്ടികൾക്ക് 10.17 രൂപയും മാത്രമാണ് സർക്കാർ നൽകുന്ന തുക. അതുപയോഗിച്ച്, കഞ്ഞിയും പയറും പോലും കൊടുക്കാൻ കഴിയാത്ത സ്ഥിതിയിലാണ് അധ്യാപകർ നെട്ടോട്ടമോടുന്നത്. ഇപ്പോൾ തന്നെ ചെലവിന്റെ വലിയൊരു ഭാഗം അധ്യാപകർ ചേർന്ന് വഹിക്കുയാണ് ചെയ്യുന്നത്. സർക്കാർ നൽകുന്ന തുച്ഛമായ തുക പോലും സമയത്ത് നൽകാതെ വരുമ്പോൾ പലിശയ്ക്ക് പണം കടമെടുത്ത് കുട്ടികൾക്ക് ഉച്ചഭക്ഷണം കൊടുക്കുന്ന അനേകം അധ്യാപകർ സംസ്ഥാനത്തുണ്ട്. ഉച്ചഭക്ഷണത്തിന് കൊടുത്ത കുടിശ്ശിക തുക തിരികെ കിട്ടാൻ ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്യേണ്ട സാഹചര്യം പോലുമുണ്ട് എന്ന് പറയുമ്പോൾ എത്ര ദയനീയമാണ് നമ്മുടെ പൊതു വിദ്യാഭ്യാസ മേഖലയുടെ ഇന്നത്തെ സ്ഥിതി എന്ന് ഊഹിക്കാവുന്നതേയുള്ളൂ.

പല സ്കൂളിലും ഒരു പാചക തൊഴിലാളി മാത്രമാണുള്ളത്. അവർക്ക് നൽകേണ്ടിവരുന്ന കൂലി പ്രഥമ അധ്യാപകർ സ്വന്തം കീശയിൽനിന്ന് പലപ്പോഴും നൽകേണ്ടി വരുന്നുണ്ട്. പണമില്ലാത്തതിനാൽ ചിലയിടത്തു അധ്യാപകർ തന്നെ പാചകം ചെയ്ത് വിളമ്പേണ്ടിയും വരുന്നു. അതുമൂലം മിക്ക സ്കൂളിലെയും പ്രഥമാധ്യാപകർ നേരിടുന്ന സമ്മർദ്ദം വർണ്ണിക്കാവുന്നതല്ല. വാസ്തവത്തിൽ, 50 കുട്ടികൾക്ക് മുകളിലുള്ള സ്കൂളുകളിൽ രണ്ട് പാചക ജീവനക്കാരെ നിയോഗിക്കണം. 250ന് മുകളിലുള്ള സ്കൂളുകളിൽ ഒരു സഹായിയെയും നിയമിക്കണം. പുതുക്കിയ മെനു പ്രകാരം എൽപി സ്കൂളിൽ ഒരു കുട്ടിക്ക് ചുരുങ്ങിയത് 15 രൂപയും യുപി ഹൈസ്കൂളുകളിൽ ചുരുങ്ങിയത് 18 രൂപയുമെങ്കിലും നിശ്ചയിക്കണം.

നമ്മുടെ കുട്ടികൾക്ക് ഉച്ചഭക്ഷണം നൽകേണ്ടത് പൂർണമായും സർക്കാരിന്റെയും വിദ്യാഭ്യാസ വകുപ്പിന്റെയും ചുമതലയാണ്. ഉച്ചഭക്ഷണത്തിന് ഫണ്ട് കണ്ടെത്താൻ പ്രഥമാധ്യാപകർ പൂർവ്വ വിദ്യാർത്ഥികളിൽനിന്നും നാട്ടുകാരിൽനിന്നും പിരിക്കണം എന്ന സർക്കാരിന്റെ ഉപദേശം അങ്ങേയറ്റം പ്രതിഷേധാർഹമായതാണ്. അധ്യാപകരുടെ ജോലി കുട്ടികൾക്ക് വിദ്യാഭ്യാസം നൽകുക എന്നതാണ്. പഠിപ്പിക്കാനുള്ള ചുമതല നിർവഹിക്കുന്നതിന്റെ സ്ഥാനത്ത് അക്കാദമികേതരമായ പ്രവർത്തനങ്ങൾ അധ്യാപകരുടെമേൽ കെട്ടിവയ്ക്കുന്ന പ്രവണത ഏറെക്കാലമായി വർദ്ധിച്ചുവരികയാണ്. ആവശ്യത്തിന് ക്ലീനിങ് സ്റ്റാഫിനെ നിയോഗിക്കാത്തതിനാൽ തൂപ്പുജോലി ഉൾപ്പടെയുള്ളവ ചില സ്കൂളുകളിൽ അധ്യാപകർ ചെയ്യാൻ നിർബന്ധിതരാണ്.

അധ്യാപനം എന്ന ജോലിയുടെ മഹത്വത്തെയും അധ്യാപകരുടെ സ്ഥാനത്തെയും ഇടിച്ചുതാഴ്ത്തുന്ന പാഠ്യപദ്ധതിയും പഠന സമ്പ്രദായങ്ങളും പിന്തുടരുന്ന ഒരു സംസ്ഥാനത്ത് മറ്റെന്ത് പ്രതീക്ഷിക്കാൻ എന്ന നിരാശയിലാണ് അധ്യാപകർ. പഠിപ്പിക്കുക എന്ന പണിതന്നെ എത്രയോ കഠിനമായ പ്രയത്നം ആവശ്യമായ ഒന്നാണ്. അതിനുള്ള മുന്നൊരുക്കങ്ങൾക്കുപോലും അധ്യാപകർക്ക് തീരെ സമയം ലഭിക്കുന്നില്ല എന്നതാണ് നമ്മുടെ രാജ്യത്തെ അധ്യാപകർ പൊതുവിലും കേരളത്തിലെ അധ്യാപകർ വിശേഷിച്ചും നേരിടുന്ന ഒരു പ്രതിസന്ധി. അതിനിടയിലാണ് അവർക്ക് ക്ലാസ് റൂമിന് പുറത്ത് പലതരം പണികൾ കൊടുക്കുന്ന സംസ്ഥാന വിദ്യാഭ്യാസ വകുപ്പിന്റെ തിട്ടൂരങ്ങൾ.

സ്കൂൾ കുട്ടികൾക്ക് സർക്കാർ നിർദ്ദേശിക്കുന്ന പുതിയതരം മെനു നടപ്പാക്കാൻ ആവശ്യമായി വരുന്ന വൻതുക അധ്യാപകർ പ്രഥമാധ്യാപകരുടെ നേതൃത്വത്തിൽ കണ്ടെത്തണം എന്ന അങ്ങേയറ്റം വിദ്യാഭ്യാസ വിരുദ്ധമായ നിലപാട് സർക്കാർ തിരുത്തിയേ മതിയാവൂ.

പ്രാഥമിക വിദ്യാഭ്യാസത്തിന്റെ ചെലവുകൾ പൂർണമായും സംസ്ഥാന സർക്കാർ വഹിക്കുകതന്നെ വേണം. കേന്ദ്ര സർക്കാരിൽനിന്ന് കിട്ടേണ്ട തുകയും വാങ്ങിയെടുക്കണം. അതും സംസ്ഥാന ഗവൺമെന്റിന്റെ ഉത്തരവാദിത്വമാണ്. സ്കൂൾ നടത്തിപ്പിന്റെ യാതൊരുവിധ സാമ്പത്തിക ബാധ്യതയും അധ്യാപകരുടെ ശിരസ്സിൽ കെട്ടിവെയ്ക്കരുത്. അങ്ങനെ വരുന്നത് അധ്യാപകരുടെമേൽ അനാവശ്യമായി സർക്കാർ ചെലുത്തുന്ന സമ്മർദ്ദവും ശിക്ഷയുമായി മാറും. സ്കൂൾ നടത്തിപ്പിന്റെ ദൈനംദിന ആവശ്യകതകളുമായി ബന്ധപ്പെട്ട ചെലവുകൾക്കായി സംസ്ഥാന സർക്കാർ ബജറ്റിൽതന്നെ തുക നീക്കിവെക്കുകയും അവ യഥാസമയം എല്ലാ സ്കൂളുകൾക്കും ലഭ്യമാകും എന്ന് ഉറപ്പുവരുത്തുകയും വേണം.

പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞമെന്ന് പെരുമ്പറ മുഴക്കുകയും സ്കൂൾ വിദ്യാഭ്യാസം മികച്ചതാണെന്ന് വീമ്പിളക്കുകയും ചെയ്താൽ പോര. ആവശ്യത്തിനു ഫണ്ട് ഇല്ലാതെ തകർന്നുകൊണ്ടിരിക്കുന്ന നമ്മുടെ പൊതുവിദ്യാലയങ്ങളെ രക്ഷിക്കുവാൻ സർക്കാർ അടിയന്തരമായി ഫണ്ട് അനുവദിക്കണം. ഉച്ചഭക്ഷണത്തിനും സ്കൂളുകളിലെ അടിസ്ഥാന സൗകര്യ വികസനത്തിനും ആവശ്യമായ ഫണ്ട് നൽകുന്നതിനും എല്ലാ സ്കൂളിലും ആവശ്യമായ ജീവനക്കാരുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനും സർക്കാർ താമസംവിനാ നടപടികൾ സ്വീകരിച്ചേ മതിയാകൂ. ■

---

*(10-ാം പേജിൽ നിന്ന്)*

എൻഇപി 2020 നടപ്പാക്കുന്നതിന്റെ ഫലമായി സർക്കാരിന്റെ വിദ്യാഭ്യാസ വിഹിതം കുത്തനെ കുറയ്ക്കുകയും എക്കാലത്തെയും താഴ്ന്ന നിലയിലെത്തുകയും ചെയ്തിരിക്കുന്നു. അതിനാൽ, വിദ്യാഭ്യാസത്തിനായി കേന്ദ്ര ബജറ്റിന്റെ കുറഞ്ഞത് 10%വും സംസ്ഥാന ബജറ്റിന്റെ 20-25%വും നീക്കിവെയ്ക്കണമെന്ന് പീപ്പിൾസ് പോളിസി നിർദ്ദേശിക്കുന്നു. വിദ്യാഭ്യാസത്തിന്റെ പൂർണ്ണ സാമ്പത്തിക ഉത്തരവാദിത്വം സർക്കാരുകൾകൾക്കായിരിക്കണം.

വിദ്യാഭ്യാസം സംസ്ഥാന പട്ടികയിൽ ഉൾപ്പെടുത്തണമെന്ന് പീപ്പിൾസ് പോളിസി 2025 നിർദ്ദേശിക്കുന്നു. അതനുസരിച്ച് ഇന്ത്യൻ ഭരണഘടനയിലും ഭേദഗതി വേണം. എന്നാൽ, ഈ വിഷയത്തിൽ എൻഇപി 2020 മൗനം പാലിക്കുന്നു.

പർവതപ്രദേശങ്ങൾ, വനപ്രദേശങ്ങൾ, മരുഭൂമികൾ, അതിർത്തി പ്രദേശങ്ങൾ, മറ്റ് ജനസാന്ദ്രത കുറഞ്ഞ പ്രദേശങ്ങൾ തുടങ്ങി വിദൂരവും എത്തിച്ചേരാൻ ബുദ്ധിമുട്ടുള്ളതുമായ പ്രദേശങ്ങളിലും വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഉണ്ടെന്ന് ഉറപ്പാക്കണമെന്ന് കരട് പിഇപി സർക്കാരിനോട് ആവശ്യപ്പെടുന്നു. 2009ലെ ആർടിഇ (വിദ്യാഭ്യാസ അവകാശ നിയമം) ആക്ട് തള്ളിക്കളയണമെന്നും 3 മുതൽ 17 വയസ്സ് വരെ പ്രായമുള്ള ഏവർക്കും സൗജന്യ വിദ്യാഭ്യാസം ഉറപ്പാക്കണമെന്നും പിഇപി ആവശ്യപ്പെടുന്നു.

ഘടന: രണ്ട് വർഷത്തെ പ്രീ-പ്രൈമറി വിദ്യാഭ്യാസത്തോടൊപ്പം കാലം തെളിയിച്ച 10+2 എന്ന വിദ്യാഭ്യാസ ഘടന തുടരാം. എൻഇപി 2020 അവതരിപ്പിച്ച 5+3+3+4 എന്ന വിദ്യാഭ്യാസ വിരുദ്ധമായ പാറ്റേൺ ഉടനടി പിൻവലിക്കണം.

4 വർഷത്തെ ബിരുദം(എഫ്‌വൈയുപി), മൾട്ടിപ്പിൾ എൻട്രി, എക്സിറ്റ് ഓപ്ഷനുകൾ, എൻഇപി 2020യുടെ അശാസ്ത്രീയമായ മൾട്ടി-ഡിസിപ്ലിനറി സമീപനത്തെ അടിസ്ഥാനമാക്കിയുള്ള കോഴ്സുകൾ തിരഞ്ഞെടുക്കുന്നതിനുള്ള കഫെറ്റീരിയ സമീപനം എന്നിവ ഉപേക്ഷിക്കണം. ത്രിവത്സര അക്കാദമിക ബിരുദം തുടരാൻ പീപ്പിൾസ് പോളിസി ശുപാർശ ചെയ്യുന്നു.

എൻഇപി 2020 രൂപപ്പെടുത്തിയ ഒരു വർഷ പിജി ഒഴിവാക്കി നിലവിലുള്ള രണ്ടു വർഷ പിജി തുടരണമെന്ന് ആവശ്യപ്പെടുന്നു. നിലവിലെ സെമസ്റ്റർ പരീക്ഷാ രീതിക്ക് പകരം കഴിയുന്നത്ര വാർഷികതല പരീക്ഷാ പദ്ധതി അവതരിപ്പിക്കാൻ പീപ്പിൾസ് പോളിസി നിർദ്ദേശിക്കുന്നു.

NEP നിർദ്ദേപ്രകാരം നിർത്തലാക്കിയ എംഫിൽ കോഴ്സ് പുനഃസ്ഥാപിക്കമെന്ന് പീപ്പിൾസ് പോളിസി ആവശ്യപ്പെടുന്നു. NEP അടിച്ചേൽപ്പിക്കുന്ന ഉദ്യോഗസ്ഥ നിയന്ത്രണം, വ്യാജമായ സ്വയംഭരണം, ഗ്രേഡഡ് സ്വയംഭരണം, രാഷ്ട്രീയ ഇടപെടൽ എന്നിവയ്ക്കെതിരെ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ സ്വച്ഛന്ദമായ സ്വയംഭരണാവകാശത്തിനും അധ്യാപകരുടെ അക്കാദമിക സ്വാതന്ത്ര്യത്തിനും വേണ്ടി പിഇപി നിലകൊള്ളുന്നു.

ഡിപിഇപി പാഠ്യപദ്ധതി പോലെ എൻഇപിയും അധ്യാപകരെ കേവലം 'സഹായികളായി മാത്രം കാണുന്നു.' പകരം അധ്യാപകരെ ഗുരുനാഥരും മാർഗ്ഗദർശികളുമായി കാണണമെന്ന് പീപ്പിൾസ് പോളിസി ആവശ്യപ്പെടുന്നു.

എൻഇപി 2020 അവതരിപ്പിച്ച ഓൺലൈൻ, ഹൈബ്രിഡ് മോഡ് അധ്യാപന രീതിക്ക് പകരം, കാലം തെളിയിച്ച, നേരിട്ടുള്ള ഔപചാരിക ക്ലാസ് റൂം അധ്യാപന-പഠന പ്രക്രിയയുടെ തുടർച്ച ഉറപ്പാക്കാൻ പീപ്പിൾസ് പോളിസി നിഷ്കർഷ ചെയ്യുന്നു.

വിദ്യാർത്ഥികളുടെ പ്രവേശന പ്രക്രിയ സർവകലാശാലകൾ തീരുമാനിക്കണം. CUET, NEET, JEE പോലുള്ള കേന്ദ്രീകൃത ദേശീയതല പ്രവേശന പരീക്ഷകൾ സംസ്ഥാനത്തിന്റെ വിദ്യാഭ്യാസ അവകാശങ്ങൾ കവർന്നെടുക്കുന്നവയാകയാൽ അവ നിർത്തലാക്കണം.

മാതൃഭാഷയെയും ഇംഗ്ലീഷിനെയും പ്രോത്സാഹിപ്പിക്കുന്ന ഭാഷാനയം ശാസ്ത്രീയമായി വികസിപ്പിക്കാനും പീപ്പിൾസ് പോളിസി ശുപാർശ ചെയ്യുന്നു. അധ്യാപകരുടെ ഗസ്റ്റ്, കരാർ നിയമന സമ്പ്രദായത്തിന്റെ സ്ഥാനത്ത് എല്ലാ തലങ്ങളിലും സ്ഥിരം അധ്യാപകരെ നിയമിക്കുന്നതിനെ ജനകീയ വിദ്യാഭ്യാസ നയം ഉയർത്തിപ്പിടിക്കുന്നു.

പുരാതന ഇന്ത്യൻ സംസ്കാരത്തിന്റെയും പൈതൃകത്തിന്റെയും പേരിൽ ഐകെഎസ്(ഇന്ത്യൻ ജ്ഞാന വ്യവസ്ഥ) അവതരിപ്പിക്കുന്നതിനെ ജനകീയ വിദ്യാഭ്യാസ നയം എതിർക്കുന്നു. ഇത് ചരിത്രത്തെ വളച്ചൊടിക്കാനും കപടശാസ്ത്രം കുത്തിവയ്ക്കാനുമുള്ള പദ്ധതിയാണെന്ന് മനസ്സിലാക്കുന്നു. ശാസ്ത്രവും മാനവിക മൂല്യങ്ങളുമാണ് പകരം നിർദ്ദേശിക്കുന്നത്.

ഗവേഷണ മേഖലയിൽ സ്വകാര്യ ഫണ്ടിംഗ് ഹാനികരമാണ്. കേന്ദ്ര സംസ്ഥാന സർക്കാർ ഫണ്ടിംഗ് വർധിപ്പിക്കണം. ഡിപിഇപി മുതൽ RUSA വരെയുള്ള എല്ലാ ലോകബാങ്ക് സ്പോൺസേഡ് വൈദേശിക പദ്ധതികളും പിൻവലിക്കണമെന്നും നടത്തിപ്പ് പരിപൂർണമായും ജനാധിപത്യ തത്വങ്ങൾക്ക് നിരക്കുന്ന വിധമാകണമെന്നും ജനങ്ങളുടെ കരട് വിദ്യാഭ്യാസ നയ രേഖ നിർദ്ദേശിക്കുന്നു.

മേൽപ്പറഞ്ഞ സുപ്രധാന നിർദ്ദേശങ്ങൾ അടങ്ങിയ കരട് നയരേഖ ചർച്ച ചെയ്യാൻ സേവ് എജ്യുക്കേഷൻ കമ്മിറ്റി കേരള ചാപ്റ്റർ ജൂൺ 28, 29 തീയതികളിൽ ഒരു ദ്വിദിന ശില്പശാല തൃശ്ശൂർ ശ്രീ രവിവർമ്മ മന്ദിരം ഹാളിൽ വിളിച്ചു ചേർക്കുകയുണ്ടായി. ■

REGISTERED.
R.N. 24773/1992

UNITY Malayalam Monthly

2025 July
Price: ₹ 10.00

# വിദ്യാഭ്യാസ ശില്പശാല: ദേശീയ വിദ്യാഭ്യാസ നയത്തിന് ബദൽ പരിപ്രേക്ഷ്യം വേണം

**ജ**നാധിപത്യ - മതേതര - ശാസ്ത്രീയ സമീപനങ്ങൾക്ക് വെല്ലുവിളി ഉയർത്തുന്ന ദേശീയ വിദ്യാഭ്യാസ നയത്തിന്(NEP 2020) ബദൽ പരിപ്രേക്ഷ്യം വേണമെന്ന് സാഹിത്യ അക്കാദമി മുൻ സെക്രട്ടറി ഡോ.പി.വി. കൃഷ്ണൻ നായർ അഭിപ്രായപ്പെട്ടു. അഖിലേന്ത്യ സേവ് എജ്യുക്കേഷൻ കമ്മിറ്റി രൂപപ്പെടുത്തിയ ബദൽ ജനകീയ വിദ്യാഭ്യാസ കരട് നയത്തെ ആധാരമാക്കിയുള്ള ദ്വിദിന വിദ്യാഭ്യാസ ശില്പശാല, തൃശ്ശൂർ നെല്ലിക്കുന്ന് ശ്രീരവി വർമ്മ മന്ദിരത്തിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു കൃഷ്ണൻനായർ.




ദേശീയ വിദ്യാഭ്യാസ നയത്തിനെതിര അഖിലേന്ത്യ സേവ് എജ്യുക്കേഷൻ കമ്മിറ്റി രൂപപ്പെടുത്തിയ ബദൽ ജനകീയ വിദ്യാഭ്യാസ കരട് നയത്തെ ആധാരമാക്കി നടന്ന ശിൽപശാല സാഹിത്യ അക്കാദമി മുൻ സെക്രട്ടറി ഡോ.പി.വി.കൃഷ്ണൻനായർ ഉദ്ഘാടനം ചെയ്യുന്നു.

മനുഷ്യൻ ആർജ്ജിക്കേണ്ട മഹത്തായതെല്ലാം ഇല്ലാതാക്കുന്ന ഒരു കാലമാണിത്. പഠിച്ച കള്ളന്മാരെ സൃഷ്ടിക്കുന്ന വിദ്യാഭ്യാസത്തെ മാറ്റി, സ്നേഹത്താൽ പ്രചോദിതവും ജ്ഞാനത്താൽ നിയന്ത്രിതവുമായ വിദ്യാഭ്യാസം പകരം വയ്ക്കണമെന്നും അദ്ദേഹം പറഞ്ഞു. കേവലം അനുസരണ ശീലമുള്ള പൗരന്മാരെ സൃഷ്ടിക്കുകയല്ല, നല്ല മനുഷ്യരെ സൃഷ്ടിക്കുന്നതായിരിക്കണം വിദ്യാഭ്യാസമെന്നും അദ്ദേഹം വിശദീകരിച്ചു.

ജനാധിപത്യ രാജ്യത്ത് വിദ്യാഭ്യാസത്തിന്റെ സാമ്പത്തിക ഉത്തരവാദിത്തം പൂർണ്ണമായും കേന്ദ്ര-സംസ്ഥാന സർക്കാരുകളാണ് വഹിക്കേണ്ടത് എന്നത് തർക്കമറ്റ കാര്യമാണ്. എന്നാൽ, വിദ്യാഭ്യാസത്തിന്റെ നടത്തിപ്പിലോ അതിന്റെ ഉള്ളടക്കത്തിലോ ഒരു സർക്കാരും ഇടപെടാൻ പാടില്ലെന്ന് സേവ് എജ്യുക്കേഷൻ കമ്മിറ്റി സംസ്ഥാന വൈസ് പ്രസിഡന്റ് എം.ഷാജർഖാൻ ബദൽ വിദ്യാഭ്യാസ നയരേഖ അവതരിപ്പിച്ചുകൊണ്ട് പറഞ്ഞു. വിദ്യാഭ്യാസത്തെ ഒരു കേന്ദ്രവിഷയമാക്കാൻ മോദി സർക്കാർ ശ്രമിക്കയാണ്. നിലവിലുള്ള കൺകറന്റ് സബ്ജെക്റ്റ് എന്ന സ്ഥാനത്തുനിന്നും സംസ്ഥാന വിഷയമെന്ന നിലയിൽ സ്റ്റേറ്റ് ലിസ്റ്റിലേക്ക് മാറ്റണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു. വിദ്യാഭ്യാസ വിചക്ഷണരും വിഷയ വിദഗ്ധരും ആയിരിക്കണം പാഠ്യപദ്ധതിയും സിലബസും രൂപപ്പെടുത്തേണ്ടതെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു.

സേവ് എജ്യുക്കേഷൻ കമ്മിറ്റി സംസ്ഥാന പ്രസിഡന്റ് പ്രൊഫ. ജോർജ് ജോസഫ് അധ്യക്ഷത വഹിച്ചു. ഡോ.കൃഷ്ണകുമാരി, പ്രൊഫ.ജയലക്ഷ്മി ഉണ്ണിത്താൻ, വി.എസ്.ഗിരീശൻ, അഡ്വ.ബി.കെ.രാജഗോപാൽ, ഡോ.എം.ജ്യോതിരാജ്, ഡോ. പി.എസ്.ബാബു തുടങ്ങിയവർ ഉദ്ഘാടന സെഷനിൽ പങ്കെടുത്തു. സംസ്ഥാന സെക്രട്ടറി അഡ്വ.ഇ.എൻ.ശാന്തിരാജ് സ്വാഗതം പറഞ്ഞു.

രണ്ടുദിവസം നീണ്ടുനിന്ന ശില്പശാലയിൽ പ്രീ പ്രൈമറി, സ്കൂൾ, ഭാഷാനയം, ബദൽ ജനകീയ വിദ്യാഭ്യാസ നയത്തിലെ അവശ്യഘടകങ്ങൾ, ഉന്നതവിദ്യാഭ്യാസ മേഖല, അദ്ധ്യാപക വിദ്യാഭ്യാസം, തൊഴിലധിഷ്ഠിത വിദ്യാഭ്യാസം, സർവകലാശാല വിദ്യാഭ്യാസം, സ്വയംഭരണം, ജനാധിപത്യ വിദ്യാഭ്യാസം തുടങ്ങിയ വിഷയങ്ങൾ വിശദമായി ചർച്ചചെയ്യപ്പെട്ടു. ഡോ.കെ. കൃഷ്ണകുമാരി, ലക്ഷ്മി സ്നേഹലത, അശോകകുമാർ.വി, ഡോ. എസ്.അലീന, ഡോ.എം.ജ്യോതിരാജ്, കെ.വി.മനോജ്, ഡോ. സ്മിത പി.കുമാർ, നിഖിൽ സജി, എം.കെ.ഷെഹ്സാദ്, ഡോ.വൈ. ജോൺസൻ, ഡോ. ശ്രീകുമാരൻ, ബിനു ബേബി, മണികണ്ഠൻ തുടങ്ങിയവർ വിവിധ വിഷയങ്ങൾ അവതരിപ്പിച്ചു. ഡോ.എം. ജ്യോതിരാജ്, ഡോ.എം.പ്രദീപൻ, ബാബുരാജ്, സി.ഷീബ എന്നിവർ വിവിധ സെഷനുകളിൽ മോഡറേറ്റർമാരായി. അബ്ദുൾനവാസ് നന്ദി രേഖപ്പെടുത്തി. ■

## സിൽവർ ലൈൻ പദ്ധതി പിൻവലിക്കുക; ഇ.ശ്രീധരന്റെ പുതിയ നിർദ്ദേശം തള്ളിക്കളയുക

# പ്രതിഷേധ ദിനം ആചരിച്ചു

**സി**ൽവർ ലൈൻ പദ്ധതിക്ക് ബദലായി സംസ്ഥാന സർക്കാർ അനുമതി തേടാൻ ശ്രമിക്കുന്ന ഇ.ശ്രീധരന്റെ പദ്ധതി നിർദ്ദേശം കെ റെയിൽ സിൽവർ ലൈൻ വിരുദ്ധ ജനകീയ സമതി പ്രവർത്തകർ കത്തിച്ചു. കേരളം തള്ളിക്കളഞ്ഞ വിനാശ പദ്ധതി മറ്റൊരു പേരിൽ നടപ്പിലാക്കാനുള്ള സംസ്ഥാന സർക്കാരിന്റെ ശ്രമമാണ് ഇ.ശ്രീധരന്റെ പേരിൽ കൊണ്ടുവരാൻ ശ്രമിക്കുന്നതെന്ന് സമരസമിതി ആരോപിച്ചു. ആലുവ ബാങ്ക് ജംഗ്ഷനിൽ നടന്ന പ്രതിഷേധ പരിപാടി സമിതി കോട്ടയം ജില്ലാ ചെയർമാൻ ബാബു കുട്ടൻചിറ ഉദ്ഘാടനം ചെയ്തു. സംസ്ഥാന സമിതി അംഗം എ.ഒ. പൗലോ പദ്ധതി നിർദ്ദേശം കത്തിച്ചു. ജില്ലാ ചെയർമാൻ വിനു കുര്യാക്കോസ് അദ്ധ്യക്ഷത വഹിച്ചു.

സിൽവർ ലൈൻ പദ്ധതി ഉപേക്ഷിക്കുക, ഇ.ശ്രീധരന്റെ പുതിയ പദ്ധതി നിർദ്ദേശം തള്ളിക്കളയുക തുടങ്ങിയ ആവശ്യങ്ങളെ മുൻനിർത്തി കെ റെയിൽ സിൽവർ ലൈൻ വിരുദ്ധ ജനകീയ സമിതി ജൂൺ 28 സംസ്ഥാന പ്രതിഷേധ ദിനമായി ആചരിച്ചു. ■




സിൽവർ ലൈൻ പദ്ധതിക്ക് ബദലായി സംസ്ഥാന സർക്കാർ അനുമതി തേടാൻ ശ്രമിക്കുന്ന ഇ.ശ്രീധരന്റെ പദ്ധതി നിർദ്ദേശത്തിന്റെ കോപ്പി കെറെയിൽ സിൽവർലൈൻ വിരുദ്ധ ജനകീയ സമിതി സംസ്ഥാന കമ്മിറ്റിയംഗം എ.ഒ.പൗലോ കത്തിക്കുന്നു.




സിൽവർ ലൈൻ പദ്ധതിക്ക് ബദലായി സംസ്ഥാന സർക്കാർ അനുമതി തേടാൻ ശ്രമിക്കുന്ന ഇ.ശ്രീധരന്റെ പദ്ധതി നിർദ്ദേശത്തിനെതിരെ കോട്ടയം ഗാന്ധി സ്ക്വയറിൽ നടന്ന പ്രതിഷേധ സംഗമത്തിൽ കെറെയിൽ സിൽവർലൈൻ വിരുദ്ധ ജനകീയ സമിതി ജില്ലാ രക്ഷാധികാരി മിനി കെ. ഫിലിപ്പ് പ്രസംഗിക്കുന്നു.

# എഐഡിവൈഒ 60-ാം വാർഷിക ആചരണ പ്രവർത്തനങ്ങൾക്ക് തുടക്കമായി

**ഇ**ന്ത്യൻ മണ്ണിലെ വിപ്ലവ യുവജന പ്രസ്ഥാനം ആൾ ഇന്ത്യ ഡെമോക്രാറ്റിക് യൂത്ത് ഓർഗനൈസേഷൻ, എഐഡിവൈഒയുടെ 59-ാം സ്ഥാപന ദിനാചരണത്തിന്റെ ഭാഗമായും ഒരു വർഷം നീളുന്ന അറുപതാം വാർഷിക ആചരണത്തിന്റെ തുടക്കം എന്ന നിലയിലും 59-ാം സ്ഥാപന ദിനമായ 2025 ജൂൺ 26 രാവിലെ പ്രതികൂല കാലാവസ്ഥയെ അതിജീവിച്ചും സംസ്ഥാന വ്യാപകമായി കൊടി ഉയർത്തി.




എഐഡിവൈഒ സംഘടിപ്പിച്ച ഏകദിന പഠനപരിപാടിയിൽ സംസ്ഥാന പ്രസിഡന്റ് ഇ.വി.പ്രകാശ് പ്രസംഗിക്കുന്നു.

തുടർന്ന് ജൂൺ 29ന് ഹരിപ്പാട് മുട്ടം നേതാജി സാമൂഹ്യ സാംസ്കാരിക പഠന കേന്ദ്രത്തിൽ ഏകദിന പഠന പരിപാടി സംഘടിപ്പിച്ചു. സഖാവ് ശിബ്ദാസ് ഘോഷിന്റെ 'വിദ്യാർത്ഥികളുടെയും യുവാക്കളുടെയും കർത്തവ്യങ്ങൾ' എന്ന പുസ്തകത്തെ അധികരിച്ച് ചർച്ചകൾ നടന്നു. വളരെ സജീവവും ക്രിയാത്മവുമായ ചർച്ചകളിൽ എല്ലാ പ്രവർത്തകരും പങ്കെടുത്തു. സംസ്ഥാന പ്രസിഡന്റ് ഇ.വി.പ്രകാശ് അധ്യക്ഷത വഹിച്ചു. അധ്യക്ഷ പ്രസംഗത്തിൽ തൊഴിലില്ലായ്മ ഉൾപ്പെടെയുള്ള, ഇന്നത്തെ സാമൂഹ്യ അനീതികൾക്കും ചൂഷണത്തിനുമെതിരെ രാജ്യവ്യാപകമായി കരുത്തുറ്റ യുവജന മുന്നേറ്റം സംഘടിപ്പിക്കുന്നതിനായി എഐഡിവൈഒയെ ശക്തിപ്പെടുത്തണമെന്ന് അദ്ദേഹം ആഹ്വാനം ചെയ്തു. ഈ ലക്ഷ്യത്തോടുകൂടി ഒരു വർഷം നീണ്ടുനിൽക്കുന്ന ആചരണ പരിപാടി സംഘടിപ്പിക്കുമെന്നും അദ്ദേഹം പ്രഖ്യാപിച്ചു. രാജ്യവ്യാപകമായി നടക്കുന്ന ആചരണ പരിപാടികൾ വൻ വിജയമാക്കി മാറ്റാനുള്ള പരിശ്രമങ്ങളിൽ ഏവരും മുഴുകണമെന്നും അദ്ദേഹം അഭ്യർത്ഥിച്ചു.

ആലപ്പുഴ ജില്ലാ പ്രസിഡന്റ് കെ.ബിമൽജി 'വിദ്യാർത്ഥികളുടെ യുവാക്കളുടെയും കർത്തവ്യങ്ങൾ' എന്ന പുസ്തകം അവതരിപ്പിച്ചുകൊണ്ട് സംസാരിച്ചു. സംസ്ഥാന സെക്രട്ടറി സഖാവ് പി. കെ.പ്രഭാഷ് സ്വാഗത പ്രസംഗം നടത്തി. സംസ്ഥാന സെക്രട്ടറിയേറ്റ് അംഗങ്ങളായ ടി.ഷിജിൻ, രജിത ജയറാം എന്നിവരും പ്രസംഗിച്ചു. ■

Volume: 52 No:3 | Printed and published by Jaison Joseph on behalf of State Organising Committee, Socialist Unity Centre of India (Communist) and printed at Cochin Print Tech Pvt. Ltd., Udyogamandal, Eloor, Cochin-683501, and published at Trivandrum, TC 12/1242, Law College Jn, Kunnukuzhi, Vanchiyoor P.O, Thiruvananthapuram Dist, Kerala, Pin: 695035, Phone: 0471-3557684. Editor: Jaison Joseph.